بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ     نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ     وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാള്യം 6 | ലക്കം 44

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 നവംബർ 04/ഹി.ശം. 1400 നുബുവ്വത്ത് 04/1443 റബീഉൽ അവ്വൽ 28


## അല്ലാഹുവിന്റെ വചനം

وَاَطِیۡعُوا اللّٰہَ وَاَطِیۡعُوا الرَّسُوۡلَ وَاحۡذَرُوۡا ۚ فَاِنۡ تَوَلَّیۡتُمۡ فَاعۡلَمُوۡۤا اَنَّمَا عَلٰی رَسُوۡلِنَا الۡبَلٰغُ الۡمُبِیۡنُ ○

(المائدہ:93)

'നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ. ഈ ദൂതനേയും അനുസരിക്കുവിൻ. നിങ്ങൾ ജാഗ്രതയുള്ളവരായിരിക്കുക. ഇനി നിങ്ങൾ പിന്തിരിഞ്ഞുകളയുന്ന പക്ഷം അറിഞ്ഞുകൊള്ളുക, നമ്മുടെ ദൂതന്റെ കർത്തവ്യം (സന്ദേശം) വ്യക്തമായ നിലയിൽ എത്തിക്കുകമാത്രമാണ്.'(5:93)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്റിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

**യാചനയെ അപലപിക്കലും അതിൽനിന്ന് രക്ഷപ്പെടാനുള്ള പ്രേരണയും**

(1480)ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:'നിങ്ങളിൽ ഒരാൾ കയറെടുത്ത് പിന്നീടു രാവിലെ മലയിലേക്ക് പോകുകയും വിറകുശേഖരിക്കുകയും പിന്നീട് അത് വില്ക്കുകയും തിന്നുകയും ധർമം നല്കുകയും ചെയ്യുന്നത് ജനങ്ങളോടു യാചിക്കുന്നതിനെക്കാൾ ഉത്തമമാണ്.

**സ്വന്തം സ്വദഖ ചെയ്ത വസ്തു വാങ്ങാൻ പാടില്ല**

(1489)ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ) വിവരിക്കുന്നു: ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ) അല്ലാഹുവിന്റെ മാർഗത്തിൽ ഒരു കുതിരയെ സ്വദഖ കൊടുത്തു. പിന്നീട് അദ്ദേഹം അത് നല്കപ്പെവൻ അതിനെ വില്ക്കുന്നത് ഉമർ(റ)കണ്ടു. അതിങ്ങോട്ടു തന്നെ വിലക്കുവാങ്ങാൻ ഹദ്റത്ത് ഉമർ ഉദ്ദേശിച്ചു. പിന്നീട് നബി(സ)തിരുമേനിയുടെ അടുത്തുപോയി അനുവാദം ചോദിച്ചു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'നിന്റെ സ്വദഖ(ദാനധർമം)നീ തിരിച്ചു വാങ്ങരുത്.' *(സ്വഹീഹ് ബുഖാരി, വാള്യം 3, കിതാബുസ്സക്കാത്ത്, പ്രസാധനം 2008 ഖാദിയാൻ)*

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

**The Weekly BADR Qadian (Malayalam)**

**നൂറുൽ ഇസ്ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**TOLL FREE NUMBER**
**1800 3010 2131**

**ഈ ലക്കത്തിൽ**


ജുമുഅ ഖുത്വ്ബ 24-9-2021 സമ്പൂർണ പരിഭാഷ

അമീറുൽമുഅ്മിനീന്റെ യൂറോപ്യൻ പര്യടന റിപ്പോർട്ട്



AHMADIPEDIA ahmadipedia.org Search


**മാനുഷികമായ ബലഹീനതയ്ക്ക് ഒരു നിലനില്പുമില്ല. അല്ലാഹുവിന്റെ അനുഗ്രഹവും സഹായവുമില്ലാതെ അവന് ഒരു ചുവടുപോലും നടക്കാൻ സാധിക്കുകയില്ല. അവൻ ഇത്രമാത്രം ബലഹീനതകളുടെ ഉന്നവും സമാഹാരവുമാകുമ്പോൾ അവന്റെ സമാധാനത്തിനും സൗഖ്യത്തിനുമുള്ള എളുപ്പവഴി അല്ലാഹുവുമായി അവൻ ചെയ്യുന്ന കാര്യങ്ങളെല്ലാം നിർമലമാക്കിവെക്കുക എന്നതാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ദൈവത്തിൽ വിലയം പ്രാപിച്ചവന്റെ സ്ഥാനം**

അല്ലാഹുവിന്റെ അനുഗ്രഹവും സഹായവുമില്ലാതെ മനുഷ്യന് ഒന്നും ചെയ്യാൻ സാധിക്കുകയില്ല. അല്ലാവിലേക്ക് മനുഷ്യൻ വലിച്ചെടുക്കപ്പെടുകയും അല്ലാഹുവിൽ വിലയം പ്രാപിക്കുകയും ചെയ്യുമ്പോൾ അവനിൽനിന്ന് ദൈവികജോലി എന്നു പറയപ്പെടുന്ന പ്രവൃത്തിയുണ്ടാകുന്നു. അവനിൽ അത്യുന്നതമായ പ്രകാശങ്ങൾ വെളിപ്പെടാൻ തുടങ്ങുന്നു. മാനുഷികമായ ബലഹീനതയ്ക്ക് ഒരു നിലനില്പുമില്ല. അല്ലാഹുവിന്റെ അനുഗ്രഹവും സഹായവുമില്ലാതെ അവന് ഒരു ചുവടുപോലും നടക്കാൻ സാധിക്കുകയില്ല. അല്ലാഹുവിൽനിന്ന് സഹായം കിട്ടുന്നില്ലെങ്കിൽ പ്രാഥമിക ആവശ്യത്തിനുശേഷം പൈജാമയുടെ ചരട് കെട്ടാൻപോലും അവന് ശക്തിയില്ലെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. മനുഷ്യൻ തുമ്മുന്നതിനോടൊപ്പംതന്നെ അവന് മരണം സംഭവിക്കുന്ന ഒരു രോഗമുണ്ടെന്ന് ഡോക്ടർമാർ എഴുതിയിട്ടുണ്ട്. തീർച്ചയായും ഓർത്തുകൊള്ളുക!മനുഷ്യൻ ബലഹീനതകളുടെ സമാഹാരമാണ്. അതുകൊണ്ടാണ് അല്ലാഹു ഖുലിഖൽ ഇൻസാന ളയീഫാ (4:29) എന്നു പറഞ്ഞിട്ടുള്ളത്. അവന് അവന്റേതായ ഒന്നുംതന്നെയില്ല. തലമുതൽ കാലുവരെ രോഗ ബാധിക്കാത്തതായ ഒരു അവയവവും അവനിലില്ല. അപ്പോൾ അവൻ ഇത്രമാത്രം ബലഹീനതകളുടെ ഉന്നവും സമാഹാരവുമാകുമ്പോൾ അവന്റെ സമാധാനത്തിനും സൗഖ്യത്തിനുമുള്ള എളുപ്പവഴി അല്ലാഹുവുമായി അവൻ ചെയ്യുന്ന കാര്യങ്ങളെല്ലാം നിർമലമാക്കിവെക്കുകയും അവന്റെ സത്യസന്ധനും ആത്മാർഥനുമായ ദാസനാകുകയും ചെയ്യുക എന്നതാണ്. അതിന് അനിവാര്യമായിട്ടുള്ളത് സത്യസന്ധത സ്വായത്തമാക്കുക എന്നതാണ്. ശാരീരികമായ വ്യവസ്ഥിതിയുടെ സുഖവും സത്യസന്ധതതന്നെയാണ്. സത്യസന്ധതയെ ഉപേക്ഷിക്കുകയും വഞ്ചനകാണിച്ച് കുറ്റകൃത്യങ്ങളെ അഭയത്തിൽകൊണ്ടുവന്ന് കളവിനെ പരിചയാക്കുകയും ചെയ്യുന്നവർ അതികഠിനമായ അബദ്ധത്തിലാണുള്ളത്.

**കളവു സ്വീകരിക്കുമ്പോൾ മനുഷ്യഹൃദയം ഇരുണ്ടുപോകുന്നു.**

ക്ഷണഭംഗുരവും താൽക്കാലികവുമായ എന്തെങ്കിലും ഫലം ഒരു പക്ഷേ, മനുഷ്യൻ മനസ്സിലാക്കും. പക്ഷേ, യഥാർഥത്തിൽ കളവു സ്വീകരിക്കുന്നതുകൊണ്ട് മനുഷ്യന്റെ ഹൃദയം ഇരുണ്ടുപോകുന്നു. ഉള്ളിൽ അതിന് ചിതൽ പിടിക്കുന്നു. ഒരു കളവിനെ തുടർന്നു ധാരാളം കളവുകൾ പിന്നീട് കണ്ടുപിടിക്കേണ്ടിവരുന്നു. കാരണം ആ കളവിന് സത്യത്തിന്റെ നിറം പൂശേണ്ട ആവശ്യമുണ്ട്. ഈ രീതിയിൽ അവന്റെ ഉള്ളിന്റെയുള്ളിൽനിന്ന് ധാർമികപരവും ആത്മീയവുമായ ശക്തികൾ മാഞ്ഞുപോകുന്നു. പിന്നീട് അവൻ എത്രമാത്രം തന്റേടിയും ശൗര്യമുള്ളവനുമാകുന്നുവെന്നാൽ അല്ലഹാവിനെ കുറിച്ചുപോലും കളവുപറയുന്നു. അല്ലാഹുവിന്റെ മുർസലീങ്ങളേയും അല്ലാഹുനിയോഗിച്ചവരേയും നിഷേധിക്കുന്നു. അല്ലാഹുവിന്റെ നോട്ടത്തിൽ അവൻ **അള്ലമ**(ഏറ്റവും വലിയ അക്രമം ചെയ്യുന്നവൻ) യായി നിശ്ചയിക്കപ്പെടുന്നു. **മൻ അള്ലമു മിമ്മനിഫ്തറാ അലല്ലാഹി കദിബൻ ഔ കദ്ദബ ബി ആയാത്തിഹീ**(6:22)അതായത് അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമയ്ക്കുകയോ അവന്റെ ദൃഷ്ടാന്തങ്ങളെ തള്ളിപ്പറയുകയോ ചെയ്യുന്നവനെക്കാൾ വലിയ അക്രമി മറ്റാരാണ്? തീർച്ചയായും ഓർമിച്ചുകൊള്ളുക! കളവ് ഏറ്റവും ചീത്തയായ ബലായാണ്. അത് മനുഷ്യനെ നശിപ്പിച്ചുകളയുന്നു. മനുഷ്യൻ അല്ലാഹുവിന്റെ മുർസലീംകളേയും അവന്റെ ആയത്തുകളേയും നിഷേധിച്ച് അവന്റെ ശിക്ഷയ്ക്ക് അർഹരാകുന്നതിനെക്കാൾ വലിയ ഭയാനകമായ കളവിന്റെ ഫലം എന്തായിരിക്കും? അതുകൊണ്ട് സത്യസന്ധതകൈക്കൊള്ളുക.(മൽഫൂദാത്ത് വാള്യം 1 പേജ് 333, പ്രസാധനം 2018 ഖാദിയാൻ)

**മനുഷ്യന്റെ ജീവിതം കേവലം ഈ ഇഹലോകത്തോടെ അവസാനിക്കുകയാണെങ്കിൽ ഇത്രമാത്രം വലിയ ലോകം അല്ലാഹു സൃഷ്ടിച്ചത് മനുഷ്യൻ ഇതിൽ ജനിക്കുകയും കുറച്ചു ദിവസം തിന്നുകയും കുടിക്കുകയും പിന്നീട് മരിക്കുകയും ചെയ്യുന്നതിനുവേണ്ടി മാത്രമാകും. ഈ വിചാരം ബുദ്ധിക്കു നിരക്കാത്തതാണ്.**

സൂറത്തുൽ ഹിജ്റിന്റെ 86-ാം വചനമായ **വമാ ഖലഖ്നസ്സമാവാത്തി വൽഅർള വമാ ബയ്നഹുമാ ഇല്ലാ ബിൽഹഖ്ഖി വ ഇന്ന സ്സാഅത്ത ല ആത്തിയത്തുൻ ഫസ്വ്ഫഹിസ്സ്വ ഫ്ഹൽജമീല** (ആകാശങ്ങളേയും ഭൂമിയേയും അവയ്ക്കിടയിലുള്ള വസ്തുക്കളേയും ന്യായമായ ആവശ്യാർഥമല്ലാതെ നാം സൃഷ്ടിച്ചിട്ടില്ല. ആ നിശ്ചിതസമയം വരുന്നതുതന്നെയാണ്. അതുകൊണ്ട് നീ (അവർക്ക്) നല്ല നിലയിൽ വിട്ടു വീഴ്ച ചെയ്യുക) എന്നതിനു നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: അതായത് ആകാശങ്ങളുടേയും ഭൂമിയുടേയും സൃഷ്ടിപ്പിൽ ചിന്തിക്കുക. അത് ഉദ്ദേശ്യമൊന്നും കൂടാതെ സൃഷ്ടിച്ചതാണെന്ന് കാണുന്നുണ്ടോ? ഈ വ്യവസായശാലയിൽ ദൃഷ്ടിപായിക്കുന്നതുകൊണ്ട് ഇത്രമാത്രം വലിയ വ്യവസ്ഥിതി എന്തുദ്ദേശ്യത്തിനുള്ളതാണെന്ന് എല്ലാ ഓരോ ബുദ്ധിമാനും മനസ്സിലാക്കാൻ കഴിയും. ഇതിൽനിന്ന് **സാഅത്ത്** (നിശ്ചിത സമയം) തീർച്ചയായും വരുന്നതാണെന്നുള്ള ഫലത്തിലെത്തിച്ചേരാനും കഴിയും. **സാഅത്ത്** എന്ന പദം ഖിയാമത്തിനും ഉപയോഗിക്കാറുണ്ട്. പ്രവാചകന്മാരുടെ ശത്രുക്കളുടെ നാശത്തിന്റേയും അവരെ വിശ്വസിക്കുന്നവരുടെ പുരോഗതിയുടേയും വാഗ്ദത്ത നിമിഷത്തിനുവേണ്ടിയും പറയപ്പെട്ടിരിക്കുന്നു. ഈ വചനത്തിന്റെ ആദ്യഭാഗം രണ്ടു **സാഅത്തി**നുമുള്ള തെളിവെന്ന നിലയിലുള്ളതാണ്. ഭൂമിയുടേയും ആകാശത്തിന്റേയും സൃഷ്ടിപ്പ് ഖിയാമത്തിനും നബിമാരുടെ വിജയത്തിനും അവരുടെ ശത്രുക്കളുടെ നാശത്തിനുമുള്ള തെളിവുമാണ്. ഖിയാമത്തിന്റെ തെളിവാകുന്നത് മനുഷ്യന്റെ ജീവിതം കേവലം ഈ ഇഹലോകത്തോടെ അവസാനിക്കുകയാണെങ്കിൽ ഇത്രമാത്രം വലിയ ലോകം അല്ലാഹു സൃഷ്ടിച്ചത് മനുഷ്യൻ ഇതിൽ ജനിക്കുകയും കുറച്ചു ദിവസം തിന്നുകയും കുടിക്കുകയും


ശേഷം പേജ് 12 ൽ



പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

'അല്ലയോ മുസ്‌ലിമീങ്ങളേ! അല്ലാഹു നിശ്ചയമായും നിങ്ങളോട് ചെയ്ത വാഗ്ദാനം സത്യമായി പൂർത്തിയാക്കിയിരിക്കുന്നു. അവൻ ശത്രുക്കൾക്കെതിരെ നിങ്ങളെ സഹായിച്ചു. നിങ്ങളെ പല രാജ്യങ്ങളുടെയും അവകാശികളാക്കി. നിങ്ങൾക്ക് ഭൂമിയിൽ പ്രബലത നൽകി. ആയതിനാൽ നിങ്ങൾ നിങ്ങളുടെ നാഥന്റെ അനുഗ്രഹങ്ങൾക്കു നന്ദി പറയേണ്ടതുണ്ട്. നിങ്ങൾ അനുസരണക്കേടിന്റെ പ്രവർത്തനങ്ങളിൽനിന്നു വിട്ടു നിൽക്കണം. അനുഗ്രഹങ്ങൾക്ക് നന്ദികേട് കാണിക്കുന്നത് അനുസരണക്കേടാണ്. അല്ലാഹു ഏതെങ്കിലും ജനതക്ക് അനുഗ്രഹങ്ങൾ കൊടുക്കുകയും അവർ അതിന് നന്ദികേടു കാണിക്കുകയും ചെയ്താൽ പെട്ടെന്നുതന്നെ അവർ തൗബ ചെയ്ത് മടങ്ങിയില്ലെങ്കിൽ അവരുടെ അന്തസ്സ് ഇല്ലാതായിത്തീരുകയെന്നത് പതിവാണ്. അതായത് നന്ദികേടിനുശേഷം തൗബ ചെയ്യാതിരുന്നാൽ അവരുടെ സ്ഥാനമാനങ്ങളെല്ലാം തകർന്നുപോകുന്നതാണ്. അവർക്ക് ലഭിച്ച അനുഗ്രഹങ്ങൾ തിരികെ പോകുന്നതാണ്. അവർക്കുമേൽ ശത്രുക്കൾക്ക് അധീശത്വം ലഭിക്കുന്നതാണ്. അല്ലാഹു നിങ്ങൾക്കു നല്കിയിട്ടുള്ള അന്തസ്സ് ഇസ്‌ലാമിന്റെ അന്തസ്സാണ്. നമുക്കു ഇതി മതിയായതാണ്.'

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്, ഫാറൂഖ് അഅ്ളം ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച**

ഹദ്റത്ത് ഉമറിന്റെ ഏലിയായിലേക്കുള്ള യാത്ര, ബയ്ത്തുൽമുഖദ്ദസ് വിജയം, ഹിർഖലിന്റെ ഭാഗത്തുനിന്ന് ഹിംസിന്റെ ഉപരോധവും അതിന്റെ തകർച്ചയും തുടങ്ങിയവയെ കുറിച്ചുള്ള ചർച്ച

**ചൗദ്ദരി സഈദ് അഹ്മദ് ലഖൻ സാഹിബ് retaired സ്റ്റേഷൻ മാസ്റ്റർ, മുഹമ്മദ് ശിഹാബുദ്ദീൻ സാഹിബ് നാഇബ് അമീർ ബംഗ്ലാദേശ്, രാഉൽ അബ്ദുല്ലാഹ് സാഹിബ് അർജന്റയ്ൻ എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.**

**ഖുത്ബ ജുമുഅ 2021 സെപ്റ്റംബർ 24/1400 തബൂക് 24,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۞ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۞
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۞ الرَّحْمٰنِ الرَّحِيْمِ ۞ مٰلِكِ يَوْمِ الدِّيْنِ ۞ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۞
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۞ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۞

ഹദ്റത്ത് ഉമർ(റ)ന്റെ കാലഘട്ടത്തെ കുറിച്ചായിരുന്നു വിവരിച്ചു കൊണ്ടിരുന്നത്. അതിന്റെ തടർച്ചയെന്നോണം ഹിജ്റ വർഷം 15-ൽ സംഭവിച്ച ബയ്ത്തുൽ മുഖദ്ദസ് വിജയത്തെ കുറിച്ച് ഇന്ന് വിവരിക്കുന്നതാണ്. ഹദ്റത്ത് അംറ് ബിൻ ആസിന്റെ നേതൃത്വത്തിൽ ഇസ്‌ലാമിക സേന ബയ്ത്തുൽ മുഖദ്ദസ് ഉപരോധിച്ചപ്പോൾ ഹദ്റത്ത് അബൂഉബയ്ദയുടെ സൈന്യവും അവരോടൊപ്പം വന്നുചേർന്നു. ക്രിസ്ത്യാനികൾ കോട്ട അടച്ചിരിപ്പായിരുന്നു. അവസാനം ഗത്യന്തരമില്ലാതെ അവർ സമാധാന ഉടമ്പടി എന്ന അഭിപ്രായവുമായി മുന്നോട്ടു വന്നു. എന്നാൽ, സമാധാനക്കരാർ നടത്താൻ ഹദ്റത്ത് ഉമർ(റ) സ്വയം അവിടേക്ക് വരണമെന്ന നിബന്ധനയും അവർക്കുണ്ടായിരുന്നു. അതെക്കുറിച്ച് ഹദ്റത്ത് അബൂ ഉബയ്ദ(റ) ഹദ്റത്ത് ഉമർ(റ)നെ അറിയിച്ചു. ഹദ്റത്ത് ഉമർ(റ) സ്വഹാബാക്കളോട് അതുസംബന്ധമായി കൂടിയാലോചന നടത്തി. അദ്ദേഹം പോകണമെന്ന അഭിപ്രായം ആയിരുന്നു ഹദ്റത്ത് അലിക്കുണ്ടായിരുന്നത്. ഹദ്റത്ത് ഉമർ(റ)ന് ആ അഭിപ്രായം ഇഷ്ടപ്പെട്ടു. എന്നിട്ട് ഹദ്റത്ത് അലിയെ അദ്ദേഹം മദീനയിലെ അമീറായി തനിക്കുപകരം നിശ്ചയിക്കുകയും ചെയ്തു. ഹദ്റത്ത് ഉഥ്മാനെ അമീറായി നിശ്ചയിച്ചുവെന്ന് മറ്റൊരു നിവേദനവുമുണ്ട്. അതിനുശേഷം അദ്ദേഹം ബയ്ത്തുൽ മുഖദ്ദസിലേക്ക് പുറപ്പെട്ടു. ഹദ്റത്ത് ഉമർ(റ)ന്റെ ആ യാത്ര ഒരു സാധാരണ യാത്രയായിരുന്നില്ല. ശത്രു ഹൃദയങ്ങളിൽ ഇസ്‌ലാമിന്റെ പ്രൗഢിയും ഉൾഭീതിയും കുടിയിരുത്തണമെന്ന ഉദ്ദേശ്യം അതിനുണ്ടായിരുന്നു. എന്നാൽ, നിവേദനങ്ങളിൽ നിന്നു മനസ്സിലാകുന്നത്, അദ്ദേഹത്തിന്റെ യാത്ര ഭൗതിക പ്രജാപതികളെപോലെ പെരുമ്പറയുടെയും സർവ്വ സൈനീക സന്നാഹനങ്ങളുടെയും അകമ്പടിസേവ കൂടാതെ ഉള്ളതായിരുന്നു. മാത്രമല്ല ഒരു സാധാരണ കൂടാരത്തിനുള്ള സംവിധാനംപോലും ഉണ്ടായിരുന്നില്ല. ഹദ്റത്ത് ഉമർ(റ) ഒരു കുതിരപ്പുറത്ത് യാത്ര ചെയ്യുകയും കൂടെ ഏതാനും മുഹാജിരീങ്ങളും അൻസ്വാറും പോകുകയുമാണുണ്ടായത്. അദ്ദേഹത്തിനോടൊപ്പം അദ്ദേഹത്തിന്റെ ഒരു ഭൃത്യൻ മാത്രമായിരുന്നു ഉണ്ടായിരുന്നതെന്ന് ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. കുറച്ചു ധാന്യപ്പൊടിയും മരംകൊണ്ടുള്ള ഒരു പാനപാത്രവുമുണ്ടായിരുന്നു. അദ്ദേഹം ഒട്ടകപുറത്തായിരുന്നു സവാരി ചെയ്തിരുന്നത്. എന്നിട്ടുകൂടി ഹദ്റത്ത് ഉമർ(റ) മദീനയിൽ നിന്നു ബയ്ത്തുൽ മുഖദ്ദസ് ലക്ഷ്യമാക്കി പുറപ്പെട്ടിരിക്കുന്നുവെന്ന വാർത്ത ലഭിച്ചിടത്തെല്ലാം ഭൂമി പ്രകമ്പനം കൊണ്ടിരുന്നു. *(താരീഖ് ഇബ്നു ഖൽദൂൻ മുത്തർജിം വാള്യം 3, ഭാഗം 1, പേജ് 207, പ്രസാധകർ ദാറുൽ ഇശാഅത്ത് കറാച്ചി 2009)*

ഇതിനെ കുറിച്ച് ഇവിടെ ഒരു ലഘു യാത്രാവിവരണം മാത്രമേ പറഞ്ഞിട്ടുള്ളു. ഈ നിവേദനങ്ങളിൽ കൂടുതൽ വിശദശാംശങ്ങൾ കൊടുത്തിട്ടില്ല. എന്തായാലും ബയ്ത്തുൽ മുഖദ്ദസ് അടങ്ങിയ ഒരു പട്ടണമാണ് ഏലിയാ. അതിനെ ഉപരോധിച്ചതാര്? ഹദ്റത്ത് ഉമർ(റ)നോട് ബയ്ത്തുൽ മുഖദ്ദസിലേക്ക് എഴുന്നെള്ളാൻ അപേക്ഷിച്ചതാര്? എന്നിവയെ കുറിച്ച് ചരിത്രകാരനായ ത്വബരി എഴുതിയുട്ടുള്ളത് ഇങ്ങനെയാണ്: 'സഹായം എത്തിച്ചു കൊടുക്കാൻ അഭ്യർഥിച്ച് ഹദ്റത്ത് ഉമർ(റ) ബിൻ ഖത്ത്വാബിന്, ഹദ്റത്ത് അംറ് ബിൻ ആസ് കത്തെഴുതുകയുണ്ടായി. ആ കത്തിൽ ഒരു ഘോരയുദ്ധം നടക്കാനിടയുണ്ടെന്ന് ഹദ്റത്ത് അംറ് സൂചിപ്പിച്ചിരുന്നു. അതുപോലെ ഒരുപാട് നഗരങ്ങളിൽ യുദ്ധം ഇനിയും ബാക്കിയാണ്. അങ്ങയുടെ വിലയേറിയ നിർദേശം പ്രതീക്ഷിക്കുന്നു.' ഹദ്റത്ത് ഉമർ(റ)ന് ആ കത്ത് ലഭിച്ചപ്പോൾ ഹദ്റത്ത് അംറ് എല്ലാ വിവരങ്ങളും കൃത്യമായി ശേഖരിച്ച ശേഷമാണ് ഇങ്ങനെ ഒരു കത്തെഴുതിയിട്ടുള്ളതെന്ന് ബോധ്യമായി. ശേഷം ഹദ്റത്ത് ഉമർ(റ) തന്റെ യാത്ര പുറപ്പെടുന്നതിനെക്കുറിച്ച് ജനങ്ങളിൽ വിളംബരം നടത്തുകയും തുടർന്ന് യാത്ര പുറപ്പെടുകയും ചെയ്തു. *(താരീഖ് അത്ത്വബരി വാള്യം 2, ഭാഗം 2, പേജ് 804, പ്രസാധകർ ദാറുൽ ഇശാഅത്ത് കറാച്ചി 2004)* ചരിത്രത്തിൽ ഇങ്ങനെയും ത്വബരി എഴുതിയിട്ടുണ്ട്. ഹദ്റത്ത് ഉമർ(റ)സിറിയയിലേക്ക് പുറപ്പെട്ടതിന്റെ യഥാർഥ കാരണം ഈ പറയുന്നതാണ്. ഹദ്റത്ത് അബൂഉബയ്ദ ബയ്

ത്തുൽ മുഖദ്ദസിലെത്തിയപ്പോൾ തദ്ദേശ വാസികൾ അദ്ദേഹത്തോട് സിറിയയിലെ മറ്റുനഗരങ്ങളുമായി നടത്തിയ അനുരഞ്ജന ഉടമ്പടികളോടെതന്നെ അവരുമായും സന്ധിയിലാകണമെന്ന് ആവശ്യപ്പെടുകയും അതുകൂടാതെ ഈ സമാധാന ഉടമ്പടി നടത്തുന്നതിന് മുസ്‌ലിം പക്ഷത്തുനിന്നു ഇസ്ലാമിന്റെ പരമോന്നത നേതാവ് എന്ന നിലയിൽ ഹദ്റത്ത് ഉമർ(റ) നേരിട്ട് സന്നിഹിതനാകണമെന്നും അവർ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. ഹദ്റത്ത് അബൂ ഉബയ്ദയുടെ കത്ത് ലഭിച്ചപ്പോൾ ഹദ്റത്ത് ഉമർ(റ)മദീനയിൽ നിന്നു യാത്ര പുറപ്പെട്ടു. *(താരീഖ് അത്ത്വബരി വാള്യം 2, ഭാഗം 2, പേജ് 449, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012)(മുഅ്ജമുൽ ബുൽദാൻ വാള്യം 1, പേജ് 348, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് അബൂ ഉബയ്ദയുടെ നിവേദനത്തിൽ ചില ചരിത്രകാരന്മാർ തൃപ്തരല്ല. മുഹമ്മദ് ഹുസയ്ൻ ഹയ്ക്കൽ ഇതു സംബന്ധമായി ഇങ്ങനെ എഴുതുന്നു: 'ഹദ്റത്ത് ഖാലിദ് ബിൻ വലീദ് അല്ലെങ്കിൽ ഹദ്റത്ത് അബൂഉബയ്ദ ബിൻ ജർറാഹ് എന്നിവരിൽ ഒരാളോ അതോ രണ്ടുപേരും ഒരുമിച്ചോ ബയ്ത്തുൽ മുഖദ്ദസ് ഉപരോധിച്ചു എന്ന വിവരണം, അത് ത്വബരിയും ഇബ്നു അഥീറും ഇബ്നു കഥീറും മറ്റും ഉദ്ധരിച്ചുട്ടുള്ളതാണെങ്കിൽക്കൂടി ഈ നിവേദനം യാഥാർഥ്യത്തിൽ നിന്നു അകലെയാണെന്ന് മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. ത്വബരിയിൽ ഇപ്രകാരം ഒരു നിവേദനമുണ്ട്. ഹദ്റത്ത് ഉമർ(റ) സിറിയയിലേക്ക് വന്നതിന്റെ കാരണം ഇങ്ങനെയാണ് പറയപ്പെടുന്നത്. ഹദ്റത്ത് അബൂ ഉബയ്ദ(റ) ബയ്ത്തുൽ മുഖദ്ദസ് ഉപരോധിച്ചപ്പോൾ അവിടെയുള്ള നഗരവാസികൾ അദ്ദേഹത്തോട് സിറിയയിലെ ഇതര പ്രദേശവാസികളുമായി ഏർപ്പെട്ട അതേ സമാധാന സന്ധിയിൽ തങ്ങളുമായും രഞ്ജിപ്പിൽ ഏർപ്പെടണം എന്നപേക്ഷിക്കുകയുണ്ടായി. എന്നാൽ, അതോടൊപ്പം ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ് നേരിട്ട് സന്നിഹിതനായി ഉടമ്പടിയുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കണമെന്നൊരു നിബന്ധനയും അവർ മുന്നോട്ട് വെച്ചു. ഹദ്റത്ത് അബൂ ഉബയ്ദ(റ) അതെക്കുറിച്ച് ഖലീഫയ്ക്ക് സന്ദേശമയച്ചു. അങ്ങനെ ഹദ്റത്ത് ഉമർ(റ) മദീനയിൽ നിന്നു പുറപ്പെട്ടു. ഹയ്ക്കൽ എഴുതുന്നത് ബയ്ത്തുൽ മുഖദ്ദസ് ഉപരോധിച്ചത് ഹദ്റത്ത് അബൂ ഉബയ്ദയും ഹദ്റത്ത് ഖാലിദും ആണെന്ന നിവേദനം വസ്തുതകൾക്ക് വിരുദ്ധമാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു എന്നാണ്. കാരണം ആ സമയത്ത് ഇരുവരും ഹിംസ്, ഹലബ്, അൻത്വാക്കിയ അതുപോലെ അവയോട് അടുത്തുള്ള പട്ടണങ്ങൾ എന്നിവിടങ്ങളിൽ വിജയകരമായ മുന്നേറ്റങ്ങൾ നടത്തുന്നതിൽ വ്യാപൃതരായിരുന്നു. അപ്രകാരം അവർക്കെതിരെ ഹിർഖൽ റുഹാഅ് എന്ന സ്ഥലത്ത് സൈന്യങ്ങൾ ഒരുമിച്ചു കൂട്ടുകയും അവർക്കുമേൽ യുദ്ധത്തിൽനിന്നു പിന്തിരിയുന്നതിനുവേണ്ടി സമ്മർദ്ദം ചെലുത്തുകയുമായിരുന്നു. ബയ്ത്തുൽ മുഖദ്ദസ് ഉപരോധം നടന്ന അതേ സമയത്ത് ഹിജ്റ15-ൽ അതായത് ക്രിസ്ത്വാബ്ദം 636-ലാണ് ഈ സംഭവങ്ങളും നടക്കുന്നത്. അദ്ദേഹം എഴുതുന്നു, ബയ്ത്തുൽ മുഖദ്ദസിന്റെ ഉപരോധം ആ വർഷം ഒരുപാടു മാസങ്ങളോളം നീണ്ടുനിന്നു എന്നതും ശരിതന്നെയാണ്. ആ വർഷം ഈ രണ്ടു സൈന്യാധിപന്മാരും സിറിയയുടെ അതിർത്തിപ്രദേശങ്ങളിൽ ശക്തമായ മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുകയും ഹിർഖലിനെ തന്റെ രാജധാനിയിലേക്ക് അപയം പ്രാപിക്കാൻ അവർ നിർബന്ധിതരാക്കുകയും ചെയ്തു. അങ്ങനെയിരിക്കെ ഇവർ ഇരുവരും ഇക്കാര്യത്തിൽ വ്യാപൃതരായിരുന്ന നേരത്ത് രണ്ടു പേരുമോ അല്ലെങ്കിൽ ഒരാളോ ബയ്ത്തുൽ മുഖദ്ദസ് ഉപരോധിച്ചു എന്ന് പറയുന്നത് അംഗീകരിക്കാവതല്ല. അതുകൊണ്ട് ആ നിവേദനം തള്ളിക്കളയേണ്ടതാണ്. ഇനി അവശേഷിക്കുന്നത് ദീർഘകാലം തുടർന്നുപോന്ന ബയ്ത്തുൽ മുഖദ്ദസ് ഉപരോധം നടത്തിയത് ഹദ്റത്ത് അംറ് ബിൻ ആസ് ആയിരുന്നു എന്ന നിവേദനമാണ്. ത്വബരിയും ആദ്യം ഇതേക്കുറിച്ച് എഴുതിയതിനുശേഷം വിവരിക്കുന്നത് ബയ്ത്തുൽ മുഖദ്ദസ് തദ്ദേശവാസികൾ വളരെ ആവേശത്തോടും തീവ്രതയോടുംകൂടി മുസ്‌ലിമീങ്ങളെ നേരിട്ടുവെന്നാണ്. ഈ നിവേദനമാണ് നമ്മുടെ അഭിപ്രായത്തിലും ശരിയായിട്ടുള്ളത്. കാരണം എല്ലാ കാലത്തും ബയ്ത്തുൽ മുഖദ്ദസിനെ ആക്രമിക്കുന്നവരോട് അവിടുത്തുകാരുടെ നിലപാട് ഇതുതന്നെയായിരുന്നു. *(ഹദ്റത്ത് ഉമർ ഫാറൂഖെ അഅ്ളം, മുഹമ്മദ് ഹുസയൻ ഹയ്ക്കൽ, പേജ് 365-366, പ്രസാധകർ ഇസ്ലാമീ കുതുബു ഖാന ലാഹോർ)*

മുഹമ്മദ് ഹുസയ്ൻ ഹയ്ക്കൽ തുടർന്നെഴുതുന്നു: 'ഹദ്റത്ത് ഉമർ(റ)വെറും സന്ധി ഉടമ്പടിയുടെ പൂർത്തീകരണത്തിനും കരാർ പത്രിക നടപ്പിൽ വരുത്തുന്നതിനും വേണ്ടി സൈന്യസമേതം അങ്ങോട്ട് പുറപ്പെട്ടു വെന്നത് വിചിത്രമായിരിക്കുന്നു. അതുപോലെ ബയ്ത്തുൽ മുഖദ്ദസ് നിവാസികൾ സന്ധി ഉടമ്പടിയുടെ പൂർത്തീകരത്തിന് മദീനയിൽ നിന്നു ഹദ്റത്ത് ഉമർ വരണമെന്ന് ആവശ്യപ്പെട്ട കാര്യവും അമ്പരപ്പുളവാക്കുന്നു. കാരണമെന്തെന്നാൽ മദീനയിൽനിന്നു ഒരു സൈന്യം തുടർച്ചയായി യാത്ര ചെയ്താലും അവിടെയെത്താൻ പൂർണമായും മൂന്നാഴ്ചകൾ എടുക്കുന്നതാണ്. അതുകൊണ്ട് എനിക്ക് ശരിയായി തോന്നുന്ന കാര്യം ഇതാണ്, ഉപരോധം നീണ്ടുപോയ കാരണത്താലും ഹദ്റത്ത് അംറ് ബിൻ ആസ് ശത്രുപക്ഷത്തിന്റെ ശക്തിയെ കുറിച്ചെഴുതി നിരന്തരം സഹായമെത്തിക്കാനുള്ള സന്ദേശം അയച്ചുകൊണ്ടിരുന്നതിനാലും ഹദ്റത്ത് ഉമറിന്റെ ക്ഷമ നെല്ലിപ്പടി കണ്ടിരുന്നുവെന്നാണ്. അതുകൊണ്ട് പുതിയ പോഷക സൈന്യത്തെ ആവശ്യപ്പെട്ടപ്പോൾ അതോടൊപ്പം ഹദ്റത്ത് ഉമറും യാത്ര പുറപ്പെട്ടു. എന്നിട്ട് സിറിയയിലെ മരുഭൂമികളുടെയും ജോർദാൻ ഭൂപ്രദേശത്തിന്റേയും മധ്യത്തിലുള്ള ജാബിയ എന്ന സ്ഥലത്ത് അദ്ദേഹം തമ്പടിച്ചു. അപ്പോഴേക്കും ഹദ്റത്ത് അബൂ ഉബയ്ദയും ഹദ്റത്ത് ഖാലിദും സിറിയൻ വിജയം നേടിക്കഴിഞ്ഞിരുന്നു. ജാബിയയിൽ എത്തിച്ചേരാനായി ഹദ്റത്ത് ഉമർ(റ) അവരിരുവരോടും കല്പിച്ചു. അങ്ങനെ അദ്ദേഹം അവരോടും മറ്റു സേനാധിപന്മാരോടും കൂടിയാലോചന നടത്തിയശേഷം ബയ്ത്തുൽ മുഖദ്ദസ് ദൗത്യം വിജയകരമാക്കാൻ ഫലപ്രദമായൊരുവഴി കണ്ടെത്തി. അത്ർബൂൻ, സ്വഫ്ർന്യൂസ് എന്നിവർക്ക് ഹദ്റത്ത് ഉമറിന്റെ വരവിനെ കുറിച്ച് അറിവ് ലഭിച്ചു.

ഈ പേരുകളുടെ കാര്യത്തിലും അഭിപ്രായ ഭിന്നതകളുണ്ട്. അറബി ഗ്രന്ഥങ്ങളിൽ അർത്വബൂന എന്നാണ് പേര് വന്നിട്ടുള്ളത്. എന്നാൽ, ഹയ്ക്കലിന്റെ അഭിപ്രായത്തിൽ അത് ശരിയല്ല. അദ്ദേഹത്തിന്റെ ഗവേഷണ പ്രകാരം അത്ർബൂന, സ്വഫ്ർന്യൂസ് എന്നിവയാണ് ശരിയായ പേരുകൾ. അറബി ഗ്രന്ഥങ്ങളിൽ സ്വഫ്റുവന്യൂസ് എന്നാണെഴുതിയിട്ടുള്ളത്. എന്തായാലും ഇദ്ദേഹം പറയുന്നു:ഹദ്റത്ത് ഉമർ(റ) എന്തെങ്കിലും വഴി കണ്ടെത്തുന്നതിന് എന്ത് (**strategy**)ഉണ്ടാക്കി. അവർക്ക് ഹദ്റത്ത് അബൂഉബദയ്യുടെയും ഹദ്റത്ത് ഖാലിദിന്റേയും സിറിയയിൽ കാഴ്ചവെച്ച പ്രകടനങ്ങളെ കുറിച്ച് അറിവ് ലഭിച്ചു. ഇദ്ദേഹം എഴുതുന്നു: 'ഹദ്റത്ത് ഉമർ നടത്തിയ പദ്ധതി ആസൂത്രണവും ഹദ്റത്ത് അബൂ ഉബയ്ദയുടെയും ഹദ്റത്ത് ഖാലിദിന്റേയും സിറിയൻ വിജയങ്ങളുമെല്ലാം എന്തായിരുന്നുവെന്ന് ശത്രുപക്ഷത്തുണ്ടായിരുന്ന ഇവർ രണ്ടുപേർക്കും മനസ്സിലായപ്പോൾ ബയ്ത്തുൽ മുഖദ്ദസിൽ ഇനി തങ്ങൾക്ക് അധികം പിടിച്ചു നിൽക്കാൻ സാധിക്കില്ലെന്ന് ബോധ്യമായി. അതായത് കൂടുതൽ പ്രയാസങ്ങൾ നേരിടേണ്ടി വരുമെന്ന് അവർ മനസ്സിലാക്കി. അതുകൊണ്ട് അത്ർബൂൻ കുറച്ച് സൈന്യവുമായി ഒളിച്ചും പാത്തും ഈജിപ്തിലേക്ക് കടന്നുകളഞ്ഞു. എന്നാൽ, വൃദ്ധനായ പാതിരി സ്വഫ്ർന്യൂസ് സ്വരക്ഷയ്ക്കായി മുസ്‌ലിമീങ്ങളോട് സന്ധി സംഭാഷണം നടത്താൻ തുടങ്ങി. കാരണം അമീറുൽ മുഅ്മിനീൻ ജാബിയയിൽ തമ്പടിച്ചിട്ടുണ്ടെന്ന് അയാൾക്കറിയാമായിരുന്നു. അതുകൊണ്ടു തന്നെ സമാധാന ഉടമ്പടി രേഖപ്പെടുത്താൻ ഹദ്റത്ത് ഉമർ നേരിട്ട് എത്തിച്ചേരണമെന്ന് അയാൾ നിബന്ധന വെച്ചു. ജാബിയയും ബയ്ത്തുൽ മുഖദ്ദസും തമ്മിൽ അത്ര ദൂരമുണ്ടായിരുന്നില്ല. അതുകൊണ്ട് സ്വഫ്ർന്യൂസിന്റെ ആ അപേക്ഷ മാനിക്കാതിരിക്കാൻ ഒരു ഒഴികഴിവുമുണ്ടായിരുന്നില്ല. ഇക്കാര്യമാണ് താൻ ശരിയാണെന്ന് കരുതുന്നതെന്നാണ് ഹയ്ക്കൽ പറഞ്ഞു വരുന്നത്. സിറിയയിലും ഫലസ്തീനിലുമുണ്ടായ ഇസ്‌ലാമിക സൈന്യങ്ങളുടെ മുന്നേറ്റത്തെ കുറിച്ചുള്ള ചരിത്ര സംഭവങ്ങളുടെ ചരിത്ര വിവരണവും ഇതുതന്നെയാണ് സാധൂകരിക്കുന്നത്. *(ഹദ്റത്ത് ഉമർ ഫാറൂഖെ അഅ്ളം, മുഹമ്മദ് ഹുസയൻ ഹയ്ക്കൽ, മുത്തർജിം പേജ് 358-368, പ്രസാധകർ ഇസ്‌ലാമീ കുതുബുഖാന ലാഹോർ) (താരീഖു ഖുലഫാഉർറാശിദീൻ അൽഫുതൂഹാത്ത് വൽ ഇൻജസാത്തുസ്സിയാസ്സിയ, പേജ് 279, മക്തബത്തുശ്ശാമില)*

എന്തായാലും ഈ കത്തുകൾ കിട്ടിയതിനു ശേഷം ഹദ്റത്ത് ഉമർ(റ) എന്തുതീരുമാനമാണ് എടുത്തതെന്നതിനെ കുറിച്ച് എഴുതുന്നു: 'കത്തുകൾ ലഭിച്ചതിനുശേഷം ഹദ്റത്ത് ഉമർ(റ) എല്ലാ തലമുതിർന്ന സ്വഹാബാക്കളുമായും കൂടിയാലോചന നടത്തി. ഹദ്റത്ത് ഉഥ്മാൻ നൽകിയ അഭിപ്രായം ഇതായിരുന്നു: ക്രിസ്ത്യാനികൾ ഭയന്നിട്ടുളളവരും മാനസികമായി അടിയറവു പറഞ്ഞവരുമായതുകൊണ്ട് അവരുടെ അപേക്ഷ താങ്കൾ തള്ളിക്കളയുക. അപ്പോൾ അ

വർ കൂടുതൽ നിന്ദ്യരായിത്തീരുകയും മുസ്ലിമീങ്ങൾ അവരെ തീർത്തും അവഗണിച്ചിരിക്കുന്നുവെന്ന് മനസ്സിലാക്കി നിബന്ധനകളൊന്നും കൂടാതെ ആയുധംവെച്ച് കീഴടങ്ങുന്നതായിരിക്കും. എന്നാൽ, ഹദ്റത്ത് അലി ആ അഭിപ്രായത്തെ എതിർത്തു. എന്നിട്ട് ഹദ്റത്ത് ഉമറിനോട് ഏലിയയിലേക്ക് പുറപ്പെടാനും അതോടൊപ്പംതന്നെ മുസ്ലിമീങ്ങൾ അതിശൈത്യം, യുദ്ധക്ലേശങ്ങൾ, ദീർഘകാലത്തെ പ്രവാസം എന്നിവ കാരണം വളരെ ബുദ്ധിമുട്ടിയിരിക്കുകയാണെന്നും അങ്ങ് അങ്ങോട്ട് പോയാൽ അങ്ങയ്ക്കും അതുപോലെ മുസ്ലിമീങ്ങൾക്കും അക്കാര്യം കൂടുതൽ ഗുണകരവും സമാധാനദായകവുമായിരിക്കുമെന്നും ഇനി അങ്ങ് സമാധാന സന്ധിയുടെ കാര്യത്തിൽ അവരെ നിരാശപ്പെടുത്തിയാൽ അത് അങ്ങയെ സംബന്ധിച്ചിടത്തോളം സത്പരിണാമം ഉളവാക്കുകയില്ലെന്നും പറയുകയും ചെയ്തു. ശത്രുക്കളാകട്ടെ കോട്ടവാതിലുകളടച്ച് കഴിച്ചുകൂട്ടുന്നതായിരിക്കും. അവർക്ക് അങ്ങയുടെ രാജ്യത്തെയും റോമൻ ചക്രവർത്തിയുടെയും സൈനിക സഹായങ്ങൾ എത്തിച്ചേരുകയും ചെയ്യും. കാരണം അവർക്കൊക്കെ ബയ്ത്തുൽ മുഖദ്ദസ് സവിശേഷ പ്രാധാന്യം അർഹിക്കുന്നതും തീർഥാടന കേന്ദ്രവുമാണ്. ഹദ്റത്ത് ഉമറിന്, ഹദ്റത്ത് അലിയുടെ അഭിപ്രായം ഇഷ്ടപ്പെടുകയും അതുതന്നെ അദ്ദേഹം സ്വീകരിക്കുകയും ചെയ്തു. *(അൽ ഫാറൂഖ്, ശിബ്ലി നുഅ്മാനീ, പേജ് 124, അദാരയെ ഇസ് ലാമിയാത്ത് 2004)(ഹദ്റത്ത് ഉമർ ഫാറൂഖ്, മുഹമ്മദു ഹുസയ്‌വ് ഹയ്ക്കൽ, മുത്തർജിം പേജ് 369, പ്രസാധകർ ഇസ് ലാമീ കുതുബു ഖാന, ലാഹോർ)*

ആ യാത്രയിൽ ഹദ്റത്ത് ഉമറിനോടൊപ്പം മറ്റു മുഹാജിരീങ്ങൾക്കും അൻസ്വാറിനും പുറമെ ഹദ്റത്ത് അബ്ബാസ് ബിൻ അബ്ദിൽ മുത്ത്വലിബുമുണ്ടായിരുന്നു. ആ യാത്രയെ കുറിച്ച് ലഭിക്കുന്ന മറ്റൊരു നിവേദനം അബു സയീദ് മഖ്ബുരിയുടേതാണ്. ഹദ്റത്ത് ഉമർ (റ)ആ യാത്രയിൽ സ്വുബ്ഹി നമസ്കാരാനന്തരം തന്റെ അനുചരന്മാർക്കിടയിൽ വരികയും അവരെ സംബോധന ചെയ്തുകൊണ്ട് ഇപ്രകാരം പറയുകയും ചെയ്യുമായിരുന്നു: 'അല്ലാഹുവിനാണ് സർവസ്തുതികളും! അവൻ നമുക്ക് ഇസ്ലാമും ഈമാനും നൽകിക്കൊണ്ട് അന്തസ്സ് തന്നരുളുകയും മുഹമ്മദ്(സ) മുഖേന ആഭിജാത്യം നൽകുകയും വഴികേടിൽനിന്നു നമ്മെ സന്മാർഗത്തിലേക്ക് നയിക്കുകയും ഗോത്രങ്ങളായി വിഘടിച്ചിരുന്ന നമ്മെ ഒറ്റക്കെട്ടാക്കുകയും നമ്മുടെ ഹൃദയങ്ങളിൽ പരസ്പര സ്നേഹം ഉണ്ടാക്കുകയും നബി(സ)തിരുമേനി മുഖേന നമുക്ക് ശത്രുക്കൾക്കെതിരിൽ സഹായം ഇറക്കുകയും നമുക്ക് വിവിധ നഗരങ്ങളിൽ വേരോട്ടം നൽകുകകയും നമ്മളെ പരസ്പരം സ്നേഹിക്കുന്ന സഹോദരങ്ങളാക്കി മാറ്റുകയും ചെയ്തു. അതിനാൽ നിങ്ങൾ ഈ അനുഗ്രഹങ്ങളുടെ പേരിൽ അല്ലാഹുവിനെ വാഴ്ത്തുകയും അവനോട് കൂടുതൽ സഹായം അർഥിക്കുകയും ചെയ്യുക. ഈ അനുഗ്രഹ കടാക്ഷങ്ങൾ കാരണം അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കാനുള്ള തൗഫീഖിന് വേണ്ടിയും പ്രാർഥിക്കുക. നിങ്ങൾ അഭിരമിച്ചു കൊണ്ടിരിക്കുന്ന ഐശ്വര്യങ്ങളെത്തൊട്ടും അല്ലാഹുവിനോട് നിങ്ങൾ ദുആ ഇരക്കുക. എന്തെന്നാൽ, പ്രതാപവനായ അല്ലാഹു ആഗ്രഹിക്കുന്നത് നിങ്ങൾ അവനിലേക്ക് ആകൃഷ്ടരാകണമെന്നാണ്. അവൻ തന്നോട് നന്ദി പ്രകടിപ്പിക്കുന്നവർക്കുമേൽ തന്റെ അനുഗ്രഹപൂർത്തി വരുത്തുകയും ചെയ്യുന്നു.' ഹദ്റത്ത് ഉമർ(റ)ആ യാത്രയുടെ ആദ്യന്തം ഈ വചനങ്ങൾ എല്ലാ പ്രഭാതങ്ങളിലും അവർക്ക് കേൾപ്പിച്ചുകൊടുത്തിരുന്നു. മടങ്ങി വരുവോളം അതിൽ ഒരു ഉപേക്ഷയും കാണിച്ചില്ല. *(അൽഇക്തിഫാഅ് ബിമാ.....മിൻ മഗാസി റസൂലില്ലാഹി(സ) വ ഥ്ഥലാഥത്തുൽഖുലഫാഉ വാള്യം 2, ഭാഗം 1, പേജ് 292-293, ആലമുൽകുതുബ് ബെയ്റുത്ത് 1997)* അതായത്ഇതേ സന്ദേശം തന്നെ ദിവസവും നൽകിക്കൊണ്ടിരുന്നു.

മുസ്ലിം പടനായകന്മാരോട് ജാബിയയിലേക്ക് വന്നു അദ്ദേഹത്തെ കാണാൻ നിർദേശമയച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ യസീദ് ബിൻ അബി സുഫിയാനും ഖാലിദ് ബിൻ വലീദും മറ്റും അവിടെയെത്തി അവരെ വരവേൽക്കാൻ തയ്യാറായി നിൽപ്പുണ്ടായിരുന്നു. സിറിയയിലെ ദീർഘകാല വാസം നിമിത്തം ആ ഓഫീസർമാർ തങ്ങളുടെ അറേബ്യൻ ലാളിത്യം കൈവെടിഞ്ഞിരുന്നു. അങ്ങനെ ഹദ്റത്ത് ഉമറിന്റെ അടുത്തെത്തിയപ്പോൾ ഇവരുടെ രൂപഭാവങ്ങൾക്ക് മാറ്റം വന്നിരുന്നു. പട്ടിന്റേയും മർദ്ദവമേറിയ ശീലകളുടെയും മോഡിയും മാറ്റുകൂടിയതുമായ ഷേർവാണികൾ ധരിച്ചിരുന്നു. അവരുടെ വെട്ടിത്തിളങ്ങുന്ന വസ്ത്രവും ബാഹ്യമായ ആഢംബരവും പ്രൗഢിയും കാരണം അവർ അജ്മികളെപോലെ തോന്നിച്ചിരുന്നു. ഹദ്റത്ത് ഉമറിന് അതുകണ്ടു അരിശം വന്നു. കുതിരപ്പുറത്തുനിന്നു ചാടിയിറങ്ങി ചരലുകൾവാരി അവർക്ക് നേരെ എറിഞ്ഞു. എന്നിട്ട് ഇത്രപെട്ടെന്ന് നിങ്ങൾ അജ്മികളുടെ ശീലങ്ങളും വഴക്കങ്ങളും സ്വായത്തമാക്കിയോ? എന്ന് ചോദിച്ചു. അപ്പോൾ അവർ പറഞ്ഞു: 'ഈ മോടികൂടിയ വസ്ത്രങ്ങൾക്ക് അടിയിൽ ആയുധങ്ങളുണ്ട്.' അതായത് യുദ്ധനൈപുണ്യം അവർക്ക് കൈമോശം വന്നിട്ടില്ല. ഹദ്റത്ത് ഉമർ പറഞ്ഞു: 'അതാണ് കാര്യമെങ്കിൽ കുഴപ്പമില്ല.' *(അൽഫാറൂഖ്, ശിബ് ലി നുഅ്മാനീ, പേജ് 124, അദാരയെ ഇസ്ലാമിയാത്ത്2004)*

അവിടുത്തെ ആളുകളെ കാണിക്കാനാണ് നിങ്ങൾ ഈ ബാഹ്യരൂപം കൈക്കൊണ്ടതെങ്കിൽ തെറ്റില്ല. നിങ്ങളുടെയുള്ളിൽ നിങ്ങൾ ഇപ്പോഴും അറബികളുടെ സ്വഭാവ രീതികൾ ഉള്ളവരാണെന്നതാണ് വാസ്തവമെങ്കിൽ അതൊരു പ്രശ്നമല്ല. ഒരു നിവേദനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: 'യസീദ് ബിൻ അബീ സുഫിയാൻ പറഞ്ഞു: 'അല്ലയോ അമീറുൽ മുഅ്മിനീൻ ഞങ്ങളുടെ അടുത്ത് ഒരുപാട് വസ്ത്രങ്ങളും സവാരി മൃഗങ്ങളും വിവിധ സൗകര്യങ്ങളും സമ്പത്തും എല്ലാമുണ്ട്. മുസ്ലിമീങ്ങളുടെ അവസ്ഥ അങ്ങ് ആഗ്രഹിക്കുന്നതുപോലെ തന്നെയാണ്. അങ്ങ് ഈ വെള്ള വസ്ത്രം ധരിക്കുകയും വിലകൂടിയ സവാരി മൃഗങ്ങളിൽ സവാരി ചെയ്യുകയും ധാന്യങ്ങളും റേഷനും മുസ്ലിമീങ്ങൾക്ക് ഇടയിൽ വിതരണം ചെയ്യുകയും ചെയ്താൽ അത് ഒരുപാട് പ്രശസ്തിക്ക് കാരണമാകും. അതുപോലെ ഭരണകാര്യങ്ങൾ അങ്ങയ്ക്ക് സുഖസുന്ദരമായി നിർവഹിക്കാനും സാധിക്കും. അതുപോലെ അജ്മികൾക്കും അങ്ങയോടുള്ള ബഹുമാനാദരങ്ങൾ വർധിക്കുന്നതുമാണ്.' അതുകേട്ട് ഹദ്റത്ത് ഉമർ(റ)പറഞ്ഞു: വേണ്ട! യസീദേ വേണ്ട! അല്ലാഹുവാണ! ഞാൻ എന്റെ രണ്ട് ഇഷ്ടമിത്രങ്ങളോടൊപ്പം കഴിച്ചുകൂട്ടിയ അവസ്ഥയെയും വേഷവിധാനങ്ങളെയും ഉപേക്ഷിക്കാൻ തയ്യാറല്ല.' അതായത് നബി(സ)തിരുമേനിയും ഹദ്റത്ത് അബൂബക്റും ജീവിച്ചിരിക്കുമ്പോൾ താനുണ്ടായിരുന്ന അതേ സ്ഥിതിയിൽ ഇവർക്കിടയിൽ തുടരാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ജനങ്ങൾക്കുവേണ്ടി ഞാൻ അലങ്കാരങ്ങളും ആഢംബരങ്ങളും സ്വീകരിക്കാൻ ഒരുക്കമല്ല. കാരണം അങ്ങനെ ചെയ്യുന്നതുനിമിത്തം ഞാൻ എന്റെ നാഥനുമുമ്പിൽ ന്യൂനതയുള്ളവനാകുമോ എന്ന് ഞാൻ ഭയക്കുന്നു. അതുപോലെ ജനങ്ങളുടെ കണ്ണിൽ എനിക്ക് മഹത്ത്വം സിദ്ധിക്കാനും അതേ സമയം ദൈവസമക്ഷം തരംതാഴാനും ആഗ്രഹിക്കുന്നതേയില്ല.' അങ്ങനെ ഹദ്റത്ത് ഉമർ(റ), നബി(സ)തിരുമേനിയും ഹദ്റത്ത് അബൂബക്റും ജീവിച്ചിരുന്നപ്പോൾ ഉണ്ടായിരുന്ന അതേ സ്ഥിതിയിൽതന്നെ ജീവിതാവസാനം വരെ കഴിച്ചുകൂട്ടുകയും വിടപറയുകയും ചെയ്തു. *(അൽഇക്തിഫാഅ് ബിമാ.....മിൻ മഗാസി റസൂലില്ലാഹി(സ)വ ഥ്ഥലാഥത്തുൽഖുലഫാഉ വാള്യം 2, ഭാഗം 1, പേജ് 295, ആലമുൽകുതുബ് ബെയ്റുത്ത് 1997)*

ഇനി മുസ്ലിമീങ്ങൾക്കും ക്രിസ്ത്യാനികൾക്കുമിടയിൽ സമാധാന സന്ധി ഉണ്ടായതെങ്ങനെ? അതു പോലെ ഏലിയക്കാരുമായി ഉടമ്പടി നടന്നതെങ്ങനെ? എന്നതിനെക്കുറിച്ച് മിക്ക ചരിത്രകാരന്മാരും ഇപ്രകാരമാണ് എഴുതിയിട്ടുള്ളത്: 'ജാബിയ എന്ന സ്ഥലത്തുവെച്ചാണ് ക്രിസ്ത്യാനികൾക്കും മുസ്ലിമീങ്ങൾക്കുമിടയിൽ സമാധാനസന്ധി തയ്യാറാക്കപ്പെട്ടത്. ജാബിയയിൽ താമസിക്കുന്ന സമയത്ത് ഹദ്റത്ത് ഉമർ(റ) തന്റെ സൈനികരോടപ്പം വട്ടംകൂടി ഇരിക്കുകയായിരുന്നു. പെട്ടെന്ന് കുറച്ചുപേർ അങ്ങോട്ട് വരുന്നതുകണ്ടു. അവർ കുതിരപ്പുറത്തായിരുന്നു വന്നിരുന്നത്. അവരുടെ ഉടവാളുകൾ വെട്ടിത്തിളങ്ങുന്നുണ്ടായിരുന്നു. മുസ്ലിമീങ്ങൾ പെട്ടെന്നുതന്നെ ആയുധങ്ങളെടുത്ത് തയ്യാറായി. ഹദ്റത്ത് ഉമർ അവരോട് ചോദിച്ചു: എന്താണ് കാര്യം?' അവർ ശത്രുക്കൾക്കുനേരെ വിരൽ ചൂണ്ടി. അപ്പോൾ അദ്ദേഹം പറഞ്ഞു, 'ഭയപ്പെടേണ്ട ഇവർ അഭയം ആവശ്യപ്പെട്ടു വരികയാണ്.' അക്കൂട്ടർ ഏലിയാ പ്രദേശവാസികളായിരുന്നു. അദ്ദേഹം അവർക്ക് സമാധാന കരാർ എഴുതിക്കൊടുത്തു. *(താരീഖു ത്വബരി മുത്തർജിം വാള്യം 2, ഭാഗം 2, പേജ് 369-370, നഫീസ് അക്കാഡമി കറാച്ചി2004)(അൽഫാറൂഖ് ശിബ്ലി നുഅ്മാനീ, പേജ് 125, അദാരയെ ഇസ് ലാമിയാത്ത് 2004)*

മറ്റൊരു നിവേദനമുണ്ട്. അല്ലാമാ ബിലാദരിയും മുഹമ്മദ് ഹുസയ്ൻ ഹയ്ക്കലും ഇങ്ങനെ എഴുതിയിട്ടുണ്ട്: 'ജാബിയയിൽവെച്ചല്ല മറിച്ച് ഏലിയയിൽ വെച്ചാണ് സമാധാന കരാർ തയ്യാറാക്കപ്പെട്ടത്. എന്നാൽ, മുഹമ്മദു ഹുസയ്ൻ ഹയ്ക്കൽ തന്റെ ഗ്രന്ഥത്തിൽ മറ്റൊരിടത്ത് എഴുതിയിട്ടുള്ളത് ആ ഉടമ്പടി ജാബിയയിൽ വെച്ചായിരുന്നുവെന്നാണ്. *(ഉമർ ഫാറൂഖ് അഅ്ളം മുഹമ്മദു ഹുസയ്ൻ ഹയ്ക്കൽ മുത്തർജിം, പേജ് 368, 371, പ്രസാധകർ ഇസ്ലാമീ കുതുബ്ഖാന ലാഹോർ)*

*(ഫുതൂഹുൽബുൽദാൻ പേജ് 88, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

മുസ്‌ലിമീങ്ങളുടെയും ഏലിയാവാസികളുടെയും ഇടയിൽ ഉണ്ടായ സമാധാന സന്ധിയിലെ വാചകങ്ങൾ ചരിത്രത്തിൽ ത്വബരി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ബിസ്മില്ലാഹിർറഹ്‌മാനിർറഹീം. ഇത് ഏലിയാ നിവാസികൾക്ക് ദൈവദാസൻ അമീറുൽ മുഅ്മിനീൻ ഉമർ എഴുതിക്കൊടുക്കുന്ന അഭയപത്രികയാണ്. അവരുടെ ജീവനും ധനവും ചർച്ചുകളും കുരിശുകളും അതുപോലെ അവർക്കിടയിലെ ആരോഗ്യവാന്മാരും രോഗികളും അപ്രകാരം അവർ മുഴുവൻ ജനതയും സുരക്ഷിതരായിരിക്കും. ആരുംതന്നെ അവരുടെ ദേവാലയങ്ങളിൽ താമസിക്കുന്നതായിരിക്കില്ല. അവ പൊളിക്കുന്നതുമല്ല. അതുപോലെ അവയുടെ ഭൂപരിധിയിൽ ഒരു കുറവും വരുത്തുന്നതായിരിക്കില്ല. അവരുടെ കുരിശുകൾക്കു നഷ്ടം വരുത്തുകയില്ല. അവരുടെ സ്വത്തുക്കൾക്ക് കുറവ് വരുത്തുന്നതുമല്ല. മതകാര്യങ്ങളിൽ അവർക്കുമേൽ ഒരു ബലപ്രയോഗവും ഉണ്ടാവുന്നതല്ല. അവരെ ഒരു തരത്തിലും ബുദ്ധിമുട്ടിക്കുന്നതല്ല. ഏലിയായിൽ അവരോടൊപ്പം യഹൂദികൾക്ക് താമസിക്കാൻ അനുവാദം ഉണ്ടാകില്ല. അതുപോലെ ഏലിയാവാസികൾ ഇതര പട്ടണ വാസികളെപോലെ ജിസ്‌യ നൽകാനും ബാധ്യസ്ഥരാണ്. അവർ ഏലിയായിൽനിന്നു റോമക്കാരെയും കലാപകാരികളെയും പുറത്താക്കേണ്ടതുണ്ട്. അവിടമുപേക്ഷിച്ച് പോകുന്നവർ ഏതെങ്കിലും സുരക്ഷിത സങ്കേതങ്ങളിൽ എത്തിച്ചേരുന്നതുവരെ ജീവനും സ്വത്തിനും സുരക്ഷ ഉള്ളവരായിരിക്കും. ഏലിയായിൽ കുടിയേറിപ്പാർത്തവരും താമസിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അത്തരക്കാരും സുരക്ഷിതരായിരിക്കും. എന്നാൽ, അവർ മറ്റു ഏലിയാവാസികളെ പോലെ ജിസ്‌യ നൽകേണ്ടതാണ്. ഏലിയാവാസികളിൽ ആരെങ്കിലും തങ്ങളുടെ ജീവനും സ്വത്തും സുരക്ഷിതമാക്കി റോമക്കാരുടെ ഭാഗത്തേക്ക് പോകാൻ ആഗ്രഹിക്കുന്നെങ്കിൽ അവർ തങ്ങളുടെ ആരാധനാലയങ്ങളും കുരിശുകളും ഇവിടെ ഉപേക്ഷിച്ച് പോകുകയാണെങ്കിൽ അവയെല്ലാം ഇവിടെ സുരക്ഷിതമായിരിക്കും. അതായത് അവർ സുരക്ഷിത സങ്കേതങ്ങളിൽ എത്തുന്നതുവരെ അവർക്ക് ഒരു വിധത്തിലുള്ള നഷ്ടങ്ങളും കുറവുകളും വരുകയില്ല. യുദ്ധത്തിനുമുമ്പേ ഏലിയായിൽ കൃഷി ചെയ്തുകൊണ്ടിരുന്നവർ തങ്ങളുടെ ഭൂമിയിൽ കൃഷി തുടരാൻ ആഗ്രഹിക്കുന്നെങ്കിൽ ഏലിയാക്കാരെ പോലെ ജിസ്‌യ നൽകി അവർക്ക് അങ്ങനെ ചെയ്യാം. റോമക്കാരോടൊപ്പം പോകാൻ ആഗ്രഹിക്കുന്നവർക്ക് പോകുകയും ചെയ്യാം. എന്നാൽ, തങ്ങളുടെ വീടുകളിലേക്ക് പിന്നീട് തിരിച്ചുവരാനാഗ്രഹിക്കുന്നവർക്ക് അതിനുള്ള അനുവാദവുമുണ്ട്. അവർക്ക് അവരുടെ കൃഷിയിൽനിന്നു വിളവെടുപ്പ് നടക്കുന്നതുവരെ ഈ ഉടമ്പടി പ്രകാരം അവരിൽനിന്നു ജിസ്‌യയും വാങ്ങുന്നതായിരിക്കില്ല. (അതായത് അവർക്ക് വരുമാനമുണ്ടായാൽ മാത്രം ജിസ്‌യ വാങ്ങുന്നതായിരിക്കും). അതുപോലെ ആ ഉടമ്പടി പ്രകാരം ജിസ്‌യ നൽകുന്നവർക്ക് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും ഖലീഫയുടേയും വിശ്വാസികളുടേയും സംരക്ഷണ വാഗ്ദാനവുമുണ്ടായിരിക്കുന്നതാണ്. ഈ ഉടമ്പടിയിൽ ഹദ്റത്ത് ഖാലിദ് ബിൻ വലീദ്, ഹദ്റത്ത് അംറ് ബിൻ ആസ്, ഹദ്റത്ത് അബ്ദുർറഹ്‌മാൻ ബിൻ ഔഫ്, ഹദ്റത്ത് മുആവിയ ബിൻ അബി സുഫിയാൻ എന്നിവരും സാക്ഷി കളായി ഒപ്പിടുകയുണ്ടായി. താരീഖ് ഇബ്നു ഖുൽദൂനിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: 'ഈ ഉടമ്പടിയിൽനിന്നു ചില കാര്യങ്ങൾ തെളിയുന്നുണ്ട്. ഒന്ന്, മുസ്‌ലിമീങ്ങൾ വാൾബലത്താൽ അല്ല തങ്ങളുടെ മതത്തെ പ്രചരിപ്പിച്ചത്. രണ്ട്, അവരുടെ ഭരണ കാലഘട്ടത്തിൽ ഇതര മതസ്ഥർക്ക് പൂർണമായ മതസ്വാതന്ത്ര്യം ലഭിച്ചിരുന്നു. മൂന്ന്, അന്യസമുദായങ്ങളിൽനിന്നു ബലാൽക്കാരമായി ജിസ്‌യ വാങ്ങിയുട്ടുണ്ടായിരുന്നില്ല. അവിടെ താമസം തുടരുന്നതിനും ജിസ്‌യ നൽകുന്നതിനും അവർക്ക് ഇഷ്ടപ്രകാരം ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു. രണ്ടവസ്ഥയിലും അവർക്ക് അഭയം നൽകപ്പെട്ടിരുന്നു.*(താരീഖ് ഇബ്നു ഖുൽദൂൻ വാല്യം 3, ഭാഗം 1, പേജ് 208, ദാറുൽഇശാഅത്ത് കറാച്ചി 2009)*

ഈ ഉടമ്പടിയെ കുറിച്ച് റംല വാസികൾ അറിയാനിടയായപ്പോൾ അമീറുൽ മുഅ്മിനുമായി അതേ തരത്തിലുള്ള ഉടമ്പടി ചെയ്യാൻ അവരും വ്യഗ്രത കാണിച്ചു. ഇതേ അവസ്ഥ തന്നെയായിരുന്നു ഫലസ്തീനിലെ മറ്റു നഗരവാസികളുടേതും. ലുദ്ദുകാർ ഹദ്റത്ത് ഉമറിന് ഒരു കത്തെഴുതി അയച്ചു. ലുദ്ദിന്റെ ഭരണപരിധിയിൽ പിന്നീട് മുസ്‌ലിമീങ്ങളുടെ അധികാരത്തിന് കീഴിൽ വരാൻ സമ്മതം പ്രകടിപ്പിച്ച മറ്റുനഗരങ്ങളെയും കൂട്ടിച്ചേർക്കുകയുണ്ടായി. ആ കത്തു പ്രകാരം ഹദ്റത്ത് ഉമർ ലുദ്ദ് വാസികളുടെ ജീവനും സ്വത്തും ചർച്ചുകളും കുരിശുകളും അതുപോലെ അവർക്കിടയിലെ ആരോഗ്യവാന്മാരും രോഗികളും അവരുടെ എല്ലാ മതവിഭാഗങ്ങളും സുരക്ഷിതരായിരിക്കുമെന്ന് ഉറപ്പ് നൽകി. അപ്രകാരം അവരോടു സിറിയയിലെ പട്ടണവാസികളെപോലെ ജിസ്‌യ നൽകാനും അവരുടെമേൽ മതപരമായ ഒരു സമ്മർദവും ഉണ്ടാവുകയില്ലെന്നും വിശ്വാസ വൈരുദ്ധ്യങ്ങൾ കാരണം അവർക്ക് ഒരു നഷ്ടവും വരികയില്ലെന്നും അറിയിക്കുകയുമുണ്ടായി. ഈ പ്രവർത്തനങ്ങളൊക്കെ പൂർത്തിയാക്കിയതിനുശേഷം ഹദ്റത്ത് ഉമർ(റ) ഫലസ്തീനിൽ രണ്ട് ഭരണാധിപന്മാരെ നിശ്ചയിക്കുകയും അതിനെ രണ്ടു ഭാഗമായി വിഭജിച്ച് അവർക്കു ഭരണച്ചുമതല ഏല്പിക്കുകയും ചെയ്തു. അങ്ങനെ അൽഖമ ബിൻ ഹക്കീമിന്റെ ഭരണകേന്ദ്രമായി റംലയെയും അൽഖമ ബിൻ മുജസ്സിസിന്റെ ഭരണകേന്ദ്രമായി ഏലിയയെയും തിരഞ്ഞെടുത്തു.*(ഹദ്റത്ത് ഉമർ ഫാറൂഖ് അഅ്‌ളം, മുഹമ്മദു ഹുസയ്ൻ ഹയ്ക്കൽ മുത്തർജിം, പേജ് 373, പ്രസാധകർ ഇസ്‌ലാമീ കുതുബ്ഖാന ലാഹോർ)*

അതിനുശേഷം ഹദ്റത്ത് ഉമർ ബയ്ത്തുൽ മുഖദ്ദസിൽ ആഗതനായി. അതെക്കുറിച്ച് ഇപ്രകാരമാണ് വന്നിട്ടുള്ളത്. ഹദ്റത്ത് ഉമർ(റ) ഏലിയക്കാർക്ക് അഭയവും സംരക്ഷണവും നൽകിയപ്പോൾ അവിടെ ഒരു സൈന്യത്തെ നിറുത്തുകയും പിന്നീട് ജാബിയയിൽനിന്നു ബയ്ത്തുൽ മുഖദ്ദസിലേക്ക് പുറപ്പെടുകയുമുണ്ടായി. ഇങ്ങനെയും എഴുതിരിക്കുന്നു, അദ്ദേഹം കുതിരപ്പുറത്ത് കയറിയപ്പോൾ കുതിര കാലുവേദനകൊണ്ട് നേരയല്ല നടക്കുന്നതെന്ന് അദ്ദേഹത്തിന് മനസ്സിലായി. അതുകൊണ്ട് ഹദ്റത്ത് ഉമറിനു വേണ്ടി ഒരു ടർക്കിഷ് കുതിര കൊണ്ടുവരപ്പെട്ടു. അതിന്റെ പുറത്ത് അദ്ദേഹം കയറിയപ്പോൾ അത് ഇണക്കം കാണിച്ചില്ല. അപ്പോൾ അദ്ദേഹം അതിൽനിന്നു താഴേക്കിറങ്ങി. പിന്നീട് കുറച്ച് ദിവസങ്ങൾക്കുശേഷം അദ്ദേഹം സവാരിക്ക് ഉപയോഗിച്ചിരുന്ന കുതിരയെതന്നെ വരുത്തിച്ചു. അതിന്റെ ചികിത്സ നടക്കുകയായിരുന്നു. അത് സുഖം പ്രാപിച്ചതിനുശേഷം അതിൽ സവാരി ചെയ്തുകൊണ്ട് ബയ്ത്തുൽ മുഖദ്ദസിലേക്ക് പുറപ്പെട്ടു. *(താരീഖു ത്വബരി മുത്തർജിം സയ്യിദ് മുഹമ്മദു ഇബ്റാഹീം നദ്‌വി വാല്യം 2, ഭാഗം2, പേജ് 809, ദാറുൽ ഇശാഅത്ത് 2003)*

ബയ്ത്തുൽ മുഖദ്ദസിന് അടുത്തെത്തിയപ്പോൾ ഹദ്റത്ത് അബൂഉബയ്ദയും മറ്റു സേനാധിപന്മാരും അദ്ദേഹത്തെ സ്വാഗതം ചെയ്യുകയുണ്ടായി. ഹദ്റത്ത് ഉമറിന്റെ വേഷവിധാനങ്ങളും സാധന സാമഗ്രികളുമെല്ലാം വളരെ സാധാരണമായിരുന്നു. അതുകണ്ട് ക്രിസ്ത്യാനികൾ എന്ത് പറയുമെന്ന് കരുതി അവർ അദ്ദേഹത്തിന് വിലകൂടിയ വസ്ത്രങ്ങൾ നൽകി. അപ്പോൾ അദ്ദേഹം അവരോട് പറഞ്ഞു: 'അല്ലാഹു നമുക്കു പ്രദാനം ചെയ്തിട്ടുള്ള അന്തസ്സ് ഇസ്‌ലാമിന്റെ അന്തസ്സാണ്. നമുക്ക് അതുമാത്രം മതി.'

ക്രൈസ്തവ പാതിരിമാർ വന്ന് പട്ടണത്തിന്റെ താക്കോലുകൾ നേരിട്ട് ഹദ്റത്ത് ഉമറിനെ ഏൽപിച്ചു. ഹദ്റത്ത് ഉമർ(റ) ആദ്യം മസ്ജിദ് അഖ്സയിൽ പോയി. പിന്നീട് ക്രിസ്ത്യാനികളുടെ ദേവാലയങ്ങൾ സന്ദർശിച്ചു. അവിടെ കുറച്ച് സമയം ചെലവഴിച്ചു. നമസ്കാര സമയമായപ്പോൾ ക്രിസ്ത്യാനികൾ ചർ

ശേഷം പേജ് 8 ൽ

## കലാമുൽ ഇമാം:

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."**

*(മൽഫൂദാത്ത് വാല്യം 1, പേജ് 64)*

## കലാമുൽ ഇമാം:

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."**

*(മൽഫൂദാത്ത് വാല്യം 1, പേജ് 220)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

**2019 ഒക്ടോബർ 8 തിങ്കളാഴ്ച (ബദ്ർ വാള്യം 6 ലക്കം 43 പേജ് 12–ൽനിന്ന് ഹുദൂറിന്റെ പ്രഭാഷണം തുടർച്ച.....)**

ആയിരം വർഷം മുമ്പേയുള്ള ചരിത്രത്തിൽ ഒന്നു കണ്ണോടിച്ചാൽ മുസ്‌ലിം ഗവേഷകരും ശാസ്ത്രജ്ഞരും അറിവിന്റെ വികാസത്തിനുവേണ്ടി സുപ്രധാന പങ്കു വഹിച്ചിരുന്നതായി നമുക്ക് കാണാം. ലോകത്തെ മാറ്റുന്ന സാങ്കേതിക ജ്ഞാനങ്ങൾ അവർ കണ്ടു പിടിച്ചു. ഈ അറിവുകൾ ഇന്നും ഉപയോഗിച്ചു വരുന്നു. ഉദാഹരണത്തിന്, ഇബ്നു ഹയ്ശം ആദ്യമായി ക്യാമറ കണ്ടു പിടിച്ചു. നവീന ഒപ്റ്റിക്സിന്റെ (Optics) ഉപജ്ഞാതാവ് എന്ന് വിളിക്കപ്പെടുന്ന ഇദ്ദേഹത്തെ യുനെസ്കൊ(UNESCO) യും അംഗീകരിച്ചിട്ടുണ്ട്. **കമറ** എന്ന അറബി പദത്തിൽനിന്നുമാണ് **ക്യാമറ** എന്ന പദം നിഷ്പന്നമായതെന്നത് ഹൃദയസ്പൃക്കായ ഒരു യാഥാർഥ്യമാണ്. പന്ത്രണ്ടാം നൂറ്റാണ്ടിൽ ഒരു മുസ്ലിം ചിത്രകാരൻ മധ്യകാലനൂറ്റാണ്ടിലെ ലോകത്തിലെ ഏറ്റവും വിശദവും ശരിയായതുമായ മാപ്പ് തയ്യാറാക്കി. ഇത് പല നൂറ്റാണ്ടുകളോളം സമുദ്രയാത്രികർ ഉപയോഗപ്പെടുത്തി വന്നിരുന്നു.

ആരോഗ്യചികിത്സാ രംഗത്തും മുസ്‌ലിം ഭിഷഗ്വരന്മാരും ശാസ്ത്രജ്ഞന്മാരും പല കണ്ടുപിടിത്തങ്ങളും നടത്തിയിരുന്നു. ഇവയിൽ അധികവും ഇന്നും ഉപയോഗിച്ചു വരുന്നു. പത്താം നൂറ്റാണ്ടിൽ ഓപ്പറേഷൻ നടത്തുന്നതിന്നുള്ള ഉപകരണങ്ങൾ മുസ്‌ലിം ഭിഷഗ്വരൻ അസ്സുഹ്റവി കണ്ടുപിടിച്ചിരുന്നു. പതിനേഴാം നൂറ്റാണ്ടിൽ ഒരു ഇംഗ്ലീഷ് ഭിഷഗ്വരനായ വില്യം ഹാർവി (William Harvey) രക്ത ചംക്രമണത്തെ കുറിച്ചും ഹൃദയം പ്രവർത്തിക്കുന്നതിനെ കുറിച്ചും ഒരു സുപ്രധാന ഗവേഷണം സമർപ്പിച്ചിരുന്നു. ഇത് വളരെയധികം പ്രശസ്തമായി. എന്നാൽ, നാനൂറ് വർഷങ്ങൾക്കു മുമ്പേ ഒരു അറബ് ഭിഷഗ്വരനായ ഇബ്നുനഫീസ് അറബി ഭാഷയിൽ രക്തത്തിന്റെ അടിസ്ഥാനപരമായ ചംക്രമണത്തെ കുറിച്ച് വിശദമായ വിവരണം അവതരിപ്പിച്ചിരുന്നു എന്ന് പിന്നീടു പുറത്തു വരികയുണ്ടായി. ഒമ്പതാം നൂറ്റാണ്ടിൽ ജാബിർ ബിൻ ഹയ്യാൻ കെമിസ്ട്രിയിൽ വിപ്ലവം സൃഷ്ടിച്ചു. ഇന്നും ഈ പ്രവർത്തനങ്ങളും ഉപകരണങ്ങളും ഉപയോഗിച്ചു വരുന്നു. അൽജബ്റായിലെ അടിസ്ഥാന തത്വങ്ങളും ട്രിഗോണോമെട്രിയിലെ(trigonometry) അധിക വിശദാംശങ്ങളും ആദ്യമായി ഒരു മുസ്‌ലിമാണ് അവതരിപ്പിച്ചത്. ആധുനിക ലോകത്ത് കംപ്യൂട്ടർ ടെക്നോളജിയിൽ അൽഗോരിതംസിന്(algorithms) വളരെ വലിയ പങ്കുണ്ട്. ഇതും ആദ്യമായി ഒരു മുസ്‌ലിമാണ് അവതരിപ്പിച്ചത്. ബൗദ്ധികമായ വളർച്ചയിൽ മുസ്‌ലിമീങ്ങളുടെ സേവനങ്ങൾ ഇന്നും അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഉദാഹരണമായി ന്യൂയോർക്ക് ടൈംസിൽ ഒരു സയൻസ് റിപ്പോർട്ടറായ ഡേനിസ് ഒബ്രിയാനിന്റെ(Denis O'Brien) ഒരു ലേഖനം പ്രസിദ്ധീകൃതമായിരുന്നു. വിവിധ വിജ്ഞാനങ്ങളിൽ വിദഗ്ധനായ അൽത്വൂസി എന്ന ഒരു മുസ്‌ലിമിന്റെ പങ്കിനെ കുറിച്ച് അതിൽ സൂചിപ്പിച്ചിട്ടുണ്ട്. ഈ ലേഖന കർത്താവ് അൽത്വൂസിയുടെ ഖഗോള വിജ്ഞാനങ്ങൾ, നീതിജ്ഞാനശാസ്ത്രം, ഗണിതം തത്ത്വജ്ഞാനം എന്നിവ ഉദ്ധരിച്ച് പല പ്രവൃത്തികളെ കുറിച്ചും പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തെ തന്റെ കാലഘട്ടത്തിലെ ഉന്നത ചിന്തകൻ എന്ന് വിശേഷിപ്പിക്കുകയും ചെയ്തിരിക്കുന്നു. മധ്യകാലഘട്ടത്തിൽ മുസ്‌ലിമീങ്ങൾ ലോകത്ത് ശാസ്ത്രത്തിന്റെ ഒരു സമൂഹം സ്ഥാപിച്ചിരുന്നുവെന്നും അത് ലോകത്ത് ശാസ്ത്രത്തിന്റെ കേന്ദ്രമായിരുന്നുവെന്നും ഇദ്ദേഹം എഴുതുന്നു. വിജ്ഞാനത്തിന്റേയും ശാസ്ത്രത്തിന്റേയും കേന്ദ്രഭാഷയായി 500 വർഷംവരെ അറബിഭാഷ നിലനിന്നു. ഇന്നത്തെ ആധുനിക യൂണിവേഴ്സിറ്റികൾക്കുവേണ്ടി ഈ സുവർണ്ണ കാലഘട്ടം വളരെ ഫലദായകമായിമാറി. ആരംഭ കാലഘട്ടം മുതലൽതന്നെ ഇസ്‌ലാം മനുഷ്യന്റെ അറിവ് വികസിപ്പിക്കുന്നതിന്റേയും അറിവ് നേടുന്നതിന്റേയും പ്രാധാന്യത്തെ കുറിച്ച് വളരെയധികം ഊന്നൽ നല്കിയിരുന്നു.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപനം 1889 – ലായിരുന്നു. അഹ്മദിയ്യാ ജമാഅത്ത് എന്നും അറിവ് നേടുന്നതിലേക്ക് സ്വന്തം അംഗങ്ങളുടെ ശ്രദ്ധ ക്ഷണിച്ചു കൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നോബൽ സമ്മാന ജേതാവായ ആദ്യ മുസ്‌ലിം ശാസ്ത്രജ്ഞൻ പ്രൊഫസർ ഡോക്ടർ അബ്ദുസ്സലാം ഒരു അഹ്മദിയായിരുന്നു. 1979 – ൽ ഫിസിക്സിൽ നോബൽ സമ്മാനം കരസ്ഥമാക്കിയ പ്രസിദ്ധനായ ശാസ്ത്രജ്ഞനായിരുന്നു ഇദ്ദേഹം. തന്റെ ഗവേഷണങ്ങളുടെ പിന്നിൽ ഇസ്‌ലാം വിശിഷ്യാ വിശുദ്ധ ഖുർആനിന്റെ അനുഗ്രഹവും പ്രകാശവും പ്രവർത്തിച്ചിരുന്നതായി ജീവിതമാസകലം അദ്ദേഹം വെളിപ്പെടുത്തി കൊണ്ടിരുന്നു. വിശുദ്ധ ഖുർആനിലെ 750 വചനങ്ങൾ ശാസ്ത്രത്തെ കുറിച്ചുള്ളതാണെന്നും ഇത് ശക്തി വിശേഷങ്ങളെ കുറിച്ചും പ്രപഞ്ചങ്ങളെ കുറിച്ചും മനസ്സിലാക്കാൻ സഹായിക്കുന്നതാണെന്നും അദ്ദേഹം പറയാറുണ്ടായിരുന്നു.

അഹ്മദിയ്യാ ജമാഅത്തിന്റെ മൂന്നാം ഖലീഫ ശാസ്ത്രജ്ഞരുടേയും പ്രഗല്ഭരുടേയും ഒരു സുപ്രഭാതം ഉദിക്കാൻ ആശിച്ച വ്യക്തിയായിരുന്നു. തന്റെ ജമാഅത്തിൽ വിജ്ഞാന രംഗത്ത് ഉന്നത വിജയം കരസ്ഥമാക്കുന്നവർക്ക് ഗോൾഡ് മെഡൽ നല്കാനുള്ള സമ്പ്രദായത്തിന് അദ്ദേഹമാണ് തുടക്കം കുറിച്ചത്. ഓരോ വർഷവും അഹ്മദി മുസ്‌ലിമീങ്ങളായ നൂറുകണക്കിന് ആൺകുട്ടികൾക്കും പെൺ കുട്ടികൾക്കും ഗോൾഡ് മെഡൽ നല്കി വരുന്നു. ദരിദ്ര രാജ്യങ്ങളിൽ തലമുറ തലമുറകളായി ബാധിച്ചു വരുന്ന പട്ടിണി പ്രശ്നം തുടച്ചു നീക്കാൻ വിദ്യാഭ്യാസം നല്കൽ വളരെ അനിവാര്യമാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു.

നമുക്ക് ഈ അധ്യാപനം നബി(സ)തിരുമേനിയാണ് നല്കിയത്. ആത്മീയ പുരോഗതി മനുഷ്യകുലത്തിന്റെ സേവനവുമായി അഗാധമായി ബന്ധപ്പെട്ടു കിടക്കുന്നുവെന്ന് ആ മഹാത്മാവ് വ്യക്തമാക്കിയിരിക്കുന്നു. കേവലം അല്ലാഹുവിനെ ആരാധിച്ചതു കൊണ്ടോ നമസ്കരങ്ങൾ നിർവഹിച്ചതുകൊണ്ടോ അവന്റെ തൃപ്തി കരസ്ഥമാക്കാൻ ഒരു മുസ്‌ലിമിന് സാധിക്കില്ല. പ്രത്യുത മനുഷ്യകുലത്തിന് സേവനം ചെയ്യൽ ദൈവത്തിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് അനിവാര്യ ഘടകമാണെന്നും വിശദമാക്കിയിരിക്കുന്നു. മുസ്‌ലിമീങ്ങളുടെ ദാരിദ്ര്യവും പട്ടണിയും അവസാനിപ്പിക്കാനും അനാഥരുടെ ആവശ്യങ്ങൾ പൂർത്തിയാക്കാനും അഗതികൾക്കും ദരിദ്രർക്കും വിദ്യാഭ്യാസം നല്കാനും വിശുദ്ധ ഖുർആനിലെ **അൽബലദ്** എന്ന അധ്യായത്തിലെ 15 മുതൽ 17 വരെയുള്ള വചനങ്ങളിൽ അല്ലാഹു കൽപ്പിക്കുന്നു. തന്മൂലം അവർക്കും വളരാനും വികാസം പ്രാപിക്കാനും അവസരം ലഭിക്കുന്നു. ആഗോള തലത്തിൽ അഹ്മദിയ്യാ ജമാഅത്ത് ഇതേ ഉന്നതമായ അധ്യാപനങ്ങൾക്കനുസരിച്ച് കഴിവിന്റെ പരമാവധി പ്രവർത്തന നിരതമാണ്. ഇസ്‌ലാം സ്നേഹത്തിന്റേയും അനുകമ്പയുടേയും മതമാണെന്നാണ് നമ്മുടെ വിശ്വാസം. വർഗ വർണ വിവേചനം കൂടാതെ മനുഷ്യ കുലത്തിന് ഞങ്ങൾ സേവനം ചെയ്തു വരുന്നു. ഇതേ കാരണത്താലാണ് ആഫ്രിക്കയിലെ പട്ടിണി ബാധിത വിദൂര പ്രദേശങ്ങളിൽ പ്രൈമറി, സെക്കൻട്രി സ്കൂളുകൾ സ്ഥാപിച്ചതും ഹോസ്പിറ്റലുകളും ക്ലിനിക്കുകളും തുറന്നതും. വിദൂര ഗ്രാമങ്ങളിൽ കുടിവെള്ളത്തിനുള്ള ഏർപ്പാടു ചെയ്തിരിക്കുന്നു. ഇവരുടെ മക്കൾ ദിവസം മുഴുവനും മൈലുകൾ താണ്ടി വീട്ടാവശ്യത്തിന് കുളങ്ങളിൽനിന്നു വെള്ളം കൊണ്ടു വരുന്നത് ഒഴിവാക്കാനും സ്വാതന്ത്ര്യത്തോടെ സ്കൂളിൽ പോകാനുമാണ് ഇപ്രകാരം ചെയ്തത്.

മോഡൽ വില്ലേജുകൾ സ്ഥാപിക്കാനുള്ള പദ്ധതികളും തുടങ്ങി വെച്ചിട്ടുണ്ട്. ഇവയിൽ കമ്യൂണിറ്റി ഹാളുകൾ മുതൽ ശുദ്ധജലം, സൗരോർജം, ഇൻഫ്രാസ്ട്രക്ച്ചർ തുടങ്ങി മറ്റനേകം സൌകര്യങ്ങളും ഒരുക്കുന്നുണ്ട്. വർഗ, വർണ, മത വിവേചനമൊന്നും കാണിക്കാതെയാണ് തദ്ദേശവാസികൾക്കു ഈ സൗകര്യങ്ങളെല്ലാം നല്കുന്നത്. ഇതിന്നുള്ള ചേതോവികാരം ഞങ്ങളുടെ മതം തന്നെയാണ്.

മനുഷ്യരോടുള്ള അനുകമ്പ അടിസ്ഥാനമാക്കി ഒരു ഭാഗത്ത് ഞങ്ങൾ പട്ടിണിയും ദാരിദ്ര്യവും നിർമാർജനം ചെയ്യാൻ ശ്രമിക്കുമ്പോൾ മറുഭാഗത്ത്, ഇക്കാര്യങ്ങൾ ലോകത്ത് ചിരകാല സമാധാനം സ്ഥാപിക്കാനുള്ള താക്കോലാണെന്നും ഞങ്ങൾ മനസ്സിലാക്കുന്നു. ജനങ്ങളുടെ അടുക്കൽ കഴിക്കാൻ ഭക്ഷണവും കുടിക്കാൻ ശുദ്ധജലവും താമസിക്കാൻ പാർപ്പിടവും കുട്ടികൾക്ക് സ്കൂളും വൈദ്യ സഹായങ്ങളും ഉണ്ടെങ്കിൽ ജനങ്ങൾക്ക് സമാധാനപരമായി നിർഭയം ജീവിക്കാൻ സാധിക്കുനന്നതാണ്. തീവ്രവാദത്തിലേക്ക് നയിക്കുന്ന അപകടകാരമായ നൈരാശ്യത്തിൽനിന്നും വെറുപ്പിൽനിന്നും അവരെ രക്ഷപെടുത്തുകയും ചെയ്യുന്നതായിരിക്കും. ഇതാണ് അടിസ്ഥാനപരമായ മനുഷ്യാവകാശങ്ങൾ. പട്ടിണിയിൽനിന്നും ദാരിദ്ര്യത്തിൽനിന്നും ജനങ്ങളുടെ ജീവൻ മോചിപ്പിക്കുന്നതുവരെ ഈ ലോകത്ത് യഥാർഥ സമാധാനം നമുക്ക് കാണാൻ കഴിയില്ല.

അസൂയയിൽനിന്നും സ്വാർഥതയിൽനിന്നും പുറത്തുവന്ന് ലോകത്ത് കഷ്ടം അനുഭവിക്കുന്ന ലോകരുടെ പ്രയാസങ്ങൾ നീക്കുന്നതിലേക്ക് മനുഷ്യകുലത്തിന്റെ ശ്രദ്ധ തിരിയട്ടെ എന്നതാണ് ഒടുവിലായി എന്റെ പ്രാർഥന. ഈ സായാഹ്നത്തിൽ ഇവിടെ എത്തിച്ചേർന്ന എല്ലാവർക്കും ഒരിക്കൽകൂടി നന്ദി പറഞ്ഞു കൊണ്ട് ഈ വാക്കുകൾക്ക് ഞാൻ വിരാമമിടാനാഗ്രഹിക്കുന്നു. വളരെ വളരെ നന്ദി!

ഹുദൂർ അൻവറിന്റെ യുനെസ്കൊ(UNESCO) പ്രഭാഷണം 7.15വരെ നീണ്ടു നിന്നു. ഒടുവിൽ ഹുദൂറിന്റെ നേതൃത്വത്തിൽ ദുആ നടന്നു.

ഹുദൂറിന്റെ പ്രഭാഷണം അവസാനിച്ചതോടെ ദീർഘനേരം സദസ്യർ സന്തോഷാധിക്യത്താൽ കൈകൊട്ടി ആഹ്ലാദം പ്രകടിപ്പിച്ചുകൊണ്ടിരുന്നു. തുടർന്ന് ഓരോരുത്തരും ഹുദൂറിനോടൊപ്പം ഫോട്ടോ എടുക്കുകയും ഹസ്തദാനം ചെയ്യുകയും ചെയ്തു. ഹുദൂർ അൻവർ അതിഥികളോട് കുശലാന്വേഷണവും നടത്തി. അതിഥികൾക്ക് ഭക്ഷണത്തിനുള്ള ഏർപ്പാടും ചെയ്തിരുന്നു. ഹുദൂറിനോടൊപ്പം എല്ലാവരും ഇതിൽ പങ്കെടുത്തു. തുടർന്ന് അരമണിക്കൂർവരെ ഹുദൂർ ഇവിടെ ചെലവഴിച്ചു. ഈ സമയത്തും അതിഥികൾ ഹുദൂറിനൊപ്പം ഫോട്ടോ എടുക്കുകയും വിവിധ കാര്യങ്ങൾ സംസാരിക്കുകയും ചെയ്തുകൊണ്ടിരുന്നു.

08.00 മണിക്ക് ഹുദൂർ സെന്റ്പ്രിക്സി(SAINT PRIX) ലെ ദാറുസ്സലാം മിഷനിലേക്ക് മടങ്ങി.ഏകദേശം 45 മിനിറ്റ് യാത്രക്കുശേഷം ഇവിടെ എത്തിയ ഹുദൂർ 09.10 – ന് മസ്ജിദ് മുബാറക്കിൽ മഗ്‌രിബ് – ഇശാഅ് ജംഅ്ആക്കി നമസ്കരിപ്പിച്ചു. ശേഷം താമസസ്ഥലത്തേക്ക് മടങ്ങി.

**അതിഥികളുടെ പ്രതികരണങ്ങൾ**

ഹുദൂറിന്റെ യുനെസ്കൊ(UNESCO) പ്രഭാഷണത്തിൽ ആകൃഷ്ടരായ ചില അതിഥികൾ അവരുടെ പ്രതികരണങ്ങൾ പ്രകടിപ്പിച്ചു:

❁ യൂബോൺ(Eaubonne) മേയർ ഗ്രിഗോയർ ഡൂബിനോട്ട് (Gregoire Dubinot) തന്റെ വികാരങ്ങൾ ഇപ്രകാരം പ്രകടിപ്പിച്ചു:

അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഗംഭീര വ്യക്തിത്വത്തിന്റേയും വളരെ വലിയ അനുകമ്പയുടേയും ഉടമയാണ്. അദ്ദേഹത്തിന്റെ പ്രഭാഷണം വളരെയധികം പ്രയോജനകരവും ചിന്തകൾക്ക് പ്രേരണ നല്കുന്നതുമാണ്. ഇത് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ യുക്തിഭദ്രതയെ സൂചിപ്പിക്കുന്നതാണ്. അഹ്മദിയ്യാ ജമാഅത്ത് ഇമാമിന്റെ ഇതേ യുക്തിയാണ് മുന്നോട്ടും വ്യാപിപ്പിക്കാൻ അദ്ദേഹം ആഗ്രഹിക്കുന്നത്. അദ്ദേഹത്തിന്റെ പ്രഭാഷണത്തിൽ മാനുഷികമായ അനുകമ്പ തുളുമ്പുന്നതായിരുന്നു.

❁ യുനെസ്കൊ(UNESCO) യിലെ മാലി അംബസിഡർ ഉമർ കേത്താ(Oumar Keita) സാഹിബ് പറയുന്നു: അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം സമാധാനത്തിന്റെ ദൂതനാണ്. സമാധാനത്തെ കുറിച്ച് ചർച്ചയാക്കാവുന്ന ശരിയായ ഇടമാണ് യുനെസ്കൊ. ഈ സമാധാനം ലോകത്താകമാനം നമ്മൾ വ്യാപിപ്പിക്കേണ്ടതുണ്ട്.

1987 മുതൽതന്നെ ഞങ്ങളുടെ രാജ്യമായ മാലിയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ സാന്നിധ്യമുണ്ട്. ഞങ്ങളുടെ രാജ്യത്തിന്റെ ഉന്നതിക്കായി വളരെയധികം പ്രവൃത്തികൾ

ഇവർ ചെയ്തു വരുന്നു. സൗഹൃദമാർഗേണ ഞങ്ങളുടെ സമൂഹത്തോടൊപ്പം ചേർന്ന് ഇവർ പ്രവൃത്തിച്ചു വരുന്നു. അഹ്മദിയ്യാ ജമാഅത്ത് ഇമാമുമായുള്ള കൂടിക്കാഴ്ചയിൽ വളരെ വലിയ സന്തോഷമുണ്ടായി. അദ്ദേഹം വിശാലവീക്ഷണം പുലർത്തുന്ന വ്യക്തിത്വമാണ്. സമാധാനം സ്ഥാപിക്കാൻവേണ്ടി ശ്രമിച്ചു വരുന്നു. മുസ്‌ലിം സമൂഹത്തിന് ഏറ്റവും അനിവാര്യമായ കാര്യമാണിത്. ആഗോള തലത്തിലുള്ള നീതിയുടേയും സഹവർത്തിത്വത്തിന്റേയും വീക്ഷണമാണ് ജമാഅത്തിന്റെ ഇമാം അവതരിപ്പിക്കുന്നത്. ലോകത്തിന് ഇതിന്റെ ശക്തമായ ആവശ്യമുണ്ട്.

✽ മാലി രാഷ്ട്രവുമായി ബന്ധമുള്ള ഫ്രാൻസിലെ കത്തോലിക്ക വിഭാഗത്തിന്റെ അസോസിയേഷൻ പ്രസിഡന്റ് ഗ്വില്ലൗമെ ഡിയാലൊ**(Guillaume Diallo)** പറയുന്നു: മുമ്പേ മുതലേ എനിക്ക് അഹ്മദികളെ കുറിച്ച് അറിയാമായിരുന്നു. എല്ലാ മതങ്ങളും ഈ സന്ദേശം ഇതരരിലേക്ക് എത്തിക്കേണ്ടതുണ്ട്. നമ്മളും സമാധാന സന്ദേശം ഇതരരിലേക്ക് എത്തിക്കേണ്ടതുണ്ട്. ഞങ്ങളും വിവിധ മതങ്ങൾക്കിടയിൽ ചർച്ചക്ക് **(religious dialogue)** ശ്രമിക്കുന്നു.

ലോകത്ത് ഇസ്‌ലാം സ്ഥാപിതമാകുകയാണെങ്കിൽ അഹ്മദിയ്യാ ജമാഅത്ത് ഇമാം സമർപ്പിക്കുന്ന കാര്യംവെച്ചു നോക്കുമ്പോൾ സർവ പ്രശ്നങ്ങളും അവസാനിക്കുന്നതായിരിക്കും. മറ്റുള്ളവരുടെ വികാരങ്ങളെ ആദരിക്കുമ്പോൾ എല്ലാ സ്ഥലത്തും സമാധനം സ്ഥാപിതമാകുന്നതാണ്. ബാഹ്യമായ ആദരവിന് വളരെ വലിയ ആവശ്യമുണ്ട്. നമ്മളിൽ നിന്ന് ഓരോരുത്തരും അവരവരുടെ മതത്തിൽ നിലനില്ക്കുന്നു. എന്നാൽ, നമുക്ക് ഒരു സമ്മിശ്ര വിശ്വാസമുണ്ട്. അത് അല്ലാഹുവിന്റെ അസ്തിത്വമാണ്.

നാറ്റോ മെമ്മോറിയൽ പ്രസിഡന്റ് മിസ്റ്റർ ബ്രെന്റൺ**(Mr.Brenton)** പറയുന്നു: ഈ പരിപാടിയിൽ പങ്കെടുത്തതിൽ വളരെ സന്തോഷമുണ്ട്. സുപ്രധാനവും ചരിത്രപരവുമായ ഒന്നാണ് ഈ സമ്മേളനം. ഇതു മുഖേന സമാധാനം, സഹവർത്തിത്വം, സാഹോദര്യം സുസ്ഥാപിതമാക്കാൻ സാധിക്കും. കൂടുതൽ കൂടുതൽ പേർ അഹ്മദിയ്യാ ജമാഅത്ത് ഇമാമിന്റെ സന്ദേശം കേൾക്കണമെന്നതാണ് എന്റെ ആഗ്രഹം. സമാധാന നിർഭരവും ക്ഷമയും ഉൾക്കൊള്ളുന്ന അധ്യാപനം നല്കുന്ന യഥാർഥ ഇസ്‌ലാമിനെയാണ് അഹ്മദിയ്യാ ജമാഅത്ത് പ്രബോധിക്കുന്നത്. ഈ സന്ദേശം തീവ്രവാദികളുടെ പ്രവർത്തനത്തിൽനിന്നു തികച്ചും വ്യത്യസ്തമാണ്. ഇവിടെ അഹ്മദിയ്യാ ജമാഅത്ത് ഇമാം സമാധാനസന്ദേശം വ്യാപിപ്പിക്കുന്നതിന്ന് വളരെ ശ്രമം നടത്തുന്നു. ഇത് വളരെ അനിവാര്യമായ കർത്തവ്യമാണ്. ഇവരെ സഹായിക്കാൻ ഞങ്ങളും തയ്യാറാണ്. നമ്മളിൽനിന്നു ഓരോരുത്തരും സമാധാന സംസ്ഥാപനത്തിന് ശ്രമിക്കേണ്ടതുണ്ട്. ഈ പ്രവൃത്തി ഓരോ രംഗത്തും ചെയ്യേണ്ടതുണ്ട്. ഇതിന്നു വേണ്ടി പ്രാവർത്തികമായ മാതൃക നമ്മൾ അവതരിപ്പിക്കേണ്ടതുണ്ട്.

✽ ഫ്രാൻസിലെ ഒരു എൻ.ജി.ഒ സംഘടനയുടെ ഡയറക്ടർ ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു:ഞങ്ങളുടെ എൻ.ജി.ഒ ആശുപത്രികൾക്കുവേണ്ടി ഫണ്ടുകൾ സമാഹരിച്ചു വരുന്നു. ഒരു അഹ്മദി വനിതയാണ് എനിക്ക് ഇവിടെ വരാൻ ക്ഷണം നല്കിയത്. ഈ മഹിള സംഘടനാപ്രവർത്തനങ്ങളിൽ ഞങ്ങളെ വളരെയധികം സഹായിച്ചു വരുന്നു. നിങ്ങളുടെ ഖലീഫയെ കണ്ടതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. വിദ്യഭ്യാസപരമായി അദ്ദേഹം പറഞ്ഞ കാര്യങ്ങളെല്ലാം വളരെ മഹത്തരമാണ്. എല്ലാ ഓരോരുത്തർക്കും അറിവ് കരസ്ഥമാക്കാൻ സമാനമായ അവസരങ്ങൾ ഉണ്ടാകേണ്ടതാണ്. ഈ സന്ദേശം സുപ്രധാനമാണ്. ഇതു കൂടാതെ ലോകത്തിന് സമാധാനത്തിന്റേയും ആവശ്യകതയുണ്ട്. സമാധാനം പല വഴികളിൽ വ്യാപിപ്പിക്കാൻ സാധിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്. ഇതിൽ നമുക്കെല്ലാം അവരവരുടെ പങ്ക് നിർവഹിക്കാൻ സാധിക്കും. ഉദാഹരണത്തിന്, സഹായിച്ചുകൊണ്ട്, നിങ്ങളെ പോലുള്ള സമ്പൂർണ ശാന്തഗംഭീരമായ ജമാഅത്തിനോടൊപ്പം ചേർന്ന് പ്രവൃത്തിച്ചു കൊണ്ട് സമാധാനത്തിനു വേണ്ടി പ്രവർത്തിക്കുന്ന നിങ്ങളെ സഹായിച്ചു കൊണ്ടും ഞങ്ങളുടെ പങ്കു നിർവഹിക്കാൻ സാധിക്കും. സ്കൂളുകളും, ആശുപത്രികളും മറ്റും നിങ്ങൾ സ്ഥാപിച്ചു വരുന്നു. കുടിവെള്ളം എത്തിക്കാൻ ശ്രമിക്കുന്നു. ഇക്കാര്യങ്ങളിൽ നിങ്ങളെ സഹായിക്കാവുന്നതാണ്. ഇക്കാര്യങ്ങളെ കുറിച്ചെല്ലാം ഇന്ന് കേൾക്കാൻ സാധിച്ചു. ഇതു വളരെ നല്ല കാൽവെയ്പാണ്. ഈ ചടങ്ങിലേക്ക് ക്ഷണിച്ചതിൽ വളരെയധികം നന്ദിയുണ്ട്.

✽ ഫ്രാൻസിൽ മനുഷ്യാവകാശ പ്രവർത്തനങ്ങൾ നടത്തുന്ന ഒരു ഫെഡറേഷൻ മെമ്പർ പറയുന്നു: എന്റെ വളരെയധികം സഹയാത്രികർ യൂറോപ്പിൽ സംഘമായി മനുഷ്യാവകാശ സംബന്ധിയായ പ്രവൃത്തികളിൽ മുഴുകിയിരിക്കുന്നു. ഇവിടെ വന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഞങ്ങളുടെ ടീമിൽ ആസ്ട്രിയായിൽനിന്നുള്ള ഒരു സുഹൃത്തുമുണ്ടായിരുന്നു. അദ്ദേഹം നിങ്ങളോടൊപ്പവും പ്രവൃത്തിക്കുന്നുണ്ട്. ഇദ്ദേഹവുമായി ഇവിടെവെച്ച് കൂടിക്കാഴ്ച നടന്നിരുന്നു. നിങ്ങളുടെ ഖലീഫയുടെ പ്രഭാഷണം വളരെ ശ്രേഷ്ഠവും ഗഹനീയവുമായിരുന്നു. അറിവിന്റെ ആവശ്യകതയെ കുറിച്ചും വ്യാപനത്തിനുവേണ്ടി നടത്തുന്ന കാൽവെയ്പുകളെ കുറിച്ചും വിശദമായി അദ്ദേഹം വിവരിച്ചു. ശാസ്ത്രചരിത്രത്തിൽ ഇസ്‌ലാം നല്കിയ സേവനങ്ങളേയും അദ്ദേഹം എണ്ണി പറഞ്ഞു. വളരെ ഹ്യദയസ്പൃക്കായ വിവരങ്ങളായിരുന്നു അത്. എന്റെകാഴ്ചപ്പാടിൽ സമാധാനം മനുഷ്യന്റെ ഹ്യദയത്തിൽനിന്നുമാണ് ആരംഭിക്കുന്നത്; സ്വന്തം വീട്ടിൽ നിന്നുമാണ് ആരംഭിക്കുന്നത്. സ്വന്തം കുടുംബങ്ങളിൽ നമ്മൾ ശാസ്ത്രപരമായ സാഹചര്യം സ്യഷ്ടിക്കേണ്ടതുണ്ട്.

✽ സിറ്റി കൗൺസിലിലെ ഒരംഗം പറയുന്നു: വിവിധ സമൂഹങ്ങൾക്കിടയിൽ നിലനില്ക്കുന്ന ഭിന്നതയ്ക്കെതിരെ പ്രവർത്തിക്കുന്ന വിഭാഗത്തിന്റെ കൗൺസിലിലെ ഇൻചാർജാണ് ഞാൻ. ഖലീഫയുടെ ഈ പരിപാടിയിൽ പങ്കെടുക്കാനാണ് ഞാനെത്തിയത്. നിങ്ങളുടെ ഇമാമിന്റെ വാക്കുകൾ ശ്രവിച്ചു. വളരെ നല്ലതായി തോന്നി. വിശിഷ്യാ സ്ത്രീകൾക്ക് അറിവ് കരസ്ഥമാക്കാൻ സമാന സാഹചര്യങ്ങൾ ഒരുക്കിയിരിക്കുന്നു എന്ന കാര്യത്തെ കുറിച്ചുള്ള പരാമർശം ഉണ്ടായി. മതങ്ങൾക്കിടയിൽ സഹവർത്തിത്വം വളരെ അനിവാര്യമായ ഒന്നാണ്. ആഫ്രിക്കയിലെ പിന്നോക്ക പ്രദേശങ്ങളിൽ വിദ്യാഭ്യാസ, ആരോഗ്യ രംഗങ്ങളിൽ ആരംഭിച്ചിട്ടുള്ള പ്രൊജക്റ്റുകളെ കുറിച്ച് അദ്ദേഹം സൂചിപ്പിച്ചു. പൊതുവെ ഫ്രാൻസിലോ ഇതര രാജ്യങ്ങളിലോ ഇസ്‌ലാമിനെ കുറിച്ച് സംസാരിക്കുമ്പോൾ വിവിധതരത്തിലുള്ള ഭയപ്പാടിനെ കുറിച്ച് സ്മരിക്കാറുണ്ട്. സമൂഹത്തിൽ ഒരുതരം ഇസ്‌ലാമോഫോബിയ നിലനില്ക്കുന്നു. ഈ സാഹചര്യത്തിൽ ഗുണപ്രദമായ ധാരാളം കാര്യങ്ങൾ ശ്രവിക്കാൻ കഴിഞ്ഞു. എനിക്ക് വളരെ സന്തോഷമുണ്ട്. എന്റെയൊരു സ്നേഹിതൻ അഹ്മദിയാണ്. അതുകൊണ്ട് ഇവിടെ വരണമെന്നും നിങ്ങളുടെ ജമാഅത്ത് എന്താണെന്നും എങ്ങനെ പ്രവൃത്തിക്കുന്നുവെന്നും നോക്കികാണണമെന്നും കൂടുതൽ കാര്യങ്ങൾ അറിയണമെന്നുമുള്ളത് എന്റെ ആഗ്രഹമായിരുന്നു.

✽ ഒരു അതിഥി: ഇത് വളരെ ഗംഭീര അവസരമായിരുന്നു. വളരെയധികം കാര്യങ്ങൾ ഇവിടെ നിന്ന് പഠിക്കാൻ കിട്ടി. വളരെ നല്ല രീതിയിൽ ഇസ്‌ലാമിന്റെ ഗുണപ്രദമായ രൂപം ഖലീഫ അവതരിപ്പിച്ചു. ചെറിയ തോതിൽ പ്രവർത്തിച്ചുകൊണ്ടും ലോകത്ത് സമാധാനം വ്യാപിപ്പിക്കാൻ സ്വന്തം പങ്ക് നിർ വഹിക്കാവുന്നതാണെന്ന കാര്യത്തിലേക്ക് അദ്ദേഹം ശ്രദ്ധ ക്ഷണിച്ചു. ആഫ്രിക്കയിൽ നടക്കുന്ന വിവിധ പ്രൊജക്റ്റുകളെ കുറിച്ച് പരാമർശമുണ്ടായി. എല്ലാ സ്ഥലത്തും സമാധാനം സ്ഥാപിക്കുക സംഭാവ്യമല്ലെന്ന് തന്നെയാണ് ഞാനും കരുതുന്നത്. എന്നാൽ നമ്മളിൽ നിന്നുള്ള ഓരോരുത്തരും പ്രാദേശിക, റീജ്യണൽ, നാഷണൽ തലത്തിൽ അവരവരുടെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുകയാണെങ്കിൽ വളരെ വലിയ വ്യത്യാസം സ്യഷ്ടിക്കാൻ സാധിക്കും. പുരുഷന്മാർക്കും സ്ത്രീകൾക്കും വിവിധ സമൂഹങ്ങൾക്കും ജനവിഭാഗങ്ങൾക്കും ഇടയിൽ പ്രത്യക്ഷമായ ആദരവും ക്ഷമയും സ്യഷ്ടിക്കേണ്ടത് അനിവാര്യമാണ്. നമ്മൾ എങ്ങനെ വിജയം കൈവരിക്കും എന്നെനിക്ക് അറിയില്ല. കാരണം ലോകത്ത് വളരെയധികം ശക്തികൾ സമാധാനത്തിനെതിരെ പ്രവർത്തിച്ചു വരുന്നു. ജനങ്ങളെ തമ്മിലടിപ്പിക്കാൻ ഇവർ ആഗ്രഹിക്കന്നു. പ്രാദേശിക തലത്തിൽ ഓരോരുത്തരും താന്താങ്ങളുടെ പങ്ക് നിർവഹിക്കാൻ ശ്രമിച്ചാൽ ലോകത്തെ സമാധാനത്തിലേക്ക് എത്തിക്കാവുന്നതാണെന്നാണ് ഞാൻ കരുതുന്നത്.

✽ അലക്സാണ്ടർ**(Alexander)** സാഹിബ് പറയുന്നു: ഖലീഫ ശാന്തി സന്ദേശം നല്കി. അദ്ദേഹത്തിന്റെ പ്രഭാഷണം സത്യസന്ധതയിൽ അധിഷ്ഠിതമായിരുന്നു. തുറന്ന നിലയിലും വ്യക്തമായും അദ്ദേഹം സംസാരിച്ചു. അഹ്മദിയ്യാ ജമാഅത്ത് അടിമത്ത വിഷയത്തെ കുറിച്ചും വിശദമാക്കി എന്നാണ് എനിക്ക് തോന്നുന്നത്. ഈ സന്ദേശം വളരെ മഹത്തരമാണ്. മുസ്‌ലിമീങ്ങളിൽനിന്നുള്ള ഒരു ചെറിയ ജമാഅത്തായ അഹ്മദികളാണ് ഈ സന്ദേശം അവതരിപ്പിച്ചത്. ഖലീഫയുമായി കൂടിക്കാഴ്ചയും നടത്താൻ എനിക്ക് സാധിച്ചു. ഇത്തരത്തിലുള്ള വ്യക്തികൾ ഈ ലോകത്ത് നമുക്ക് ആവശ്യമുണ്ട്. ഖലീഫ വളരെ ആദരണീയനായ വ്യക്തിത്വമാണ്. വളരെ സൗഹ്യദത്തോടെയാണ് എന്നെ കണ്ടത്. എനിക്ക് ഫോട്ടോ എടുക്കാനും സൗഭാഗ്യം ലഭിച്ചു. സ്മരണീയമായ ഒരു നിമിഷമായിരുന്നു എനിക്കിത്.

ഥിംക്ടാംങ്കിൽ പ്രവൃത്തിക്കുന്ന ഒരതിഥിയായ മായിനെ ഓൺഫ്രെ**(Mayine Onfray)** സാഹിബ് പറയുന്നു:യുനെസ്കൊയെവെച്ചു നോക്കുമ്പോൾ ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം വളരെ സമ്പൂർണമായിരുന്നു. ഇന്ന ഇന്ന വിഷയങ്ങളെ കുറിച്ച് ഖലീഫ സംസാരിക്കണം എന്ന എന്റെ ഹ്വദീയാഭിലാഷം അനുസരിച്ചാണ് ഖലീഫ സംസാരിച്ചത്. മാത്രമല്ല, പുരാതന കാലഘട്ടത്തിൽ ഉണ്ടായിരുന്ന മുസ്‌ലിമീങ്ങൾക്ക് ഉന്നതമായ പാണ്ഡിത്യം ഉണ്ടായിരുന്നുവെന്നും വളരെയധികം കാര്യങ്ങൾ അവർ പഠിപ്പിച്ചിരുന്നുവെന്നും അവർ നിരവധി വിജ്ഞാനങ്ങളുടെ സ്ഥാപകരായിരുന്നുവെന്നും അദ്ദേഹം വിശദീകരിച്ചു. നമ്മൾ നമ്മുടെ ഭാവി തലമുറയെ ലോകത്ത് നല്ലവരാക്കി**(perfect)** വിട്ടേച്ചു പോകണമെന്നും ഇസ്‌ലാമിക അധ്യാപനത്തിന്റെ വെളിച്ചത്തിൽ ഖലീഫ ഉൽബോധിപ്പിച്ചു. ഈ പ്രഭാഷണം അതിമഹത്തായ ടൈറ്റിലിൽ പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

ഒരതിഥി ബെർണാഡ് ഗൊഡ്ഡാർഡ് **(Bernad Goddard)** സാഹിബ് പറയുന്നു: ഇസ്‌ലാമിനെ സംബന്ധിച്ച് ടീവിയിൽ എന്തെല്ലാം പ്രോപ്പഗണ്ടകൾ നമുക്ക് കാണാൻ കഴിയുന്നോ അതിന് തികച്ചും വിരുദ്ധമായ വിവിധ ഇസ്‌ലാമിക അധ്യാപനങ്ങളാണ് ഖലീഫ അവതരിപ്പിച്ചത്. ഇതു തന്നെയാണ് യഥാർഥ ഇസ്‌ലാമും. ഞാനിന്ന് നബി(സ) തിരുമേനിയെ കുറിച്ച് മനസ്സിലാക്കി. അദ്ദേഹം ഏതു വിധത്തിലാണ് മദീനയിൽ ഒരു മഹത്തായ സമൂഹത്തെ വാർത്തെടുത്തത്? വിജ്ഞാന രംഗത്ത് ഇസ്‌ലാം എത്ര വലിയ പങ്കാണ് വഹിച്ചിരിക്കുന്നതെന്നും ലോകത്തിന് എന്തെല്ലാം അറിവുകളാണ് നല്കിയതെന്നും ഇന്നെനിക്ക് മനസ്സിലായി.

വിശുദ്ധ ഖുർആനിലേയും നബി(സ)തിരുമേനിയുടേയും ഉദാഹരണങ്ങളോടെയാണ് ഖലീഫ സാഹിബ് തന്റെ പ്രഭാഷണത്തിൽ സമാധാന സന്ദേശം നല്കിയത്. ഇത് ഇന്നത്തെ കാലഘട്ടത്തിൽ വളരെയധികം പ്രയോജനകരമാണ്.

നോൺ പ്രൊഫിറ്റ് ഓർഗനൈസേഷന്റെ ഡയറക്ടർ മിസ് ഡാനൂറ്റ **(MissDanuta)** എന്ന വനിത പറയുന്നു: വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ഖലീഫ ആവർത്തിച്ച് തന്റെ പ്രഭാഷണത്തിൽ സൂചിപ്പിച്ചു. ഇത്രയധികം വിദ്യാസത്തെ കുറിച്ച് ഖലീഫ ഊന്നി സംസാരിച്ചത് എനിക്ക് വളരെ ഇഷ്ടമായി. ഉന്നത വിജയം കരസ്ഥമാക്കുന്ന പെൺകുട്ടികൾക്ക് നിങ്ങൾ ഗോൾഡ് മെഡൽ നല്കുന്നു. ഞാൻ ഒരു ശാസ്ത്രജ്ഞയാണ്. മതനേതാക്കൾ ശാസ്ത്രത്തെ ഭയപ്പെടുമ്പോൾ ഒരു മത നേതാവ് ശാസ്ത്രത്തിന് ഇത്രയധികം ഊന്നൽ നല്കുന്നത് എന്നെ വളരെയധികം അത്ഭുതപ്പെടുത്തുകയാണ്!

✽ ഒരു അതിഥി അലക്സാണ്ടര് വിഗ്നെ**(Alaxander Vigne)** സാഹിബ് പറയുന്നു: 'നിങ്ങളുടെ ഖലീഫയുടെ പ്രഭാഷണം മഹത്തരമായിരുന്നു. ഇതിന്റെ അടിസ്ഥാനം ശാന്തിയായിരുന്നു. മുസ്‌ലിമീങ്ങൾക്ക് വളരെ എളുപ്പത്തിൽ പാശ്ചാത്യലോകവുമായി സംവദിക്കാൻ കഴിയുമെന്ന് അദ്ദേഹം തന്റെ പ്രഭാഷണത്തിൽ വിശദമാക്കുകയുണ്ടായി. ഇസ്‌ലാം മാനുഷിക മൂല്യങ്ങളെ സ്ഥാപിക്കുന്നു.'

മനുഷ്യത്വത്തെ കുറിച്ച് വളരെയധികം കാര്യങ്ങൾ ഞാൻ പഠിച്ചു. മാനവ സേവനത്തിൽ ഏതറ്റം വരെ നിങ്ങൾ മുന്നേറിയിരിക്കുന്നു എന്നത് എന്നെ വിസ്മയിപ്പിക്കുന്നു. ആഫ്രിക്കയിൽ വിദ്യാഭ്യാസവും ആരോഗ്യസംരക്ഷണവും പാവപ്പെട്ടവർക്ക് നിങ്ങളെത്തിച്ചു കൊടുക്കുന്നു. വർഗ, വർണ, മത വിശ്വാസ വിവേചനം കൂടാതെ മനുഷ്യത്വത്തെ സേവിക്കുന്നു.

✽ ഉമർ കൈറ്റ**(OUMAR KEITA)** പറയുന്നു: ഖലീഫത്തുൽ മസീഹ് ഒരു അസാധാരണ വ്യക്തിത്വമാണ്. നിങ്ങൾ സമാധാനം വ്യാപിപ്പിക്കുന്നു. അദ്ദേഹത്തിന്റെ അറിവും പ്രവിശാ

ലമാണ്. ശാന്തി സന്ദേശം നല്കിയതിന് ഞാൻ അദ്ദേഹത്തിന് ആശംസകൾ നേരുന്നു. സമാധാനത്തെ കുറിച്ച് സംസാരിക്കാൻ സാധിക്കുന്ന ഐഡിയൽ **(ideal)** സ്ഥാപനമാണ് യുനെസ്കൊ. സമാധാനമയമായ ഒരു വ്യക്തിത്വമാണ് അദ്ദേഹം. ഇന്ന് മുസ്‌ലിം സമൂഹത്തിന് ഇത്തരത്തിലുള്ള നേതാവിന്റെ ആവശ്യകതയുണ്ട്.

സമാധാനത്തിന്റേയും നീതിയുടേയും പുരുഷരൂപമായ ഒരു വ്യക്തിയുടെ സാമീപ്യത്തിലായിരുന്നു ഇന്ന് ഞാൻ. ഈ നീതിതന്നെയാണ് ഇന്നത്തെ ആവശ്യം. എല്ലാ പ്രദേശത്തും തീവ്രവാദം സ്വൈര്യം കെടുത്തിയിരിക്കുമ്പോൾ പ്രത്യേകിച്ചും.

### 2019 ഒക്ടോബർ 09 (ബുധനാഴ്ച)

രാവിലെ 6.45-ന് ഹുദൂർ മസ്ജിദ് മുബാറക്കിൽ സ്വുബ്ഹി നമസ്കരിപ്പിച്ചു. ശേഷം താമസസ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ ഓഫീസ് സംബന്ധമായ കാര്യങ്ങളിൽ വ്യാപൃതനായി.

പാരീസിൽ നിന്നു സുഡാസ് ബർഗിലേക്ക്

പാരീസ് സെന്റ് പ്രിക്സി **(Saint Prix)** ലെ ദാറുസ്സലാം മർക്കസിൽനിന്നു ഫ്രാൻസിലെ കിഴക്കൻ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന സ്ട്രാസ്ബെർഗ് **(Strasbourg)** പട്ടണത്തിലേക്കുള്ള സന്ദർശനമായിരുന്നു ഹുദൂറിന്റെ ഇന്നത്തെ പ്രോഗ്രാം. ദാറുസ്സലാമിൽനിന്നു സ്ട്രാസ്ബെർഗ് **(Strasbourg)** ലേക്ക് 513 കിലോമീറ്റർ ദൂരമുണ്ട്.

ഹുദൂറിനെ യാത്രയയക്കാൻ രാവിലെ മുതൽതന്നെ ആബാലവൃന്ദം ജമാഅത്ത് സഹോദരങ്ങൾ ഒത്തുകൂടാൻ തുടങ്ങിയിരുന്നു. 12.10 ന് ഹുദൂർ താമസസ്ഥലത്തു നിന്നു പുറത്തു വന്നു. കൈയുയർത്തി എല്ലാവർക്കും അസ്സലാമു അലയ്ക്കും പറഞ്ഞ ഹുദൂർ തുടർന്ന് ദുആക്ക് നേതൃത്വം നല്കി.

തുടർന്ന് ഹുദൂറും സംഘവും സ്ട്രാസ്ബെർഗ് **(Strasbourg)** ലേക്ക് യാത്രയായി. 165 കിലോമീറ്റർ യാത്രക്കുശേഷം 2.05-ന് ചാലോൺസ് എൻ ചാമ്പനെ **(CHALONS EN CHAMPGNE)** ജില്ലയിലെ റെയിംസ് **(Reims)** പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ലെസ് ക്രെയേറെസ് **'Les Crayeres'** ഹോട്ടലിലെത്തി. 2.30-ന് ഹുദൂർ പ്രത്യേകം സജ്ജീകരിച്ച ഹോട്ടൽ ഹാളിൽ ള്വുഹ്ർ-അസ്വ്ർ ജംആക്കി നമസ്കരിപ്പിച്ചു. ഉച്ചഭക്ഷണത്തിനു ശേഷം 03.55-ന് യാത്ര തുടർന്നു. 07.45-ന് ദീർഘമായ 348 കിലോമീറ്റർ യാത്രക്കുശേഷം സ്ട്രാസ്ബെർഗ് **(Strasbourg)** മസ്ജിദ് മഹ്ദിയിൽ ഹുദൂറും സംഘവും എത്തി ചേർന്നു. സ്ട്രാസ്ബെർഗ് **(Strasbourg)** ലെ സമീപപ്രദേശമായ ഹർട്ടിഗെയിം **(Hurtigheim)** എന്ന സ്ഥലത്താണ് മസ്ജിദ് മഹ്ദിയും ജമാഅത്ത് സെന്ററും സ്ഥിതി ചെയ്യുന്നത്.

വാഹനത്തിൽനിന്നു പുറത്തേക്ക് വന്നതും ആബാലവൃന്ദം അഹ്മദീ സ്ത്രീപുരുഷന്മാർ വളരെവലിയ ആവേശജനകമായ രീതിയിൽ ഹുദൂറിനെ വരവേറ്റു. സീമാതീതമായ സന്തോഷങ്ങളുടേയും അനുഗ്രഹങ്ങളുടേയും സുദിനമായിരുന്നു ഇവിടുത്തെ സഹോദരന്മാർക്ക് ഇന്നത്തെ ദിവസം. ഹുദൂറിന്റെ അനുഗൃഹീത പാദസ്പർശം ഇന്ന് ഈ മണ്ണിൽ സംഭവിച്ചു. അവിസ്മരണീയ ഇന്നത്തെ ദിനത്തിൽ ഓരോ സ്ത്രീയും പുരുഷനും ചെറിയവരും വലിയവരും യുവാക്കളും വൃദ്ധരും സന്തോഷത്താൽ ഉന്മത്തരായി.

പട്ടണത്തിലെ കൗൺസിലിന്റെ ഡെപ്യൂട്ടി മേയർ ക്ളൌഡ് ഗ്രിം **(Claude Grimm)** കാബിനറ്റിലെ മറ്റൊരംഗമായ സൂസി പീക്കൊ **(Suzy Piecko)** സാഹിബ് ഹുദൂറിനെ സ്വീകരിക്കാൻ എത്തിയിരുന്നു. ഹുദൂറിന് സ്വാഗതം പറഞ്ഞ ഇരുവരും ശനിയാഴ്ച നടക്കുന്ന പരിപാടിയിൽ പങ്കെടുക്കുമെന്ന് ഹുദൂറിനെ അറിയിച്ചു. ഹുദൂർ ഇരുവർക്കും നന്ദി പറഞ്ഞു. ജൻഡാ ബർദാർ അസോസിയേഷൻ പ്രസിഡന്റ് ഡെനീസ് ബാബിലോൺ **(Denise Babylon)** രണ്ട് സംഘടനാ അംഗങ്ങളായ വിമുക്തഭടന്മാരായ സേനാ ഉദ്യോഗസ്ഥരോടൊപ്പം ഹുദൂറിനെ സ്വീകരിച്ചു. അൾജീരിയയലെ യുദ്ധത്തിൽ ഇവരിരുവരും പങ്കെടുത്തിരുന്നു. ഇന്ത്യൻ സംസ്ഥാനമായ കേരളാ സ്വദേശികളാണെന്ന് ഹുദൂർ അന്വേഷിച്ചപ്പോൾ ഇരുവരും അറിയിച്ചു.

താമസസ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ 08.50-ന് മസ്ജിദ് മഹ്ദിയിൽ മഗ്‌രിബ്-ഇശാഅ് ജംആക്കി നമസ്കരിപ്പിച്ചു. ശേഷം മസ്ജിദുനോട് ചേർന്നുള്ള താമസസ്ഥലത്തേക്ക് ഹുദൂർ മടങ്ങി.

**സ്ട്രാസ്ബെർഗ് (Strasbourg) – ഒരു ലഘു വിവരണം**

സ്ട്രാസ്ബെർഗിനോടു ചേർന്നു കിടക്കുന്ന പ്രദേശത്ത് മസ്ജിദ് മഹ്ദി സ്ഥിതി ചെയ്യുന്നു. ഹർട്ടി ഹെയിം **(Hurtigheim)** എന്ന നാമത്തിൽ അറിയപ്പെടുന്ന ഈ ഭൂഭാഗം ഗ്രാന്റെസ്റ്റ് **(Grand Est)** സംസ്ഥാനത്തിലെ ബാസിറിൻ ജില്ലയിൽ സ്ഥിതി ചെയ്യുന്നു. സ്ട്രാസ്ബെർഗ് പട്ടണത്തിൽനിന്ന് 13 കിലോമീറ്റർ ദൂരെ ഇത് സ്ഥിതി ചെയ്യുന്നു. അൽസാകെ **(Alsace)** എന്നതാണ് ഗ്രാന്റെസ്റ്റിന്റെ പുരാതന നാമം. ഫ്രഞ്ച് ഭാഷയെ കൂടാതെ അൽസാഷ്യൻ **(Alsacian)** എന്ന പ്രാദേശിക ഭാഷയും ഇവിടെ നിലവിലുണ്ട്. റിൻ **(Rhi-n-)** ഈ പ്രദേശത്തെ പ്രസിദ്ധ നദിയാണ്. ഫ്രാൻസിന്റേയും ജർമനിയുടേയും അതിർത്തികളിലാണ് ഈ നദി ഒഴുകുന്നത്.

1981-ലാണ് ജർമനിയിൽനിന്നു ആദരണീയനായ മുരീദ് അഹ്മദ് സാഹിബ് ഈ പ്രദേശത്ത് ആദ്യമായി താമസമാക്കുന്നത്. വിവിധ വീടുകളിൽ ജമാഅത്തായ നമസ്കാരം നടന്നു കൊണ്ടിരുന്നു. കഴിഞ്ഞ 25 വർഷമായി ജമാഅത്ത് ഈ പ്രദേശത്ത് മസ്ജിദ് നിർമാണത്തിനുള്ള സ്ഥലം അന്വേഷിച്ചു വന്നുവെങ്കിലും വിജയിച്ചിരുന്നില്ല. എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. ചിലപ്പോൾ കൗൺസിൽ അനുവാദം നല്കാത്ത പ്രശ്നവുമുണ്ടായി.

2010-ൽ ഹുദൂറിന്റെ ഫ്രാൻസ് സന്ദർശന വേളയിൽ സ്ട്രാസ്ബെർഗിലും വന്നിരുന്നു. അൾജീരിയായിൽ നിന്നുള്ള അഹ്മദി അബ്ദുൽഹലീം സാഹിബിന്റെ വീടും ഹുദൂർ സന്ദർശിച്ചിരുന്നു. അദ്ദേഹത്തിന്റെ വീടിന്റെ ബെയ്സ് മെന്റ് **(Basement)** നമസ്കാര സെന്ററായി ഉപയോഗപ്പെടുത്തിയിരുന്നു. ഹുദൂർ ഇവിടേയും പോയിരുന്നു. ഇവിടെ മസ്ജിദ് നിർമിക്കപ്പെട്ടാലും ഈ സ്ഥലം നമസ്കാര സെന്ററായി തന്നെ നിലനിറുത്താൻ ഹുദൂർ അമീർ സാഹിബിനോട് നിർദേശിച്ചു. (തുടരും)

പേജ് 5 ൽ നിന്ന്

ച്ചിൽ വെച്ച് നമസ്കരിക്കാൻ അദ്ദേഹത്തിന് അനുവാദം നൽകി. എന്നാൽ, ഹദ്റത്ത് ഉമർ (റ) വരുംതലമുറ ക്രിസ്തീയ ദേവാലയങ്ങളിൽ അതിന്റെ പേരിൽ കടന്നുകയറ്റം നടത്തിയാലോ എന്ന് ചിന്തിച്ച് പുറത്തു നിന്നുതന്നെ നമസ്കാരം നിർവഹിച്ചു.

ഏലിയയിൽ താമസിക്കുന്ന വേളയിൽ മുസ്‌ലിം സൈന്യനേതാക്കന്മാർ ഹദ്റത്ത് ഉമറിന് ഭക്ഷണ വിരുന്നുകൾക്കുള്ള ക്ഷണം നല്കാൻ തുടങ്ങി. അവർ ഭക്ഷണം തയ്യാറാക്കി വെക്കുകയും ഹദ്റത്ത് ഉമറിനോട് അവരുടെ തമ്പുകളിൽ വന്നു ഭക്ഷണം കഴിക്കാൻ അപേക്ഷിക്കുകയും ചെയ്യുമായിരുന്നു. ഹദ്റത്ത് ഉമർ(റ)അവരുടെ ക്ഷണം മാനിച്ചുകൊണ്ട് അവിടെ പോകുമായിരുന്നു. എന്നാൽ, ഹദ്റത്ത് അബൂഉബയ്ദ അദ്ദേഹത്തെ സൽകരിച്ചിരുന്നില്ല. അപ്പോൾ ഹദ്റത്ത് അബൂഉബയ്ദയോട് അദ്ദേഹം ഇപ്രകാരം പറഞ്ഞു: 'താങ്കളെ കൂടാതെ എല്ലാ സൈന്യാധിപന്മാരും എന്നെ ഭക്ഷണത്തിന് ക്ഷണിച്ചിട്ടുണ്ട്.' അതുകേട്ട ഹദ്റത്ത് അബുഉബയ്ദ(റ) പറഞ്ഞു: 'യാ അമീറുൽമുഅ്മിനീൻ! അങ്ങയെ ഞാൻ സൽക്കാരത്തിന് വിളിച്ചാൽ അങ്ങയ്ക്ക് സ്വന്തം കണ്ണുകളെ നിയന്ത്രിക്കാനാകില്ലെന്ന് ഞാൻ ഭയപ്പെടുന്നു.' അതായത് വികാരാധീനനാവും! ഹദ്റത്ത് ഉമർ അദ്ദേഹത്തിന്റെ കൂടാരത്തിലേക്ക് പോയപ്പോൾ എന്താണ് കണ്ടത്! അവിടെ ഒന്നുമുണ്ടായിരുന്നില്ല. ഹദ്റത്ത് അബുഉബയ്ദയുടെ കുതിരയുടെ മേൽവിരിപ്പ് അദ്ദേഹം കിടക്കയായും അതിന്റെ ജീനി തലയിണയായും ഉപയോഗിക്കുകയുമായിരുന്നു ചെയ്തത്. ജീനി തലയിൽ വെച്ചും ഇരിപ്പിടമായി ഉപയോഗിച്ചിരുന്ന മേൽവിരിപ്പ് കിടക്കക്ക് പകരമായും കാണപ്പെട്ടു. അദ്ദേഹത്തിന്റെ കൂടാരത്തിന്റെ ഒരു മൂലയിൽ ഉണങ്ങിയ റൊട്ടിയുണ്ടായിരുന്നു. ഹദ്റത്ത് അബൂഉബയ്ദ അതെടുത്ത് കൊണ്ടുവരികയും ഹദ്റത്ത് ഉമറിന് മുമ്പിൽ അത് നിലത്തുവെക്കുകയും ചെയ്തു. എന്നിട്ട് കുറച്ച് ഉപ്പും ഒരു മൺപാത്രത്തിൽ വെള്ളവും കൊണ്ടുവന്നു. ആ കാഴ്ച കണ്ടപ്പോൾ ഹദ്റത്ത് ഉമർ കരഞ്ഞു പോയി. അപ്പോൾ അദ്ദേഹം അബുഉബയ്ദയെ ചേർത്ത് പിടിക്കുകയും ഇപ്രകാരം പറയുകയും ചെയ്തു: 'താങ്കൾ എന്റെ സഹോദരനാണ്.

'താങ്കളൊഴികെ എന്റെ എല്ലാ കൂട്ടുകാരും ഭൗതികമായി നേട്ടമുണ്ടാക്കിയവരും അവരിൽനിന്നു ലോകത്തിന് നേട്ടമുണ്ടാകുകയും ചെയ്തിട്ടുണ്ട്.' അപ്പോൾ അബുഉബയ്ദ പറഞ്ഞു: 'ഞാൻ അങ്ങയോട് ആദ്യമേ പറഞ്ഞിരുന്നില്ലേ? അങ്ങ് എന്റെയടുത്ത് വന്നാൽ, അങ്ങയ്ക്ക് സ്വന്തം കണ്ണുകളെ നിയന്ത്രിക്കാൻ സാധിക്കില്ലെന്ന്!'

അതിനുശേഷം ഹദ്റത്ത് ഉമർ അവിടെ നിന്നു പുറത്തിറങ്ങിജനങ്ങളുടെമുമ്പിൽനിന്നുകൊണ്ട് അല്ലാഹുവിനെ, അവൻ അർഹിക്കും വിധം സ്തുതി കീർത്തനങ്ങൾ നടത്തുകയും നബി (സ) തിരുമേനിക്കുമേൽ സ്വലാത്തും സലാമും ചൊല്ലുകയും ചെയ്തു. എന്നിട്ട് പറഞ്ഞു: 'അല്ലയോ മുസ്‌ലിമീങ്ങളേ! അല്ലാഹു നിശ്ചയമായും നിങ്ങളോട് ചെയ്ത വാഗ്ദാനം സത്യമായി പൂർത്തിയാക്കിയിരിക്കുന്നു. അവൻ ശത്രുക്കൾക്കെതിരെ നിങ്ങളെ സഹായിച്ചു. നിങ്ങളെ പല രാജ്യങ്ങളുടെയും അവകാശികളാക്കി. നിങ്ങൾക്ക് ഭൂമിയിൽ പ്രബലത നൽകി. ആയതിനാൽ നിങ്ങൾ നിങ്ങളുടെ നാഥന്റെ അനുഗ്രഹങ്ങൾക്കു നന്ദി പറയേണ്ടതുണ്ട്. നിങ്ങൾ അനുസരണക്കേടിന്റെ പ്രവർത്തനങ്ങളിൽനിന്നു വിട്ടു നിൽക്കണം. അനുഗ്രഹങ്ങൾക്ക് നന്ദികേട് കാണിക്കുന്നത് അനുസരണക്കേടാണ്. അല്ലാഹു ഏതെങ്കിലും ജനതക്ക് അനുഗ്രഹങ്ങൾ കൊടുക്കുകയും അവർ അതിന് നന്ദികേടു കാണിക്കുകയും ചെയ്താൽ പെട്ടെന്നുതന്നെ അവർ തൗബ ചെയ്ത് മടങ്ങിയില്ലെങ്കിൽ അവരുടെ അന്തസ്സ് ഇല്ലാതായിത്തീരുകയെന്നത് പതിവാണ്. അതായത് നന്ദികേടിനുശേഷം തൗബ ചെയ്യാതിരുന്നാൽ അവരുടെ സ്ഥാനമാനങ്ങളെല്ലാം തകർന്നുപോകുന്നതാണ്. അവർക്ക് ലഭിച്ച അനുഗ്രഹങ്ങൾ തിരികെ പോകുന്നതാണ്. അവർക്കുമേൽ ശത്രുക്കൾക്ക് അധീശത്വം ലഭിക്കുന്നതാണ്.' ഏലിയായിലുള്ള മിക്ക ഓഫീസർമാരും സൈന്യത്തെയും ജീവനക്കാരെയും ഒരുമിച്ച് കൂട്ടിയിട്ടുണ്ടായിരുന്നു. അതുകൊണ്ട് ഹദ്റത്ത് ഉമർ(റ) ദീർഘനാൾ അവിടെത്തന്നെ കഴിച്ചുകൂട്ടുകയും അവർക്ക് സുപ്രധാന നിർദേശങ്ങളും കല്പനകളും നൽകുകയും ചെയ്തു.

ഒരു ദിവസം ഹദ്റത്ത് ബിലാൽ(റ)അദ്ദേഹത്തിനടുത്തുവന്നു ഇങ്ങനെ പരാതി ബോധിപ്പിച്ചു: 'യാ അമീറൽ മുഅ്മിനീൻ നമ്മുടെ ഓഫീസർമാർ പക്ഷികളുടെ ഇറച്ചിയും മൈതകൊണ്ടുള്ള റൊട്ടിയുമാണ് കഴിക്കുന്നത്. എന്നാൽ, സാധാരണ മുസ്‌ലിമീങ്ങൾക്ക് നിസാരമായ ഭക്ഷണം പോലും ലഭിക്കുന്നില്ല. അപ്പോൾ ഹദ്റത്ത് ഉമർ അതെകുറിച്ച് ഓഫീസർമാരോട് വിശദീകരണം തേടി. അവരുടെ മറുപടി ഇങ്ങനെയായിരുന്നു: 'ഇവിടെ എല്ലാം കുറഞ്ഞ വിലക്കു ലഭിക്കുന്നതാണ്. ഹിജാസിൽ റൊട്ടിയും ഈന്തപ്പഴവും വാങ്ങിക്കുന്ന വിലക്ക് ഇവിടെ പക്ഷിയിറച്ചിയും മൈതയും ലഭിക്കുന്നതാണ്.' ഹദ്റത്ത് ഉമർ ആ ഓഫീസർമാരോട് നിങ്ങൾ അതൊന്നും കഴിക്കരുതെന്ന് പറഞ്ഞ് അവർക്കുമേൽ സ

മ്മർദം ചെലുത്തുന്നതിനുപകരം ഒരു കല്പന ഇപ്രകാരം പുറപ്പെടുവിക്കുകയാണ് ചെയ്തത്: 'ഗനീമത്ത് മുതലും ശമ്പളവും കൂടാതെ എല്ലാ സൈനികർക്കും റേഷനും നൽകാനുള്ള സൗകര്യം ഉണ്ടാക്കണം. ശമ്പളം കൊടുക്കുന്നതിനുപുറമെ സൈനികർക്ക് ഭക്ഷണത്തിനുള്ള സംവിധാനവും ഒരുക്കണം.' ഇതിന്റെ കൂടുതൽ വിവരങ്ങൾ ഒരിടത്ത് ഇപ്രകാരം രേഖപ്പെട്ടിരിക്കുന്നു: 'ഹദ്റത്ത് യസീദ് ബിൻ അബി സുഫിയാൻ ഇപ്രകാരം പറഞ്ഞു, 'നമ്മുടെ പട്ടണങ്ങളിലെ വിപണിനിരക്ക് വളരെ കുറവാണ്. ഇതേ കുറഞ്ഞ ചെലവിൽ ദീർഘകാലം നമുക്കു കഴിച്ചുകൂട്ടാൻ സാധിക്കുന്നതാണ്. ഹദ്റത്ത് ബിലാൽ പറയുന്ന ഈ കാര്യങ്ങളൊക്കെ തുച്ഛമായ വിലക്ക് ലഭിക്കുന്നതാണ്.' ഹദ്റത്ത് ഉമർ ഫാറൂഖ് (റ)പറഞ്ഞു: ഇതാണ് കാര്യമെങ്കിൽ എല്ലാവരും വയറു നിറയെ ഭക്ഷണം കഴിച്ചുകൊള്ളുക. നിങ്ങൾ എന്റെ മുമ്പിൽ എല്ലാ വസ്തുക്കളുടെയും വിലവിവര പട്ടിക അവതരിപ്പിച്ചതിനുശേഷമേ ഞാൻ ഇവിടെനിന്ന് പോകുകയുള്ളൂ. അതു മുന്നിൽ വെച്ചുകൊണ്ട് ഞാൻ പട്ടണങ്ങളിലും ഗ്രാമങ്ങളിലും താമസിക്കുന്ന ദരിദ്രരായ മുസ്ലിമീങ്ങൾക്ക് വേണ്ടിയുള്ള ബജറ്റ് എഴുതിത്തരാം. നിങ്ങൾ ഓരോരോ മുസ്ലിം വീടുകളിലും ആവശ്യമായത്ര ഗോതമ്പും ചോളവും തേനും ഒലിവെണ്ണയും എല്ലാം എത്തിക്കേണ്ടതാണ്. എന്നിട്ട് അദ്ദേഹം ദരിദ്രരും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരുമായ മുസ്ലിമീങ്ങളെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: 'നിങ്ങൾക്കുവേണ്ടി ഞാൻ തയ്യാറാക്കിയ പട്ടികയിലുള്ള സാധനങ്ങൾ നിങ്ങൾക്ക് കൃത്യമായി എത്തിച്ചു തരുന്നതായിരിക്കും. ഇതെല്ലം ഞാൻ നിങ്ങൾക്ക് ബയ്ത്തുൽമാലിൽ നിന്നു അയച്ചു തരുന്ന വിഹിതത്തിന് പുറമെയായിരിക്കും. ഏതെങ്കിലും നേതാവ് ഇതിൽ വീഴ്ച വരുത്തുകയാണെങ്കിൽ നിങ്ങൾ അക്കാര്യം എന്നെ അറിയിച്ചാൽ ഞാൻ അവരെ ഉടനടി സ്ഥാനഭ്രഷ്ടനാക്കുന്നതായിരിക്കും.'

ഏലിയയിൽ താമസിക്കുന്ന സന്ദർഭത്തിൽ ഒരിക്കൽ നമസ്കാരത്തിന് സമയമായപ്പോൾ ജനങ്ങൾ ഹദ്റത്ത് ബിലാലിനോട് ബാങ്ക് കൊടുക്കാൻ കൽപിക്കണമെന്ന് ഹദ്റത്ത് ഉമറിനുമേൽ സമ്മർദം ചെലുത്താൻ തുടങ്ങി. നബി(സ) തിരുമേനിക്കുശേഷം ആർക്കുവേണ്ടിയും താൻ ബാങ്ക് കൊടുക്കുന്നതല്ലെന്ന് ദൃഢനിശ്ചയം എടുത്തിരിക്കുകയാണെന്ന് ഹദ്റത്ത് ബിലാൽ ഹദ്റത്ത് ഉമർ(റ)നോട് പറഞ്ഞു. എന്നാൽ, അങ്ങയുടെ കൽപന താൻ നിറവേറ്റുന്നതാണെന്നും പറഞ്ഞു. അങ്ങനെ ഹദ്റത്ത് ഉമർ(റ)ന്റെ കൽപന പ്രകാരം ഹദ്റത്ത് ബിലാൽ ബാങ്ക് കൊടുത്തപ്പോൾ എല്ലാ സ്വഹാബാക്കൾക്കും നബി(സ) തിരുമേനിയുടെ കാലഘട്ടം ഓർമ വരികയും എല്ലാവരും വിഷമത്താൽ കരഞ്ഞു തളരുകയും ചെയ്തു. ഹദ്റത്ത് ഉമർ(റ) എത്രത്തോളം കരഞ്ഞു തളർന്നുവെന്നാൽ വളരെ നേരം അദ്ദേഹം ഏങ്ങലടിച്ചുകൊണ്ടിരുന്നു. ബയ്ത്തുൽമുഖദ്ദസിൽ നിന്നു തിരിച്ചു പോകുന്ന വേളയിൽ ഹദ്റത്ത് ഉമർ(റ)രാജ്യം മുഴുവനും സന്ദർശനം നടത്തി. അതിർത്തി പ്രദേശങ്ങളെ നിരീക്ഷിച്ച് രാജ്യ സുരക്ഷയ്ക്കുള്ള ഏർപ്പാടുകൾ ചെയ്തു.*(അൽഫാറൂഖ്, ശിബ്‌ലി നുഅ്മാനീ, പേജ് 125-126, അദാരിയ ഇസ്‌ലാമിയാത്ത് കറാച്ചി 2004) (ഫുത്തൂഹുശ്ശാം മുത്തർജിം വാള്യം 2, പേജ് 224, മക്തബ അഅ്ലാ ഹദ്റത്ത് ദർബാർ മാർക്കറ്റ്, ലാഹോർ, സെപ്റ്റംബർ 2008)(ഖുലഫായെ റാശിദീൻ പേജ് 126-127, മക്തബ റഹ്മാനിയ ലാഹോർ) (അൽഇക്തിഫാഅ് ബിമാ.....മിൻ മഗാസി റസൂലില്ലാഹി(സ)വ ഥ്ഥലാഥത്തുൽഖുലഫാഇ വാള്യം 2, ഭാഗം 1, പേജ് 295-296, ആലമുൽകുതുബ് ബെയ്റൂത്ത് 1997)*

ഹദ്റത്ത് ഉമർ(റ)ന്റെ ബയ്ത്തുൽ മുഖദ്ദസിലേക്കുള്ള ആഗമനോദ്ദേശ്യം പൂർത്തിയായി. അങ്ങനെ അദ്ദേഹം മദീനയിൽനിന്നു വന്ന അതെ വഴിയിൽക്കൂടി തിരികെ മദീനയിലേക്കും പോയി. ജാബിയയിൽ എത്തിയതിനുശേഷം കുറച്ചുനാൾ അവിടെ തങ്ങിയശേഷം തന്റെ കുതിരപ്പുറത്തുകയറി യാത്രയായി. അമീറുൽ മുഅ്മിനീൻ ഫലസ്തീനിൽ ചെയ്ത കാര്യങ്ങളെക്കുറിച്ച് ഹദ്റത്ത് അലിക്കും മറ്റു മുസ്ലിമീങ്ങൾക്കും വിവരം ലഭിച്ചു. മദീനക്കു പുറത്തുവന്നു അവർ അദ്ദേഹത്തിന് രാജകീയ വരവേൽപ് നൽകി.*(ഹദ്റത്ത് ഉമർ ഫാറൂഖ് അഅ്ളം, മുഹമ്മദു ഹുസയ്ൻ ഹയ്ക്കൽ മുത്തർജിം, പേജ് 382, പ്രസാധകർ ഇസ്‌ലാമീ കുതുബുഖാന ലാഹോർ)*

ഹദ്റത്ത് ഉമർ(റ) മസ്ജിദ് നബ്‌വിയിലേക്ക് പ്രവേശിച്ചു. മിമ്പറിനടുത്ത് രണ്ടു റക്അത്ത് നമസ്കരിച്ചതിനുശേഷം മിമ്പറിൽ കയറി. ജനങ്ങൾ അദ്ദേഹത്തിന് ചുറ്റും തടിച്ചുകൂടി. അദ്ദേഹം എഴുന്നേറ്റുനിന്ന് അല്ലാഹുവിനെ സ്തുതിച്ചു. നബി(സ) തിരുമേനിക്കുമേൽ സലാത്തും ചൊല്ലി. എന്നിട്ട് പറഞ്ഞു: 'അല്ലയോ ജനങ്ങളേ!നിങ്ങൾ അല്ലാഹുവിനെ സ്തുതിക്കാനും അവനു നന്ദിയുള്ളവരാകാനുംവേണ്ടി അവൻ ഈ ഉമ്മത്തിനുമേൽ ഒരുപാട് ഔദാര്യങ്ങൾ ചെയ്തിട്ടുണ്ട്. അവൻ ഉമ്മത്തിന്റെ സന്ദേശത്തിന് അന്തസ്സ് നൽകിയിരിക്കുന്നു. അവൻ നിങ്ങളെ എല്ലാവരെയും ഐക്യപ്പെടുത്തിയിരിക്കുന്നു. നിങ്ങൾക്കു വിജയം നൽകിയിരിക്കുന്നു. ശത്രുക്കൾക്കെതിരിൽ നിങ്ങളെ സഹായിച്ചിരിക്കുന്നു. നിങ്ങൾക്ക് കൂടുതൽ അന്തസ്സ് നല്കിയിരിക്കുന്നു. ഭൂമിയിൽ നിങ്ങൾക്കു പ്രബലത നൽകിയിരിക്കുന്നു. നിങ്ങളെ മുശ്‌രിക്കീങ്ങളുടെ പ്രദേശങ്ങളുടേയും അവരുടെ വീടുകളുടേയും അവരുടെ സ്വത്തിന്റേയും അവകാശികളാക്കി മാറ്റിയിരിക്കുന്നു. അതിനാൽ സദാസമയവും നിങ്ങൾ അവനു നന്ദി പ്രകടിപ്പിച്ചു കൊണ്ടിരിക്കുക. അത്തരത്തിൽ അവൻ നിങ്ങൾക്കു കൂടുതൽക്കൂടുതൽ നൽകുന്നതായിരിക്കും. അവൻ നിങ്ങൾക്കുമേൽ ഇറക്കിയ അനുഗ്രഹങ്ങൾക്കും നിങ്ങൾ അവനെ സ്തുതിക്കുക. അത്തരുണത്തിൽ അവൻ നിങ്ങൾക്ക് ആ അനുഗ്രഹങ്ങളെ നിലനിറുത്തി തരുന്നതായിരിക്കും. അല്ലാഹു എന്നെയും നിങ്ങളെയും അവനോട് നന്ദി ഉള്ളവരിൽ ഉൾപെടുത്തുമാറാകട്ടെ. അതിനുശേഷം ഹദ്റത്ത് ഉമർ(റ)മിമ്പറിൽ നിന്നു താഴേക്കിറങ്ങി. *(അൽഇക്തിഫാഅ് ബിമാ.....മിൻ മഗാസി റസൂലില്ലാഹി(സ)വ ഥ്ഥലാഥത്തുൽഖുലഫാഇ വാള്യം 2, ഭാഗം 1, പേജ് 305-306, ആലമുൽകുതുബ് ബെയ്റൂത്ത് 1997)*

ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ) വിവരിക്കുന്നു: 'ജെറുസലേം ഉപരോധിക്കപ്പെട്ടപ്പോൾ പാതിരിമാർ പറഞ്ഞിരുന്നത് നിങ്ങളുടെ ഖലീഫ വന്നാൽ അദ്ദേഹത്തെ ഞങ്ങൾ സന്ധി ചെയ്യാൻ അനുവദിക്കുന്നതായിരിക്കുമെന്നാണ്. ഹദ്റത്ത് ഉമർ(റ) വളരെ ലാളിത്യത്തോടെയായിരുന്നു വന്നിരുന്നത്. അദ്ദേഹവും അദ്ദേഹത്തിന്റെ ഭൃത്യനും മാറി മാറി ഒരു ഒട്ടകപ്പുറത്ത് ഊഴമനുസരിച്ച് യാത്ര ചെയ്തായിരുന്നു വന്നിരുന്നത്. അബുഉബയ്ദ(റ) അദ്ദേഹത്തോട് പറഞ്ഞു: 'അങ്ങ് വസ്ത്രം മാറുകയും കുതിരപ്പുറത്തു സവാരി ചെയ്യുകയും ചെയ്താലും.' ഹദ്റത്ത് ഉമർ(റ) അതിന് സമ്മതിച്ചുവെങ്കിലും കുറച്ചുദൂരം പിന്നിട്ടതിനുശേഷം കുതിരപ്പുറത്തുനിന്നിറങ്ങിക്കൊണ്ട് പറഞ്ഞു: 'എന്റെ വസ്ത്രവും ഒട്ടകവും എനിക്കു തിരികെ തരികെ. അതിനുശേഷം അദ്ദേഹം അവിടെയെത്തിയപ്പോൾ മതപുരോഹിതന്മാരും മറ്റും ഭയപ്പെട്ട് പട്ടണത്തിന്റെ താക്കോലുകൾ അദ്ദേഹത്തിന്റെ മുന്നിലിട്ടു കൊടുത്തു. 'ഈ സൈന്യാധിപനെ തങ്ങൾക്കു നേരിടാൻ ആകില്ലെന്ന് അവർ പറയുകയും ചെയ്തു.'*(ഹഖാഇഖുൽ ഫുർഖാൻ, വാള്യം 2, പേജ് 174)* ഈ നിലയ്ക്കാണ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ ഈ സംഭവത്തെ വിവരിച്ചിരിക്കുന്നത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇതിനെക്കുറിച്ച് പറയുന്നു: 'ജെറുസലേമിൽ ഒരു ആരാധനാലയമു ണ്ട്. അത് യഹൂദികൾക്ക് നമുക്ക്കഅ്ബഎന്നപോലെപുണ്യകേന്ദ്രമാണ്. മുസ്ലിം ഭരണ കാലഘട്ടത്തിൽ ജെറുസലേം വിജയം നടന്നപ്പോൾ ആ ആരാധനാലയത്തിൽ കയറി നമസ്കരിക്കണമെന്ന് ക്രിസ്ത്യാനികൾ ഹദ്റത്ത് ഉമറിനോട് ആവശ്യപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: ഇതിൽ ഞാൻ നമ്സകരിച്ചാൽ മുസ്ലിമീങ്ങൾ ഈ സ്ഥലത്തെ തങ്ങളുടെ ആരാധനാലയമാക്കിയാലോ എന്ന് ഞാൻ ഭയക്കുന്നു'. എന്നിട്ട് അദ്ദേഹം പുറത്താണ് നമസ്കരിച്ചത്! *(ഖുത്ബാത്തെ മഹ്മൂദ് വാള്യം 11, പേജ് 437, ഖുത്ബ ജുമുഅ 27-7-1928, ഡൽഹൗസി)*

വീണ്ടും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് എഴുതുന്നു: 'ഹദ്റത്ത് ഉമർ(റ)ന്റെ കാലഘട്ട

## കലാമുൽ ഇമാം:

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'**

*(മൽഫൂദാത്ത് വാള്യം 3, പേജ് 38)*

**ത്വാലിബെ ദുആ: K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

## കലാമുൽ ഇമാം:

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'** *(മൽഫൂദാത്ത് വാള്യം 3, പേജ് 38)*

**ത്വാലിബെ ദുആ: K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

ത്തിൽ ഫലസ്ത്വീൻ വിജയമുണ്ടായപ്പോൾ അദ്ദേഹം ജെറുസലമിലേക്ക് പോവുകയും അവിടുത്തെ പാതിരിമാർ നഗരത്തിന് വെളിയിൽവന്നു അദ്ദേഹത്തിന് താക്കോലുകൾ സമർപ്പിക്കുകയും അങ്ങ് ഞങ്ങളുടെ രാജവാണ് അങ്ങ് ഞങ്ങളുടെ ആരാധനാലയത്തിൽ വന്നു രണ്ടു റക്അത്ത് നമസ്കരിക്കണമെന്നും അപ്രകാരം തങ്ങളുടെ പുണ്യകേന്ദ്രം നിങ്ങളുടെയും പുണ്യകേന്ദ്രമാണെന്ന് അങ്ങയ്ക്ക് പൂർണ തൃപ്തി വരുന്നതാണെന്നും പറയുകയുണ്ടായി. ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'ഞാൻനിങ്ങളുടെആരാധനാലയത്തിൽനമസ്കരിക്കില്ല. കാരണം ഞാൻ മുസ്‌ലിമീങ്ങളുടെ ഖലീഫയാണ്. നാളെ പിറ്റേന്ന് മുസ്‌ലിമീങ്ങൾ നിങ്ങളിൽനിന്നു ഇത് തട്ടിയെടുക്കുകയും ഇത് തങ്ങളുടെ പുണ്യസ്ഥലമാണെന്ന് പറയുകയും ചെയ്താലോ എന്ന് ഞാൻ ഭയപ്പെടുന്നു. ആയതിനാൽ നിങ്ങളുടെ ആരാധനാലയം നിങ്ങൾക്ക് നഷ്ടപ്പെടാതിരിക്കാൻ ഞാൻ വെളിയിൽനിന്നു നമസ്കരിക്കുന്നതാണ്.'*(തഫ്സീറെ കബീർ വാള്യം 5, പേജ് 573)*

ഹിജ്റ വർഷം പതിനേഴിൽ റോമക്കാരുടെ ഭാഗത്തുനിന്നു അവസാന യുദ്ധനീക്കമുണ്ടായി. അക്കാരണത്താൽ മുസ്‌ലിമീങ്ങൾക്ക് സിറിയക്കുമേൽ പൂർണവിജയം ലഭിച്ചു. ഇസ്‌ലാമിക വിജയത്തിന് നാൾക്കുനാൾ കൂടുതൽ വ്യാപ്തി ലഭിച്ചുകൊണ്ടിരുന്നു. ഇസ്‌ലാമിക അധികാര പരിധി വിപുലമായിക്കൊണ്ടേപോയി. അതുകണ്ട അയൽ സാമ്രാജ്യങ്ങളിൽ സ്വയമേവ ഭീതി പടർന്നു. ഒരിക്കൽ തങ്ങളുടെ ഊഴമായിരിക്കുമെന്ന് ഓരോരുത്തരും കരുതി. ജസീറക്കാർ ഇറാഖിനും സിറിയക്കുമിടയിൽ അധിവസിക്കുന്നവരായിരുന്നു. യസ്ദ്ജർദ് 'റേ' എന്ന സ്ഥലത്തേക്ക് ഓടിയൊളിച്ചശേഷം ജസീറക്കാർ അയാളിലുള്ള പ്രതീക്ഷ കൈവെടിഞ്ഞു. എന്നിട്ടവർ ഹിർഖലിന് ഇപ്രകാരം എഴുതി: 'മുസ്‌ലിമീങ്ങളുമായി യുദ്ധം ചെയ്യാനും അവരെ അധിനിവേശ സ്ഥലങ്ങളിൽ നിന്നു കുടിയൊഴിപ്പിക്കാനും സമുദ്രമാർഗേണ തങ്ങൾക്ക് സഹായമെത്തിച്ചാൽ തങ്ങൾ നിങ്ങളെയും സഹായിക്കുന്നതാണ്. അതെ കുറിച്ച് ഹിർഖൽ പര്യാലോചന നടത്തിയപ്പോൾ ഒരു നഷ്ടവും അതുമൂലം ഉണ്ടാവില്ലെന്ന നിഗമനത്തിൽ അയാൾ എത്തിച്ചേർന്നു. ജസീറക്കാർ ഹിർഖലിന് രണ്ടാമതും ഇപ്രകാരം കത്തെഴുതി. അപ്പോൾ അവരുടെ ഉദ്ദേശ്യശുദ്ധി അയാൾക്ക് കളങ്കമില്ലാത്തതാണെന്ന് ബോധ്യമായി. ക്രിസ്ത്യാനികളായ അറബികൾ അക്കൂട്ടത്തിൽ മിക്കവരും തങ്ങളുടെ മതത്തിന്റെ കോന്തല മുറുകെ പിടിച്ചിരിക്കുന്നവരാണെന്നും ആ മാർഗത്തിൽ പൊരുതി മരിക്കുന്നത് ഉത്തമമാണെന്നും മനസ്സിലാക്കുന്നവരാണെന്നും ഹിർഖലിന് കാണാൻ സാധിച്ചു. ഹിർഖൽ സിറിയൻ യുദ്ധഭൂമിയിൽനിന്നു അകന്നിട്ട് ഒരു വർഷത്തിനുമേൽ ആയിരുന്നു. അതുകൊണ്ട് അയാളുടെ ഹൃദയത്തിൽ മുമ്പേയുണ്ടായിരുന്ന ഭീതി ഇല്ലാതായി തീർന്നിരുന്നു. ഒരുപാടു അതിർത്തി പ്രദേശങ്ങൾ വളരെ ദൃഢവും മുസ്‌ലിമീങ്ങളുടെ ആക്രമണത്തെ ചെറുത്തുനിൽക്കാൻ പരിപക്വവുമാണെന്ന് അയാൾ മനസ്സിലാക്കി. അതുപോലെ അയാളുടെ യുദ്ധക്കപ്പലും സുരക്ഷിതമായി നിലകൊള്ളുന്നുണ്ടായിരുന്നു. മുസ്‌ലിമീങ്ങൾ സമുദ്രത്തെയും സമുദ്രത്തിൽനിന്നു വരുന്ന എല്ലാറ്റിനെയും ഭയക്കുന്നവരാണെന്നും അയാൾക്കറിയാമായിരുന്നു. അതുകൊണ്ട് അയാളുടെ ഉദ്ദേശ്യത്തിൽ കൂടുതൽ ദൃഢത കൈവന്നു. അയാൾ ജസീറക്കാരുടെ അഭ്യർഥന അംഗീകരിക്കാൻ താൽപര്യം പ്രകടിപ്പിച്ചു. അയാൾ തന്റെ കത്തിൽ ആ ഗോത്ര വിഭാഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തുകൊണ്ട് ഇപ്രകാരം എഴുതി: 'യുദ്ധക്കപ്പലുകൾക്ക് ആജ്ഞ കൊടുത്തിരിക്കുന്നു. സൈന്യവും യുദ്ധ സാമഗ്രികളുമായി അവ അലക്സാണ്ട്രിയായിൽ നിന്നു അൻത്വാക്കിയയിലേക്ക് ഉടനെ എത്തിച്ചേരുന്നതാണ്. ഹിർഖലിന്റെ കത്ത് ലഭിച്ചപ്പോൾ ആ ഗോത്രങ്ങൾ മുപ്പതിനായിരം പേരടങ്ങുന്ന സൈന്യവുമായി ജസീറയിൽ നിന്നു ഹിംസ്വിലേക്ക് പുറപ്പെട്ടു.

ഹദ്റത്ത് അബൂഉബയ്ദക്ക് ഇക്കാര്യങ്ങളെല്ലാം അറിയാൻ സാധിച്ചു. അദ്ദേഹം ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ അഭിപ്രായത്തിനുവേണ്ടി ഖിന്നിസ്രീനിൽ നിന്നു വിളിപ്പിച്ചു. ആ രണ്ടു സൈന്യാധിപന്മാരും ചേർന്ന് ശത്രുക്കളെ നേരിടാൻ ഇസ്‌ലാമിക സൈന്യം ഒന്നടങ്കം വടക്കൻ സിറിയയിൽ ഒത്തുചേരേണ്ടതുണ്ടെന്ന് തീരുമാനിച്ചു. അങ്ങനെ അൻത്വാക്കിയ, ഹമാത്ത് , ഹലബ് അതുപോലെ സമീപ പ്രദേശങ്ങളിലുള്ള എല്ലാ പട്ടാള താവളങ്ങളിൽ നിന്നു സൈന്യങ്ങൾ ഹിംസ്വിൽ ഒത്തുചേർന്നു. ഹിർഖലിന്റെ സൈന്യം സമുദ്ര മാർഗേണ വരുന്നുണ്ടെന്ന വാർത്ത രാജ്യം മുഴുവനും പരന്നു. അപ്രകാരം ജസീറയിലെ ഗോത്ര വിഭാഗങ്ങൾ ആക്രമണത്തിന് ഹിംസ്വിലേക്ക് പുറപ്പെട്ടതും എല്ലായിടത്തും പ്രചരിച്ചു. അതുകൊണ്ട് ഓരോരുത്തരും തമ്മിൽ തമ്മിൽ അടങ്ങാത്ത ആവേശത്തോടെ ചോദിച്ചു, സീസറിന്റേയും സഖ്യകക്ഷികളുടേയും പുതിയ ആക്രമണത്തെ എന്തുകൊണ്ടാണ് ഇവർ നേരിടാൻ പോകുന്നത്? ഹിർഖലിന്റെ യുദ്ധക്കപ്പൽ അൻത്വാക്കിയയിലെത്തിയപ്പോൾ നഗരകവാടങ്ങൾ സൈനികർക്കായി തുറക്കപ്പെട്ടു. തദ്ദേശവാസികൾ മുസ്‌ലിമീങ്ങൾക്കെതിരെ തിരിഞ്ഞു. വടക്കൻ സിറിയ മുഴുവനും പ്രക്ഷോഭങ്ങൾ പൊട്ടിപ്പുറപ്പെട്ടു. നാലുഭാഗത്തുനിന്നു പ്രക്ഷോഭകാരികൾ വളഞ്ഞു ഉപരോധിച്ചതിനാൽ ഹദ്റത്ത് അബൂഉബയ്ദ ഹിംസ്വിൽ ബന്ദിയെന്ന നിലയിലായി. ശത്രുക്കൾ സമുദ്ര ഭാഗത്തുനിന്നും അതുപോലെ മരുഭൂമിയുടെ ഭാഗത്തുനിന്നും മുന്നേറ്റം നടത്തുന്നത് അദ്ദേഹം കാണുന്നുണ്ടായിരുന്നു. അദ്ദേഹം തന്റെ കൂട്ടുകാരെ ഒരുമിച്ചുകൂട്ടി. അവരോടു പറഞ്ഞു: ഈ അതീവ ഗുരുതര പരിതഃസ്ഥിതിയിൽ ഞാൻ അമീറുൽ മുഅ്മിനോട് സഹായാഭ്യർഥന നടത്തിക്കൊണ്ട് ഒരപേക്ഷ അയച്ചിട്ടുണ്ട്. ശേഷം അദ്ദേഹത്തോട് മുസ്‌ലിമീങ്ങൾ ശത്രുക്കളെ നഗരത്തിന് പുറത്തിറങ്ങി ആക്രമിക്കണോ അതോ മദീനയിൽനിന്നു വരുന്ന പോഷക സൈന്യത്തെ കാത്തിരുന്ന് കോട്ടവാതിൽ അടച്ച് യുദ്ധം തുടരുകയാണോ വേണ്ടതെന്നും തിരക്കി. ഖാലിദ് ബിൻ വലീദ് മാത്രമാണ് മൈതാനത്തുനിന്നു പുറത്തിറങ്ങി യുദ്ധം ചെയ്യാം എന്ന അഭിപ്രായം പ്രകടിപ്പിച്ചത്. മറ്റു ഓഫീസർമാരുടെയൊക്കെ അഭിപ്രായം കോട്ടയടച്ചിരുന്ന് പെട്ടെന്നുതന്നെ പോഷക സൈന്യത്തെ വരുത്തിക്കണമെന്നായിരുന്നു. കോട്ടയടച്ചിരിക്കണമെന്ന അഭിപ്രായത്തോട് ഹദ്റത്ത് അബൂഉബയ്ദ യോജിക്കുകയും പുറത്തിറങ്ങി ആക്രമിക്കണമെന്ന ഹദ്റത്ത് ഖാലിദിന്റെ അഭിപ്രായത്തോട് വിയോജിക്കുകയും ചെയ്തു. അങ്ങനെ അദ്ദേഹം തന്റെ സൈന്യത്തെ കൂടുതൽ സജ്ജമാക്കുകയും ഖലീഫക്ക് തന്റെ കൂട്ടാളികളുടെ അഭിപ്രായം എഴുതി അറിയിക്കുയും ചെയ്തു.

എന്നാൽ, ഹദ്റത്ത് ഉമർ(റ) ഒരു കാര്യം വിസ്മരിക്കാൻ തയ്യാറായിരുന്നില്ല. അതായത് അദ്ദേഹത്തിന്റെ ഖിലാഫത്തിന്റെ തുടക്ക കാലഘട്ടത്തിൽ ഇസ്‌ലാമിക മുന്നേറ്റങ്ങൾക്കു വിഘാതം സൃഷ്ടിച്ചുകൊണ്ട് പ്രകടമായ ഒരു വൻഅപകടം ഇറാഖിലെയും സിറിയയിലെയും ഇസ്‌ലാമിക വിജയ മുന്നേറ്റങ്ങൾക്കുകൂടി നേരിടേണ്ടതായി വന്നേക്കാമെന്ന സാധ്യത നിലനിൽപ്പുണ്ട്. അതുകൊണ്ട് ഹദ്റത്ത് ഉമർ(റ) ബസ്വറയേയും കൂഫയേയും ജനവാസ നിബിഡമാക്കാൻ കൽപന പുറപ്പെടുവിച്ചു. അതിനുവേണ്ടി ആ രണ്ടു പട്ടണങ്ങളിലും മുസ്‌ലിം പട്ടാള ക്യാമ്പുകളും നിർമിച്ചു. അവിടെ മുസ്‌ലിം ജനവാസം അശേഷമുണ്ടായിരുന്നില്ല. അതുകൂടാതെ മറ്റു ഏഴു പട്ടണങ്ങളിൽ ഓരോന്നിലും നാലായിരം കുതിരപ്പടയാളികളെ നിശ്ചയിക്കുകയും അടിയന്തരമായ ആവശ്യം നേരിട്ടാൽ ഉപയോഗിക്കാനായി അവരെ ആയുധ സന്നാഹങ്ങളോടെ തയ്യാറാക്കി നിറുത്തുകയും ചെയ്തു. ഹദ്റത്ത് അബൂഉബയ്ദയുടെ കത്ത് അമീറുൽ മുഅ്മിനീന് ലഭിച്ചപ്പോൾ ഹദ്റത്ത് ഉമർ മനസ്സിലാക്കിയത് മുസ്‌ലിമീങ്ങളുടെ ആ മഹാനായ സേനാധിപൻ ഒരു വലിയ അപകടത്തിൽ കുടുങ്ങിയിരിക്കുന്നതായിട്ടാണ്. അതുകൊണ്ട് പെട്ടെന്നുതന്നെ അദ്ദേഹം ഹദ്റത്ത് സഅ്ദ് ബിൻ അബി വഖാസ്വിനെ ഒരു കല്പനയുമായി അയച്ചു. ഈ സന്ദേശം ലഭിച്ചയുടൻ ഖഅ്ഖാഅ ബിൻ അംറിനെ പോഷക സൈന്യവുമായി ഹിംസ്വിലേക്ക് അയക്കണമെന്ന് ആയിരുന്നു ആ കൽപന. അബൂഉബയ്ദ(റ) അവിടെ ഉപരോധിതനാണ്. എത്രയും പെട്ടെന്ന് പരമാവധി വേഗത്തിൽ പോഷക സൈന്യം അവിടെ എത്തിച്ചേരേണ്ടതുണ്ടെന്നും എഴുതിയിരുന്നു. ഹദ്റത്ത് സഅ്ദ് അന്നുതന്നെ ആ കൽപന നിറവേറ്റി. ഖഅ്ഖാഅന്റെ നേതൃത്വത്തിൽ നാലായിരം യുദ്ധനിപുണരായ കുതിരപ്പടയാളികളടങ്ങുന്ന ഒരു സംഘം തയ്യാറാക്കപ്പെടുകയും ഹിംസ്വിലേക്ക് അവരെ അയക്കുകയും ചെയ്തു. എന്നാൽ, അവിടുത്തെ സ്ഥിതി അതിഭയാനകമായിരുന്നു. വെറും നാലായിരം പേരുമായി ശത്രുക്കളെ നേരിടാൻ ഖഅ്ഖാഅ് പോകുന്നത് മതിയായിരുന്നില്ല. കാരണം ജസീറയിൽനിന്നു ഹിംസ്വിലേക്ക് പുറപ്പെട്ട സൈന്യത്തിന്റെ അംഗബലം മുപ്പതിനായിരം ആയിരുന്നു. അതിനുപുറമെ ഹിർഖൽ സമുദ്ര മാർഗേണ അൻത്വാക്കിയയിലേക്ക് അയച്ച സൈന്യവും ഉണ്ടായിരുന്നു.

മുസ്‌ലിമീങ്ങൾ സിറിയയിലെ എല്ലാ നഗരങ്ങളിലും അവിടുത്തുകാരെ ഒതുക്കി നിറുത്തുകയാണെന്നു ഹദ്റത്ത് ഉമറിന് അറിയാമായിരുന്നു. അതുകൊണ്ടുതന്നെ ആ പട്ടണങ്ങൾ വിട്ട് അവർ ഹിംസ്വിലേക്ക് പോയാൽ സിറിയയിലെ ഇസ്‌ലാമിക സംവിധാനം ആകെ താറുമാറാകുമായിരുന്നു. അതുകൊണ്ട് അദ്ദേഹം ഖഅ്ഖാഅ്ന് കൂഫയിൽ നിന്നു പുറപ്പെടാനുള്ള കല്പന നൽകിയ

ശേഷം വേറെയും കൽപനകൾ അദ്ദേഹത്തിന് നൽകുകയുണ്ടായി. അതിൽനിന്നു അദ്ദേഹത്തിന്റെ ആസൂത്രണ മികവും ദീർഘ വീക്ഷണവും പ്രകടമാവുന്നുണ്ട്. ജസീറയിൽ നിന്നു ഹിംസിലേക്ക് വന്നിട്ടുള്ള ഗോത്രങ്ങൾ, ഇതിനുമുതിരാൻ കാരണം തങ്ങളുടെ ദേശങ്ങൾ ഇസ്‌ലാമിക ആക്രമണങ്ങളിൽ നിന്നു സുരക്ഷിതരാണെന്ന് കരുതിയായിരുന്നു. അതുകൊണ്ട് ഈ പ്രദേശങ്ങളെ ആക്രമിക്കുകയാണെങ്കിൽ ഇവർ തിരിച്ചു മടങ്ങിപോകുന്നതായിരിക്കും. അബൂ ഉബയ്ദക്കും സൈന്യത്തിനുംമേൽ സമ്മർദ്ദം കൂടി വരുകയാണ്. അതു കുറയുകയും ചെയ്യും. അതിനാൽ ഹദ്റത്ത് ഉമർ(റ), സഅ്ദ് ബിൻ അബീ വഖാസിന് ഇങ്ങനെ എഴുതി: സഅ്ദ് ബിൻ അദിയ്യുടെ നേതൃത്വത്തിൽ ഒരു സൈന്യത്തെ ജസീറ പട്ടണത്തിൽനിന്നു രഖയയിലേക്ക് അയക്കുക. ജസീറ വാസികൾ തന്നെയാണ് റോമക്കാരെ ഹിംസ് ആക്രമിക്കാൻ പ്രേരണ നൽകുന്നത്. ഇവർക്കു മുമ്പേ ഖർഖീസിയക്കാരും ഇതുപോലെ പ്രവർത്തിച്ചിരുന്നു. രണ്ടാമത്തെ സൈന്യത്തെ അബ്ദുല്ലാഹ് ബിൻ ഉത്ബാന്റെ നേതൃത്വത്തിൽ നസീബയ്നെ ആക്രമിക്കാൻ അയക്കുക. ഇവിടെയുള്ള ജനങ്ങളെയും യുദ്ധത്തിന് പ്രേരിപ്പിച്ചത് ഖർഖീസിയക്കാർ തന്നെയാണ്. ജസീറയുടെ കേന്ദ്രസ്ഥാനം ഹർറാൻ ആണ്. റുഹായിൽ പോയി അവിടെ നിന്നു ശത്രുക്കളെ പുറത്താക്കുക. ഹർറാനിലും റുഹായിലും ചെന്ന് ശത്രുക്കളെ പുറത്താക്കുക. മൂന്നാമതൊരു സൈന്യത്തെ വലീദ് ബിൻ ഉഖ്ബായുടെ നേതൃത്വത്തിൽ, ജസീറയിലെ ക്രിസ്തീയ അറബ് ഗോത്രങ്ങളായ റബീഇയ, തന്നൂഖ് എന്നിവിടങ്ങളിലേക്കും അയക്കുക. അയാള് ബിൻ ഗനമിനെ ജസീറയിലേക്കും യുദ്ധ ദൗത്യത്തിന് അയക്കുക. യുദ്ധം ഉണ്ടാവുകയാണെങ്കിൽ മറ്റു സൈന്യാധിപന്മാർ, അയാള് ബിൻ ഗനമിന്റെ കീഴിൽ പ്രവൃത്തിക്കുന്നതായിരിക്കും. അങ്ങനെ ഈ എല്ലാ സൈന്യധിപന്മാരും പുറപ്പെട്ടപ്പോൾ, ദ്വീപുവാസികൾ ഹിംസിനെ ഉപരോധിക്കുന്നത് നിറുത്തലാക്കി തിരിച്ചുമടങ്ങിപ്പോയി. സൈന്യത്തെയെല്ലാം ഒരു സ്ഥലത്ത് ഒരുമിച്ചുകൂട്ടുന്നതിനുപകരം, ശത്രു സൈന്യം ഏതെല്ലാം സ്ഥാലങ്ങളിൽനിന്നാണോ ഒരുമിച്ചുകൂടിയിരിക്കുന്നത്, ആ സ്ഥലങ്ങളിലേക്കെല്ലാം വിവിധ സൈന്യങ്ങളെ അയക്കുകയുണ്ടായി. ഇത് ഹദ്റത്ത് ഉമർ(റ)ന്റെ പോളിസി സ്ട്രേറ്റജി ആയിരുന്നു. യുക്തിനിർഭരമായ പ്രവൃത്തിയായിരുന്നു. തൽഫലമായി, ശത്രുക്കൾ, തങ്ങളുടെ ദ്വീപുകളിലേക്കും നഗരങ്ങളിലേക്കും മുസ്‌ലിമീങ്ങൾ വരുന്നതറിഞ്ഞപ്പോൾ ഉപരോധം നിറുത്തലാക്കി തിരിച്ചുപോയി. ഹദ്റത്ത് ഉമർ (റ) ഇതിൽ മാത്രം ഒതുങ്ങിയില്ല. അവിടന്ന് മനസ്സിലാക്കിയിരുന്നു, നിരന്തരം പരാജയങ്ങൾ ഏറ്റുവാങ്ങിയ ഹിർഖൽ സമുദ്രപാതയിലൂടെ സൈന്യത്തെ അയച്ചിട്ടുണ്ടെങ്കിൽ അതിനുകാരണം അദ്ദേഹത്തിന് തന്റെ ശക്തിയിൽ പൂർണവിശ്വാസമുണ്ടായതുകൊണ്ടാണ്. അദ്ദേഹത്തിന് മുസ്‌ലിമീങ്ങളെ നേരിടാനുള്ള ശക്തിയുണ്ടെന്ന ഉറച്ച വിശ്വാസമുള്ളതുകൊണ്ടാണ്. അലക്സാൺട്രിയായിൽ നിന്നു കപ്പലുകളിൽ വരുന്ന സൈന്യത്തിന്റെ കമാണ്ടറായി സ്വന്തം മകൻ ഖുസ്ഥൻത്വീനിയെ ഹിർഖൽ നിയമിച്ചത് ഇതിലേക്കുള്ള ഏറ്റവും വലിയ തെളിവാണ്.

ഹദ്റത്ത് ഉമർ(റ)ന്റെ പദ്ധതിയനുസരിച്ച് ഖഅ്ഖാഅ് ബിൻ അംറ് നാലായിരം കുതിരപ്പടയാളികളോടൊപ്പം ഹിംസിലേക്ക് പുറപ്പെട്ടു. സഹൽ ബിൻ അദിയ്യ്, അബ്ദുല്ലാഹ് ബിൻ ഉത്ബാൻ, വലീദ് ബിൻ ഉഖ്ബ അയാള് ബിൻ ഗനം എന്നിവർ ജസീറയിലേക്ക് ശിക്ഷിക്കാനായി അവരുടെ വിവിധ പട്ടണങ്ങളിലേക്കും പുറപ്പെട്ടു. ഹദ്റത്ത് ഉമർ(റ) ഹിംസിനെ ലക്ഷ്യമാക്കി മദീന വിടുകയും ജാസ്ബിയയിൽ തങ്ങുകയും ചെയ്തു. ജസീറ വാസികൾ ഹിംസിനെ ഉപരോധിക്കുന്നതിൽ റോമക്കാരെ സഹായിച്ചു. ഇറാഖിൽ നിന്നുവരുന്ന ഇസ്‌ലാമിക സൈന്യത്തെ കുറിച്ച് അവർക്ക് അറിവ് ലഭിച്ചെങ്കിലും ആ സൈന്യം തങ്ങളുടെ ജസീറയെ ആണോ ഹിംസിനെയാണോ ആക്രമിക്കുകയെന്ന് അറിയില്ലായിരുന്നു. അതുകൊണ്ട് അവർ തങ്ങളുടെ പട്ടണങ്ങളെയും സഹോദരങ്ങളേയും സഹായിക്കുന്നതിന് നിലകൊള്ളുകയും റോമക്കാരെ സഹായിക്കുന്നതിൽനിന്നു പിൻവാങ്ങുകയും ചെയ്തു.

ഒരുദിവസം ഹദ്റത്ത് അബൂഉബയ്ദ (റ) ഉണർന്നെഴുന്നേറ്റപ്പോൾ, ജസീറവാസികൾ അവരുടെ ദേശത്തേക്ക് മടങ്ങിപോയതറിഞ്ഞു. തനിക്കെതിരെ ഹിർഖലിന്റെ സൈന്യം മാത്രം ശേഷിക്കുന്നു. അദ്ദേഹം തന്റെ സൈനിക നേതാക്കന്മാരെ വിളിച്ച് ഉടൻ ആക്രമണം നടത്തണമെന്ന് പറഞ്ഞു. ഇതുകേട്ട് ഹദ്റത്ത് ഖാലിദ് ബിൻ വലീദ്, ഈ പുതിയൊരവസ്ഥ മറികടക്കാൻ അവർ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുമുമ്പേ അവരെ ആക്രമിക്കേണ്ടതാണെന്നു വളരെ സന്തോഷത്തോടെപറഞ്ഞു.ഹദ്റത്ത്അബുഉബയ്ദ(റ) സൈനികരിൽ ഒരു ആവേശോജ്ജ്വലമായ പ്രസംഗം നടത്തി. അദ്ദേഹംപറഞ്ഞു: 'മുസ്‌ലിമീങ്ങളേ! ഇന്ന് അടിപതറാതെ നില്ക്കുന്നവർ ജീവനോടെ രക്ഷപെടുകയാണെങ്കിൽ രാജ്യവും സമ്പത്തും ലഭിക്കുന്നതായിരിക്കും. ഇനി വധിക്കപെടുകയാണെങ്കിൽ ശഹാദത്തിന്റെ സമ്പത്ത് ലഭിക്കുന്നതായിരിക്കും. ഞാൻ ശപഥം ചെയ്യുന്നു. നബി(സ) പറഞ്ഞു: ആരാണോ ബഹുദൈവാരാധകനല്ലാതെ മരിക്കുന്നത് അവൻ തീർച്ചയായും സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്.' സൈന്യം മുമ്പേതന്നെ ആക്രമണത്തിന് സജ്ജരായിരിക്കുകയായിരുന്നു. അബൂ ഉബയ്ദയുടെ പ്രസംഗം അവരെ ഒന്നുകൂടി ഉത്സുകരാക്കി. ഉടനെ എല്ലാവരും ആയുധങ്ങളെടുത്തു. അബൂഉബയ്ദ സൈന്യത്തിന്റെ ഹൃദയഭാഗത്തേയും ഹദ്റത്ത് ഖലിദ് ബിൻ വലീദ് വലതുഭാഗത്തെയും ഹദ്റത്ത് അബ്ബാസ് ഇടതു ഭാഗത്തെയും നയിച്ചു മുന്നോട്ടുനീങ്ങി. ഇരുകൂട്ടർക്കിടയിലും യുദ്ധം നടന്നു. മുസ്‌ലിമീങ്ങൾക്കെതിരിൽ കുറച്ചു സമയം കൊണ്ടുതന്നെ റോമക്കാരുടെ കാലിടറി. അവർ പരാജയപ്പെട്ടു. ഖഅ്ഖാഅ് ബിൻ ഉമർ കൂഫയിലെ സൈന്യവുമായി ഹിംസിൽ വന്നപ്പോൾ യുദ്ധം കഴിഞ്ഞ് മൂന്ന് ദിവസം പിന്നിട്ടിരുന്നു. മറുഭാഗത്ത് ഹദ്റത്ത് ഉമർ(റ) ശാമിലേക്കുള്ള വഴിയിൽ ജാബിയ എത്തിയിട്ടുണ്ടായിരുന്നതേയുള്ളു! അപ്പോഴേക്കും ഹദ്റത്ത് അബൂഉബയ്ദയുടെ സന്ദേശ വാഹകനെ കണ്ടു. അദ്ദേഹം വിവരിച്ചു, ഖഅ്ഖാഅ് ഹിംസിൽ എത്തുന്നതിന് 3 ദിവസം മുമ്പേ അല്ലാഹു മുസ്‌ലിമീങ്ങൾക്ക് റോമക്കാരുടെമേൽ വിജയം നൽകി. ഖഅ്ഖാഅ്നും അദ്ദേഹത്തിന്റ സൈന്യത്തിനും യുദ്ധമുതലിൽ ഓഹരി നൽകണോ വേണ്ടയോ എന്ന് അഭിപ്രായം ആരാഞ്ഞു. ഹദ്റത്ത് ഉമറിന് സമാധാനമായി. ഈ വാർത്ത കിട്ടിയതിനുശേഷം യാത്ര തുടരേണ്ടതില്ലെന്ന് അദ്ദേഹം മനസ്സിലാക്കി. അവിടെ നിന്നു ഹദ്റത്ത് അമീനുൽ ഉമ്മത്ത് അബു ഉബയ്ദക്ക് കത്തെഴുതി. അതായത് കൂഫക്കാരെ യുദ്ധമുതലിൽ ഉൾപ്പെടുത്തുക. എന്തു കൊണ്ടെന്നാൽ അവരുടെ വരവിന്റെ വാർത്തയാണ് ശത്രുക്കളുടെ ഹൃദയത്തിൽ ഭയമുണ്ടാക്കിയത്. അത് കാരണമാണ് അവർ പരാജയപ്പെട്ടത്. അല്ലാഹു കൂഫക്കാർക്ക് നല്ല പ്രതിഫലം നൽകുമാറാകട്ടെ...അവർ അവരുടെ പ്രദേശത്തിന്റെ സംരക്ഷണം നോക്കുകയും മറ്റു പട്ടണക്കാർക്ക് സഹായം നല്കുകയും ചെയ്യുന്നു. അതിനുശേഷം മദീനയിലേക്ക് അവർ പുറപ്പെട്ടു. ഈ പരാജയത്തിനുശേഷം ഖയ്സർ വളരെയധികം നിരാശനായി. അതു കാരണം പിന്നീടൊരിക്കലും ശാമിലേക്ക് പോയിട്ടില്ല. പ്രക്ഷോഭകാരികൾ റോമൻ സൈന്യം കപ്പൽ കയറി ഓടിപോയെന്ന് അറിഞ്ഞപ്പോൾ അവരുടെ പ്രക്ഷോഭവും അവസാനിച്ചു. ഇത് ഹിജ്റ 17-ൽ നടന്ന സംഭവമാണ്. അതിന് 3 വർഷങ്ങൾക്കുശേഷമാണ് ഹിർഖൽ ഹിജ്റ 20-ൽ ക്രിസ്ത്വാബ്ദം 641-ൽ വഫാത്തായത്. ഏതായാലും ഈ വിവരണം ഇനിയും തുടരുന്നതാണ്. ഇൻശാഅല്ലാഹ് .....

ഈ നേരത്ത് ഞാൻ ചില പരേതാത്മാക്കളെ കുറിച്ചു വിവരിക്കാനും ആഗ്രഹിക്കുകയാണ്. അതിൽ ആദ്യത്തേത് ചൗദ്‌രി സഊദ് അഹ്മദ് ലഖൻ സാഹിബ് retaired സ്റ്റേഷൻ മാസ്റ്ററിന്റേതാണ്. ഇപ്പോൾ അദ്ദേഹം കനഡയിലായിരുന്നു. 86 വയസ്സായിരുന്നു. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.*

അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് അലയ്ഹിസ്സലാമിന്റെ സ്വഹാബി ഹദ്റത്ത് ചൗദ്‌രി സികന്ദർ അലി സാഹിബിന്റേയും, ഗുജ്ജർ ബീബി സാഹിബയുടേയും പൗത്രനായിരുന്നു. ഹദ്റത്ത് ചൗദ്‌രി സികന്ദർ അലി സാഹിബ് 1902 മാർച്ച് 30 ന് ഹദ്റത്ത് മസീഹ് മൗഊദ് അലയ്ഹിസ്സലാമിന്റെ കൈയിൽ ബയ്അത്ത് ചെയ്തു. 1904 മുതൽ 1928 വരെ മദ്രസ തഅ്ലീമുൽ ഇസ്‌ലാമിൽനിന്നു വിദ്യാഭ്യാസം പൂർത്തിയാക്കുവാനുള്ള തൗഫീഖ് ലഭിച്ചു. ഹദ്റത്ത് മസീഹ് മൗഊദ് അലയ്ഹിസ്സലാം തന്റെ ജീവിതത്തിൽ മദ്രസ തഅ്ലീമുൽ ഇസ്‌ലാമിൽ ഉസ്താദുമാരായി നിയമിച്ചവരിൽ ആദ്യത്തെ അധ്യാപകരിൽ പെട്ട ആളായിരുന്നു ചൗദ്‌രീ സയീദ് സാഹിബ്. അദ്ദേഹത്തിന്റെ പൗത്രനായിരുന്നു. ചൗദ്‌രീ സയീദ് സാഹിബിനും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ദീനി സേവനങ്ങൾക്ക് അവസരങ്ങൾ ലഭിച്ചപ്പോഴൊക്കെ സേവനം ചെയ്യാറുണ്ടായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയ്ക്കു പുറമെ 6 ആൺമക്കളും 3 പെൺമക്കളുമുണ്ട്. എല്ലാ കുട്ടികൾക്കും ഏതെങ്കിലുമൊക്കെ രീതിയിൽ പിതാവിന്റെ തർബിയ്യത്തിന്റെ ഫലമായി ജമാഅത്തിന്റെ സേവനത്തിനുള്ള തൗഫീഖ് ലഭിച്ചു കൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ഒരു മകൻ ഫഹീം അഹ്മദ് ലഖൻ കെനിയയിൽ ജമാഅത്തിന്റെ മുറബ്ബിയാണ്. അവിടെ സേവനത്തിനുള്ള തൗഫീഖ് ലഭിച്ചുകൊണ്ടിരിക്കുന്നു. പ്രവർത്ത

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 04 November 2021 Issue-44

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

ന മേഖലയിൽ ആയിരുന്നതുകൊണ്ട് പിതാവിന്റെ ജനാസയിൽ പങ്കെടുക്കാൻ സാധിച്ചില്ല. അല്ലാഹു അദ്ദേഹത്തിന് ക്ഷമയും സ്ഥൈര്യവും പ്രദാനം ചെയ്യുമാറാകട്ടെ. മർഹൂമിനോട് മഗ്ഫിറത്തോടും കരുണയോടുംകൂടി പെരുമാറട്ടെ. മർഹൂം ദീനിനോട് വളരെ ആത്മാഭിമാനമുള്ള ആളായിരുന്നു. വിദ്യാഭ്യാസ കാലഘട്ടത്തിൽ 1953-ൽ സമന്ദരി പട്ടണത്തിലെ ഹൈസ്കൂളിൽവെച്ചു നടന്ന മജ്ലിസ് അഹ്റാറിന്റെ ജൽസയിൽ മറ്റു അനഹ്മദി വിദ്യാർഥികളോടൊപ്പം പങ്കെടുത്തിരുന്നു. അത്വാഉല്ലാഹ് ശാഹ് ബുഖാരി, ഹദ്റത്ത് മസിഹ് മൗഊദ് അലയ്ഹിസ്സലാമിനെതിരിൽ മോശമായ ആരോപണങ്ങൾ ഉന്നയിച്ചു. മസീഹ് മൗഊദ് അലയ്ഹിസ്സലാമിനു നേരെ മോശമായ വാക്കുകൾ ഉപയോഗിച്ചു. അപ്പോൾ സയീദ് സാഹിബ് പെട്ടെന്നെഴുന്നേറ്റുനിന്നു ആ മൗലവിയെ വെല്ലുവിളിച്ചു. പ്രസംഗത്തിന് ഇടയിൽത്തന്നെ നിങ്ങൾ കളവു പറയുകയാണെന്ന് പറഞ്ഞ് നിരുദ്ധകണ്ഠനാക്കി. അപ്പോൾ ആ മൗലവി പറഞ്ഞു, ആ മിർസായിയെ പിടിച്ചു അടിക്കുക. അദ്ദേഹത്തിനു നേരെ കഠിനമായ മർദനം അഴിച്ചുവിട്ടു. എന്നാൽ, ആ ജൽസയിൽ കോലാഹലമുണ്ടായി. ജൽസ അലങ്കോലപ്പെട്ടു. എപ്പോഴും മക്കളെ ഉപദേശിക്കാറുണ്ടായിരുന്നു അഹ്മദിയ്യത്തിന്റെ കാര്യം വരുമ്പോൾ ഒരിക്കലും പിൻവലിയുകയോ ഭയപ്പെടുകയോ ചെയ്യരുതെന്ന്!

രണ്ടാമത്തെ സ്മരണ മുഹമ്മദ് ശിഹാബുദ്ദീൻ സാഹിബ് നാഇബ് അമീർ ബംഗ്ലാദേശിന്റേതാണ്. അദ്ദേഹം ജൂലായി 12 ന് വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. 18 വയസ്സ് പ്രായത്തിൽ അതായത് 1964-ൽ ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിലാണ് ബയ്അത്ത് ചെയ്തത്. മർഹൂം മൂസിയായിരുന്നു. ജമാഅത്തിന്റെ ദീർഘകാല സേവകനായിരുന്നു. ഒരുപാട് ഗുണങ്ങൾക്ക് ഉടമയായിരുന്നു. ഖിലാഫത്തിനെ അങ്ങേയറ്റം സ്നേഹിക്കുന്ന ആളും, വിശ്വാസിയും, വിശ്വസ്തനും, മൗന പ്രകൃതക്കാരനും ജമാഅത്തിന്റേയും നിളാമിന്റേയും പ്രാധാന്യം നല്ലവണ്ണം മനസ്സിലാക്കിയ ആളുമായിരുന്നു. തന്റെ വഫാത്തിനുമുമ്പേ വസിയ്യത്തിന്റെ കണക്കുകളെല്ലാം ക്ലിയർ ആക്കിയിരുന്നു. അദ്ദേഹത്തിന്റെ മൂത്ത മകൻ ശംസുദ്ദീൻ മഅ്സൂം സാഹിബ് ജമാഅത്തിന്റെ മുറബ്ബിയാണ്. മർഹൂം പിതൃവ്യന്റെ തബ്ലീഗ് കൊണ്ടാണ് അഹ്മദിയ്യത്ത് സ്വീകരിച്ചത്. തന്റെ വീട്ടിൽനിന്ന് ശക്തമായ എതിർപ്പ് നേരിടേണ്ടി വന്നു. ക്ഷമയോടും സ്ഥൈര്യത്തോടും കൂടി 1963- ൽ കുറച്ചു മാസം എല്ലാ എതിർപ്പുകളും സഹിച്ചു. പിന്നീട് വീട് ഉപേക്ഷിച്ച് ആദ്യം ധർമൻ ബഡിയായിലും പിന്നീട് ധാക്കയിലും വന്ന് താമസമാക്കി.

പിന്നീട് അദ്ദേഹത്തിന്റെ വിവാഹം പഴയ ഒരു അഹ്മദി കുടുംബത്തിൽ നടന്നു. അദ്ദേഹത്തിന്റെ ഒരു ഗുണം ഉള്ളതിൽ തൃപ്തൻ എന്നതായിരുന്നു. ഉള്ളതിൽ തൃപ്തിപ്പെടുകയും, ക്ഷമയുള്ളവനും നന്ദി ഉള്ളവനുമായി ജീവിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ വിശ്വസ്തത കാരണം അനഹ്മദി കച്ചവടക്കാർ പോലും അദ്ദേഹത്തെ വളരെ യധികം ബഹുമാനിക്കുമായിരുന്നു. എല്ലാവരും അദ്ദേഹത്തെ ഇക്കാരണംകൊണ്ട് നന്മയുള്ളവനും നേരായ രീതിയിൽ കച്ചവടം ചെയ്യുന്ന ആളുമായി മനസ്സിലാക്കിയിരുന്നു. അല്ലാഹു അദ്ദേഹത്തോട് മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ.

അടുത്ത സ്മരണ റാഉൽ അബ്ദുല്ലാഹ് സാഹിബ് അർജന്റയ്നിന്റേതാണ്. അർജന്റയ്ൻ നിവാസി ആയിരുന്നു. സെപ്റ്റംബർ 6 ന് വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ അവിടുത്തെ ജമാഅത്തിന്റെ മുറബ്ബി സാഹിബ് എഴുതുന്നു: അദ്ദേഹം അർജന്റയ്നിലെ ആരംഭ കാലത്തെ അഹമദികളിൽ പ്പെട്ടയാളാണ്. അർജന്റയ്ൻ പുതിയ ജമാഅത്താണ്. കുറച്ചു വർഷങ്ങൾക്കു മുമ്പേയാണ് ആരംഭിച്ചത്. ജമാഅത്ത് അഹ്മദിയ്യയെ കുറിച്ചു അദ്ദേഹത്തിന് ആദ്യമായി സന്ദേശം ലഭിച്ചത് 2018 ലെ ഒരു ബുക് ഫെയറിലൂടെയാണ്. ജമാഅത്തുമായി ബന്ധം സ്ഥാപിച്ചപ്പോൾ അദ്ദേഹത്തിന്റെ അനഹ്മദി മുസ്ലിം സുഹൃത്തുക്കൾ ജമാഅത്തിനോട് വെറുപ്പുണ്ടാക്കാൻ ആഗ്രഹിച്ചു. എന്നാൽ, അദ്ദേഹം പ്രോഗ്രാമുകളിൽ കൃത്യമായി പങ്കെടുക്കുമായിരുന്നു. എന്തായാലും അദ്ദേഹത്തിന്റെ ഹൃദയത്തിൽ സുഹൃത്തുക്കളുടെ പ്രഭാവം കാരണം ചില സംശയങ്ങൾ ഉണ്ടായിരുന്നു. അത് ദൂരീകരിക്കുന്നതിന് ഡഗ ജൽസയിൽ പങ്കെടുത്തു. സ്വന്തം ചെലവിലാണ് ഇവിടെ വന്നത്. ഞാനുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. കൂടിക്കാഴ്ചക്കുശേഷം അദ്ദേഹത്തിന്റെ സംശയങ്ങളെല്ലാം ദൂരീകരിക്കപ്പെട്ടു.പരിപൂർണ്ണ തൃപ്തനായി. ബയ്അത്തും ചെയ്തു. ബയ്അത്തിനു മുമ്പേയും യഥാർഥത്തിൽ ഇദ്ദേഹം അഹ്മദി തന്നെയായിരുന്നു. ജനങ്ങൾക്ക് അഹ്മദിയ്യത്തിന്റെ തബ്ലീഗ് ചെയ്യുമായിരുന്നു. എന്നാൽ, ബയ്അത്ത് ഇവിടെ വന്നിട്ടാണ് ചെയ്തത്. അദ്ദേഹത്തിന്റെ കുടുംബത്തിലെ ഏക മുസ്ലിമായിരുന്നു. അദ്ദേഹത്തിന്റെസുഹൃത്തുക്കൾഅവസാനനിമിഷംവരെ അദ്ദേഹത്തെ ജമാഅത്തിൽനിന്ന് അകറ്റിക്കൊണ്ടുപോകാൻ ശ്രമിച്ചിരുന്നു. എന്നാൽ, സ്ഥൈര്യത്തോടെ ജമാഅത്തിൽ അദ്ദേഹം നിലകൊണ്ടു. ജമാഅത്തിനുവേണ്ടി വലിയ ആത്മാഭിമാനമുള്ള ആളായിരുന്നു എപ്പോഴും ബന്ധുക്കളുടെയും അന്യരുടെയും മുമ്പിൽ അഭിമാനത്തോടെ താൻ അഹ്മദിയാണെന്ന് പരിചയപ്പെടുത്തുമായിരുന്നു. ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ നിഷ്കളങ്കതയോടെയും, വളരെ ആവേശത്തോടെയും പങ്കെടുക്കുമായിരുന്നു. അല്ലാഹു അദ്ദേഹത്തോട് മഗ്ഫിറത്തോടും കാരുണ്യത്തോടും കൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ അടുത്ത ബന്ധുക്കൾക്കും, സുഹൃത്തുക്കൾക്കും അഹ്മദിയ്യത്ത് സ്വീകരിക്കാനുള്ള തൗഫീഖ് നല്കുമാറാക്കട്ടെ.

നമസ്കാരങ്ങൾക്കുശേഷം ഇവരുടെ ജനാസ ഗാഇബ് നമസ്കരിക്കുന്നതാണ്.

വിവർത്തനം: പി.കെ.അംനാസ്

പേജ് 1 ൽ നിന്ന്

പിന്നീട് മരിക്കുകയും ചെയ്യുന്നതിനുവേണ്ടി മാത്രമാകും. ഈ വിചാരം ബുദ്ധിക്കു നിരക്കാത്തതാണ്. ഇത്രമാത്രം വലിയ വ്യവസ്ഥിതി സൃഷ്ടിക്കുക എന്നത് ഒരു വലിയ ഉദ്ദേശ്യത്തോടെയാകാനെ തരമുള്ളു. ആ ഉദ്ദേശ്യം പൂർത്തിയാകുന്നത് ഈ ലോകത്ത് കാണുക യില്ല. അതുകൊണ്ട് തീർച്ചയായും മനുഷ്യന്റെ ജീവിതം ഈ ഇഹലോകംകൊണ്ടുമാത്രം അവസാനിക്കാൻ പാടില്ല. പ്രത്യുത ഈ വ്യവസ്ഥിതിയുടെ വലുപ്പമനുസരിച്ച് ഒരു ദീർഘമായ കാലംവരെ തുടർന്നു പോകേണ്ടതാണ്. അതിൽ അവർ ഈ വ്യവസ്ഥിതിയുടെ വലുപ്പമനുസരിച്ച് ഉന്നതസ്ഥാനം പ്രാപിക്കേണ്ടതുണ്ട്.

ചിന്തിക്കുകയാണെങ്കിൽ മുഴുവൻ വ്യസ്ഥിതിയും അവിടെ നില്ക്കട്ടെ, അല്ലാഹു ചെറുതിൽ ചെറുതായ വസ്തുവിൽതന്നെ അവസാനിക്കാത്ത നിലയിലുള്ള രഹസ്യങ്ങൾ വെച്ചിട്ടുള്ളതായി മനസ്സിലാകും. മനുഷ്യശരീരംതന്നെ എടുക്കുക. അതിന്റെ വ്യവസ്ഥിതി എത്രമാത്രം വ്യാകീർണമാണ്. ആയിരക്കണക്കിന് ലക്ഷക്കണക്കിന് ഡോക്ടർമാരും ശാസ്ത്രവിശദീകരണത്തിന്റെ വിദഗ്ധരും അതിന്റെ യാഥാർഥ്യം അറിയാൻ മുഴുകിയിരിക്കുകയാണ്. പക്ഷേ, ഇതുവരെ മനുഷ്യശരീരവുമായി ബന്ധപ്പെട്ട കാര്യങ്ങളെ പ്പോലും വലയം ചെയ്യാൻ അവർക്കു കഴിഞ്ഞിട്ടില്ല. വിശുദ്ധ ഖുർആൻ ഇറങ്ങിയ കാലത്തിനുശേഷം യൂറോപ് ശാസ്ത്രരംഗത്ത് അതിരറ്റ ശ്രേഷ്ഠത കൈവരിച്ചു. എന്നാൽ, ഇന്നുവരെ മനുഷ്യശരീരത്തെ സംബന്ധിച്ചുള്ള പൂർണമായ അറിവ് കരസ്ഥമാക്കാൻ കഴിഞ്ഞിട്ടില്ല. അപ്പോൾപ്പിന്നെ ഇത്രമാത്രം വിശാലമായ നിയമങ്ങളിൽ ഏതൊന്നിന്റെ അടിത്തറയിടപ്പെട്ടുവോ അതിന്റെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യത്തെ ഇത്രമാത്രം നിസ്സാരമാക്കുക എന്നത്- ഖിയാമത്തിന്റെ നിഷേധികളാക്കുന്നതു പോലെ- എങ്ങനെ ബുദ്ധിപരമായി മനസ്സിലാക്കപ്പെടാനാണ്. ഇതേപ്രകാരം ഈ വ്യവസ്ഥിതി പ്രവാചകന്മാരുടെ വിജയത്തിലേക്കും അവരുടെ ശത്രുക്കളുടെ നാശത്തിലേക്കും വഴി തെളിക്കുന്നു. ആകാശവുമായുള്ള ബന്ധത്തിൽനിന്ന് ഭൂമിയെ വേർപ്പെടുത്തിയാൽ അതിന്റെ അവസ്ഥ പിന്നെന്തായിത്തീരും. ഒരു ദിവസംപോലും അതിന് നിലനില്ക്കാൻ സാധിക്കുകയില്ല. അതിനാൽ ആത്മീയാകാശവുമായുള്ള ബന്ധം വിച്ഛേദിച്ച് രക്ഷപെടാമെന്നു കരുതുന്നവർ എത്രമാത്രം അന്ധരാണ്? എപ്രകാരം ഈ സമ്പൂർണവ്യവസ്ഥിതിയുടെ ഭാഗമായിരുന്നുകൊണ്ടുതന്നെ ഭൂമിയ്ക്ക് സുരക്ഷിതമായിരിക്കാൻ കഴിയുമോ അതേപ്രകാരം ആത്മീയവ്യവസ്ഥിതിയുടെ ഭാഗമായിരിക്കുന്നതിലൂടെ തന്നെയാണ് മനുഷ്യന് നാശത്തിൽനിന്ന് രക്ഷപ്പെടാൻ സാധിക്കുന്നത്. ഇല്ലെങ്കിൽ അവന് രക്ഷപ്പെടാൻ ഒരു വഴിയുമില്ല. പ്രത്യേകിച്ചും അവൻ ഈ വ്യവസ്ഥിതിയുടെമേൽ ആക്രമണം നടത്തുന്നവൻകൂടിയാകുമ്പോൾ, അവന്റെ മോക്ഷം അസംഭാവ്യംതന്നെയായിരിക്കും!അതുകൊണ്ട് ആത്മീയകാശവുമായി ബന്ധം വിച്ഛേദിച്ചിട്ടുള്ള കാരണത്താൽ അവരുടെ വിഭവങ്ങളൊന്നും അവർക്ക് പ്രയോജനപ്പെടുകയില്ലെന്ന് നബി(സ)തിരുമേനിയുടെ നിഷേധികളോടു പറയപ്പെട്ടിരിക്കുന്നു. എന്നല്ല ഇപ്പോൾ അവരുടെ നാശത്തിന്റേയും മുസ്ലിമീങ്ങളുടെ അഭിവൃദ്ധിയുടേയും സമയം വന്നെത്തിയിരിക്കുന്നു.*(തഫ്സീറെ കബീർ വാള്യം 4, പേജ് 107, ഖാദിയാൻ പ്രസിദ്ധീകരണം)*

❖❖❖

www.alislam.org

Al Islam - Official website of Ahmadiyya Muslim Community

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin